بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 3

ലക്കം 8

# ബദർ

വീക്കിലി ഖാദിയാൻ

The weekly
BADAR Qadian
Malayalam

വാർഷിക വരിസംഖ്യ 300 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2018 ഫെബ്രുവരി 22/ഹി:ശം:1397 തബ്ലീഗ് 22/ഹി:ഖ:1439 ജമാദുൽആഖിർ 05


## അല്ലാഹുവിന്റെ വചനം

كُلُوۡا وَاشۡرَبُوۡا مِنۡ رِّزۡقِ اللّٰہِ وَلَا تَعۡثَوۡا فِی الۡاَرۡضِ مُفۡسِدِیۡنَ

(سورۃ البقرہ :61)

*കുലൂ വശ്‌റബൂ മിൻർരിസ്ഖില്ലാഹി വലാ തഅ്ഥവ് ഫിൽഅർളി മുഫ്സി ദീൻ*

അല്ലാഹു നല്കിയിട്ടുള്ളതിൽനിന്ന് നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്യുക. നാശകാരികളായി നിങ്ങൾ ഭൂമിയിൽ കുഴപ്പമുാക്കരുത് (2:61)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## ഇക്കാലഘട്ടത്തിൽ ഇമാമുസ്സമാൻ അഥവാ കാലഘട്ടത്തിന്റെ ഇമാം ഞാനാണെന്ന് നിർഭയം പറയുന്നു. അദ്ദേഹത്തെ പിൻപറ്റുക എന്നത് എല്ലാ മുസ്‌ലീംകൾക്കും നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. ഞാൻ ആത്മീയമായ നലയിൽ കുരിശുടയ്ക്കുന്നതിനുവേണ്ടിയും അതുപോലെതന്നെ അഭിപ്രായ ഭിന്നതകൾ അകറ്റുന്നതിനുവേണ്ടിയും അയക്കപ്പെട്ടിരിക്കുന്നു.

### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

"ഇക്കാലഘട്ടത്തിൽ ഇമാമുസ്സമാൻ അഥവാ കാലഘട്ടത്തിന്റെ ഇമാം ആരാണ്? അദ്ദേഹത്തെ പിൻപറ്റുക എന്നത് എല്ലാ മുസ്‌ലീംകൾക്കും ത്യാഗികൾക്കും സ്വപ്നങ്ങൾ ദർശിക്കുന്നവർക്കും ഇൽഹാം ഉണ്ടാകുന്നവർക്കും അല്ലാഹവിൽനിന്ന് നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ഞാൻ ഈ നേരത്ത് നിർഭയം പറയുന്നു:അല്ലാഹുവിന്റെ കൃപയും അനുഗ്രഹവുംകൊണ്ട് ഈ കാലഘട്ടത്തിന്റെ ഇമാം ഞാനാകുന്നു. എന്നിൽ അല്ലാഹു ആ എല്ലാ അടയാളങ്ങളും എല്ലാ നിബന്ധനകളും ഒരുമിച്ചു കൂട്ടിയിരിക്കുന്നു. ഈ നൂറ്റാണ്ടിന്റെ തലയ്ക്കൽ എന്നെ നിയോഗിച്ചയച്ചു. അതിൽനിന്ന് 15 വർഷം കഴിയുകയും ചെയ്തു. ഇസ്‌ലാമിക വിശ്വാസാദർശങ്ങൾ ഭിന്നതകൾകൊണ്ടു നിറഞ്ഞിരുന്ന കാലത്താണ് ഞാൻ വെളിപ്പെട്ടത്. ഒരു വിശ്വാസവും ഭിന്നതയിൽനിന്ന് ഒഴിവായിരുന്നില്ല. അപ്രകാരം തന്നെ മസീഹിന്റെ ഇറക്കത്തെ സംബന്ധിച്ചും തെറ്റായ കാര്യങ്ങൾ വ്യാപിച്ചിരുന്നു. വിശ്വാസത്തിലുണ്ടായ ഭിന്നത എന്തായിരുന്നുവെന്നാൽ ചിലർ ഈസാ മരിച്ചുവെന്നും ചിലർ ജീവിച്ചിരിക്കുന്നുവെന്നും വിശ്വസിക്കുന്ന അവസ്ഥയായിരുന്നു. ചിലർ ശരീരത്തോടു കൂടി ഇറങ്ങുമെന്ന് വിശ്വസിച്ചു. ചിലർ അദ്ദേഹത്തിന്റെ പ്രതിബിംബമെന്ന നിലയിൽ ഇറങ്ങുമെന്ന് വിശ്വസിച്ചു. ചിലർ ഡമാസ്കസിൽ അദ്ദേഹത്തെ ഇറക്കുകയായിരുന്നു;ചിലർ മക്കയിൽ;ചിലർ ബയ്ത്തുൽ മുഖദ്ദസിൽ; ചിലർ ഇസ്‌ലാമിക സൈന്യത്തിൽ; ചിലർ വിചാരിച്ചിരുന്നത് ഇന്ത്യയിൽ ഇറങ്ങുമെന്നാണ്. ഈ എല്ലാ വിഭിന്നാഭിപ്രായങ്ങളും വിവിധ വാക്യങ്ങളും ഒരു വിധിപറയേണ്ടുന്ന നീതിമാനായ വിധികർത്താവിനെ ആഗ്രഹിച്ചിരുന്നു. ആ വിധികർത്താവ് ഞാനാകുന്നു. ഞാൻ ആത്മീയമായ നിലയിൽ കുരിശുടയ്ക്കുന്നതിനുവേണ്ടിയും അതുപോലെതന്നെ അഭിപ്രായ ഭിന്നതകൾ അകറ്റുന്നതിനുവേണ്ടിയും അയക്കപ്പെട്ടിരിക്കുന്നു."(ളറൂരത്തുൽ ഇമാം, റൂഹാനീ ഖസാഇൻ വാല്യം 13 പേജ് 495)

(2017-ൽ നടന്ന 123-ാമത് ജൽസസാലാനയുടെ സംക്ഷിപ്ത റിപ്പോർട്ട്(തുടങ്ങിയതുമുതൽ 126-ാമത്)

## അഹ്മദിയ്യാകേന്ദ്രമായ ഖാദിയാൻ ദാറുൽഅമാനിൽ 123-ാമത് ജൽസസാലാന വിജയകരമായനിലയിൽ സമാപിച്ചു.

**മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യാ ഇന്റർനാഷണൽ മുഖേന സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലായുടെ അത്യുജ്ജ്വലമായ ആത്മീയ പ്രഭാഷണം.**

**●44 രാജ്യങ്ങളിൽനിന്ന് പ്രതിനിധികൾ. 20,048 പേർ ജൽസയിൽ പങ്കെടുത്തു.**

**●ഹുദൂറിന്റെ സമാപന പ്രഭാഷണത്തിൽ ലണ്ടനിൽ 5300 പ്രതിനിധികൾ സന്നിഹിതരായി.**

**●തഹജ്ജുദ് നമസ്കാരം. ●ദർസുൽഖുർആൻ. ●ദിക്റെ ഇലാഹിയുടെ തികവാർന്ന അന്തരീക്ഷം. ●ആദരണീയരായ ആലീംകളുടെ ഉജ്ജ്വല പ്രസംഗങ്ങൾ. ●സർവമത സമ്മേളനം. ●അതിഥികളുടെ പരിചയപ്പെടുത്തൽ ഭാഷണം. ●ദേശീയവും അന്തർദേശീയവുമായ ഭാഷകളിൽ പരിഭാഷ. ●അഹ്മദികളുടെ അറിവുകളിൽ വർധനവരുത്തുന്നതിന് ശിക്ഷണപരമായ കാര്യങ്ങളടങ്ങിയ ഡോക്യുമെന്ററികളും പ്രദർശനങ്ങളും. ●32 വിവാഹ വിളംബരങ്ങൾ. ●പ്രിന്റ്-ഇലക്ട്രോണിക് മാധ്യമങ്ങളിൽ ജൽസയുടെ കവറേജ്. ●സമാധാനപരവും സന്തോഷഭരിതവുമായ അന്തരീക്ഷത്തിൽ ജൽസയ്ക്ക് സമാപനം. ●ഡിസംബർ 20 മുതൽ 22വരെ എം.ടി.എ ഇന്റർ നാഷണൽ ഖാദിയാൻ സ്റ്റുഡിയോയിൽനിന്ന് അറബി പ്രോഗ്രാം "ഇസ്മഊ സ്വൗത്തസ്സമാ ജാഅൽ മസീഹ് ജാഅൽ മസീഹ്"ന്റെ തൽസമയ സംപ്രേഷണം. ●ജനുവരി 3 മുതൽ 5 വരെ 'The Messiah of the Age' എന്ന ശീർഷകത്തിൽ ആഫ്രിക്കൻ രാജ്യങ്ങൾക്കുവേണ്ടി തൽസമയ സംപ്രേഷണം.**

### ഖാദിയാൻ ജൽസ (ഭാഗം 4)

**2017 ഡിസംബർ 31**

**മൂന്നാം ദിവസം - ആദ്യയോഗം**

മൂന്നാം ദിവസത്തെ ആദ്യയോഗം വക്കീലെ അഅ്ലാ തഹ്‌രീക്കെ ജദീദ് മുനീർ അഹ്മദ് ഹാഫിളാബാദിയുടെ അധ്യക്ഷതയിൽ ആരംഭിച്ചു. ഖാദിയാനിലെ ഹാഫിള് നഖീബുൽ അമീൻ ബർഖി സാഹിബ് സൂറ ബനീഇസ്‌റായേലിന്റെ 79 മുതൽ 85 വരെയുള്ള വചനങ്ങൾ തിലാവത്ത് ചെയ്തു. മുബല്ലിഗ് മഖ്സൂദ് അഹ്മദ് ഭട്ടി സാഹിബ് സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ തഫ്സീറെ സ്വഗീറിൽനിന്ന് ഉർദു തർജമ കേൾപ്പിച്ചു. സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പരിശുദ്ധ പദ്യം

ജമാലോ ഹുസ്നെ ഖുർആൻ
നൂർ ജാനേ ഹർമുസൽമാൻ ഹെ
ഖമർ ഹെ ചാന്ദ് ഔറോം കാ
ഹമാരാ ചാന്ദ് ഖുർആൻ ഹെ

റബ്വ (പാകിസ്ഥാൻ)യിലെ മുബല്ലിഗ് മുദ്ദസ്സർ അഹ്മദ് വസീം സാഹിബ് ശബ്ദമാധുര്യത്തോടെ ആലപിച്ചു.

❖ ഈ യോഗത്തിന്റെ ആദ്യത്തെ പ്രസംഗം ഖാദിയാൻ ജാമിഅ അഹ്മദിയ്യാ ഉസ്താദ് മൗലാനാ മുഹമ്മദ് നൂറുദ്ദീൻ നാസിർ സാഹിബിന്റേതായിരുന്നു. 'ഇസ്‌ലാമിൽ സ്ത്രീകളുടെ അവകാശങ്ങൾ ഖുർആന്റേയും ത്വലാഖിന്റേയും വെളിച്ചത്തിൽ' എന്നതായിരുന്നു വിഷയം. അദ്ദേഹം തന്റെ പ്രസംഗത്തിന്റെ ആരംഭത്തിൽ പറഞ്ഞു: നബി(സ) തിരുമേനിയുടെ ആഗമനത്തിനു മുമ്പേ സ്ത്രീകളുടെ അവസ്ഥ അങ്ങേയറ്റം ശോചനീയമായിരുന്നു. അവർക്ക് ഒരുതരത്തിലുള്ള അവകാശങ്ങളും ലഭിച്ചിരുന്നില്ല. അവരുടെ ജനനം അങ്ങേയറ്റം മോശമായി മനസ്സിലാക്കപ്പെട്ടിരുന്നു. വിശുദ്ധഖുർആൻ ആ ഭയാനകമായ ദൃശ്യം ഇങ്ങനെ വരച്ചുകാണിച്ചിരിക്കുന്നു. *വ ഇദാ ബുശ്ശിറ അഹദുഹും ബിൽഉൻഥാ ളല്ല വജ്ഹുഹൂ മുസ്‌വദ്ദൻ വഹുവ കളീം യത്തവാറാ മിനൽ ഖൗമി മിൻ സൂഇൻ മാ ബുശ്ശിറ ബിഹി അ യുംസിക്കുഹു അലാ ഹൂനിൻ അം യദുസ്സുഹു ഫിത്തുറാബി അലാ സാഅ മാ യഹ്കുമൂൻ*

അവരിൽ ഒരാൾക്ക് പെൺകുട്ടി ജനിച്ചുവെന്ന സന്തോഷവാർത്ത അറിയിക്കപ്പെട്ടാൽ അവന്റെ മുഖം കരുവാളിച്ചുപോകുന്നു. അവൻ കോപം ഉള്ളിലടക്കി നിറുത്തുന്നവനായിരിക്കും. അവന് അനുമോദനം നല്കപ്പെട്ടതിന്റെ ദോഷം നിമിത്തം അവൻ ജനങ്ങളിൽനിന്ന് ഒളിക്കുന്നു. അപമാനം സഹിച്ചുകൊണ്ട് അവൻ അതിനെ (പുത്രിയെ) വെച്ചു പുലർത്തിക്കൊണ്ടിരിക്കുമോ? അതല്ല അതിനെ ജീവനോടെ മണ്ണിൽ കുഴിച്ചുമൂടുമോ? അറിയുക അവൻ വിധിക്കുന്നത് വളരെ വിചിത്രം തന്നെ. (16:59-60)

(ശേഷം പേജ് 10ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

**നമ്മുടെ അടിസ്ഥാനപരമായ ഉദ്ദേശ്യം മതപരമായ നമ്മുടെ അറിവ് വർധിപ്പിക്കുകയും ഭയഭക്തിയിൽ അഭിവൃദ്ധിപ്പെടുകയും ചെയ്യുക എന്നതാണ്.**

**നമ്മുടെ ഈമാനിന്റെ യാഥാർഥ്യത്തെ തിരിച്ചറിയുക. അല്ലാഹുവിനോടുള്ള കടമകളേയും മനുഷ്യരോടുള്ള കടമകളേയും സംബന്ധിച്ചുള്ള അതിന്റെ സുന്ദരമായ അധ്യാപനമനുസരിച്ച് പ്രവർത്തിക്കാൻ പരിശ്രമിക്കുക.**

**ഇസ്‌ലാം- അഹ്മദിയ്യത്തിനെക്കുറിച്ചു നിങ്ങളുടെ അറിവ് വർധിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ മാത്രമല്ല മറിച്ച് കർമപരമായ നിലയിൽ അതിനെ നിങ്ങളുടെ ജീവിതത്തിൽ നടപ്പിൽ വരുത്തുകയും ചെയ്യണം എന്നുദ്ദേശ്യത്തോടെ ജൽസയിൽ പങ്കെടുക്കുക.**

# 2017 ഡിസംബർ 23, 24 ന് ഫിജിയിൽ സംഘടിപ്പിച്ച ജൽസസാലാനയിൽ സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലായുടെ പ്രത്യേക സന്ദേശം

**ബിസ്മില്ലാഹിർറഹ്മാനിർറഹീം**

*നഹ്മദുഹൂ വ നുസ്വല്ലീ അലാ റസൂലിഹിൽ കരീം*
*വ അലാ അബ്ദിഹിൽ മസീഹിൽ മൗഊദ്*
*ഖുദാ കെ ഫള്ൽ ഔർ റഹം കെ സാഥ് ഹുവന്നാസ്വിർ*

ഫിജിയിലെ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പ്രിയപ്പെട്ട അംഗങ്ങളേ!

നിങ്ങൾ നിങ്ങളുടെ 47-ാമത് ജൽസാ സാലാന ഡിസംബർ 23,24 തിയതികളിൽ സംഘടിപ്പിക്കുന്നു എന്നറിഞ്ഞതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. അല്ലാഹു നിങ്ങളുടെ ജൽസയെ അനുഗൃഹീതവും വിജയകരവും ആക്കുമാറാകട്ടെ എന്നു ദുആ ചെയ്യുന്നു. ഈ ആത്മീയമായ ജൽസയിൽ പങ്കെടുക്കുന്നവർ ധാരാളം ആത്മീയമായ ഫലങ്ങളും എണ്ണമറ്റ അനുഗ്രഹങ്ങളും കരസ്ഥമാക്കുന്നവരാകട്ടെ.

നമ്മുടെ ജൽസാസാലാന എവിടെയെല്ലാം ഏതു രാജ്യത്ത് സംഘടിപ്പിക്കുകയാണെങ്കിലും - അതിനുവേണ്ടി നിങ്ങളും ഇന്നു ഒരിക്കൽ കൂടി ഫിജിയിൽ സംഘടിപ്പിച്ചിരിക്കുകയാണ്- ഇത് ഭൗതികമായ കാര്യമോ കളിതമാശകൾക്ക് വേണ്ടിയുള്ളതോ അല്ലെന്ന് എല്ലാ അഹ്മദികൾക്കും അറിയാവുന്നതാണ്. മറിച്ച് നമ്മൾ സംഘടിക്കുന്നതും ജൽസയുടെ ഉദ്ദേശ്യവും ആത്മീയമായ അന്തരീക്ഷമാണ്. അതിൽ നിന്നു ഫലമെടുക്കലാണ്. അതിലൂടെ നമ്മുടെ സ്വഭാവപരമായ പരിഷ്കരണം നടക്കുന്നു. നമ്മുടെ അടിസ്ഥാനപരമായ ഉദ്ദേശ്യം നമ്മുടെ മതപരമായ അറിവ് വർധിപ്പിക്കുകയും ഭയഭക്തിയിൽ അഭിവൃദ്ധിപ്പെടുകയും ചെയ്യുക എന്നതാണ്. ഇസ്‌ലാം- അഹ്മദിയ്യത്തിൽ വിശ്വസിക്കുന്നുവെന്നാണല്ലോ നമ്മളുടെ വാദം. അപ്പോൾ അതിന്റെ മനോഹരമായ അധ്യാപനത്തെ മുമ്പത്തേതിനെക്കാൾ കൂടുതൽ നാം അറിയേണ്ടതാണ്; അതിനെ സ്വീകരിച്ചു നമ്മൾ ബയ്അത്തു ചെയ്തിരിക്കുന്നു. നമ്മുടെ ഈമാനിന്റെ യാഥാർഥ്യത്തെ തിരിച്ചറിയുക. അല്ലാഹുവിനോടുള്ള കടമകളേയും മനുഷ്യരോടുള്ള കടമകളേയും സംബന്ധിച്ചുള്ള അതിന്റെ സുന്ദരമായ അധ്യാപനമനുസരിച്ച് പ്രവർത്തിക്കാൻ പരിശ്രമിക്കുക.

നിങ്ങൾ ജൽസയിൽ നടക്കുന്ന പ്രസംഗങ്ങൾ ശ്രദ്ധയോടെ കേൾക്കുക. പ്രസംഗകർ കഠിനാധ്വാനം ചെയ്തും പരിശ്രമിച്ചുമാണ് പ്രസംഗം തയ്യാറാക്കുന്നതെന്ന കാര്യം ഓർക്കുക. അതുകൊണ്ട് അതു ശ്രദ്ധയോടെ കേൾക്കേണ്ടത് വളരെ നിർബന്ധമാണ്. നമ്മുടെ പ്രസംഗകരുടെ അന്വേഷണത്തിന്റെ അടിത്തറ വിശുദ്ധ ഖുർആനും നബി(സ) തിരുമേനിയുടെ സുന്നത്തും ഹദീഥും ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ യുക്തിപരവും വിവേകപരവുമായ ഉപദേശങ്ങളിലാണെന്നത് അല്ലാഹുവിന്റെ ഫള്ലാണ്. യുക്തിപരവും വിവേകപരവുമായ കാര്യങ്ങൾ അവർ നമ്മുടെ മുമ്പിൽ സമർപ്പിക്കുന്നു. ഇസ്‌ലാം - അഹ്മദിയ്യത്തിനെക്കുറിച്ചു നിങ്ങളുടെ അറിവ് വർധിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ മാത്രമല്ല മറിച്ച് കർമപരമായ നിലയിൽ അതിനെ നിങ്ങളുടെ ജീവിതത്തിൽ നടപ്പിൽ വരുത്തുകയും ചെയ്യണം എന്നുദ്ദേശ്യത്തോടെ ജൽസയിൽ പങ്കെടുക്കുക. നിങ്ങൾ ഇസ്‌ലാമിന്റെ അധ്യാപനങ്ങൾ തികഞ്ഞ ആത്മാർഥതയോടും പൂർണ പരിശ്രമത്തോടുംകൂടി കരസ്ഥമാക്കുകയാണെങ്കിൽ തീർച്ചയായും നിങ്ങൾക്ക് നിങ്ങളുടെ ജീവിതത്തിൽ അസാധാരണമായൊരു വിപ്ലവം ഉണ്ടാക്കാൻ കഴിയുന്നതാണ്.

എപ്പോഴും ഹദ്റത്ത് മസീഹ് മൗഊദ് (അ)നോടു ചെയ്ത പ്രതിജ്ഞയും ബയ്അത്തും ഓർക്കുക. നിങ്ങളുടെ ജീവിതം ബയ്അത്തിന്റെ നിബന്ധനകളനുസരിച്ചാക്കാൻ ശ്രമിക്കുക. ഉത്തരവാദപ്പെട്ടൊരു അഹ്മദി മുസൽമാൻ എന്ന നിലയിൽ എല്ലാ കാര്യങ്ങളിലും മനോഹരമായ മാതൃക കാണിക്കുക. പ്രത്യേകമായ മൃദുലസ്വാഭാവം പ്രകടിപ്പിക്കുക. മറ്റുള്ളവരെ മനസിലാക്കുക. എല്ലാവരേയും നല്ലവണ്ണം ശ്രദ്ധിക്കുക. നിങ്ങൾ ഏതു രാജ്യത്തു താമസിച്ചാലും അതിന്റെ ഗുണകാംക്ഷിയും കൂറു പുലർത്തുന്നവരും ആയിരിക്കുക; അതിൽ ഉത്തമമാതൃകയാകുക. നിങ്ങളുടെ രാജ്യത്തോടു സ്നേഹം കാണിക്കുക. കാരണം ദേശത്തോടുള്ള സ്നേഹം ഈമാനിന്റെ നിർബന്ധഭാഗമാണെന്നത് നമ്മുടെ നബി(സ)തിരുമേനിയുടെ അടിസ്ഥാനപരമായ അധ്യാപനമാണ്.

ഇസ്‌ലാമിന്റെ ശാന്തിനിർഭരമായ അധ്യാപനം ലോകത്തിന്റെ കോണുകൾവരെ എത്തിക്കുകയെന്നത് ഓരോ അഹ്മദിമുസൽമാന്റേയും അടിസ്ഥാനപരമായ ഉത്തരവാദമാണ്. ഞാൻ നിങ്ങളോടു തബ്‌ലീഗിനെക്കുറിച്ചും പറയാനാഗ്രഹിക്കുന്നു. അതു എല്ലാ അഹ്മദികൾക്കും നിർബന്ധമാണ്. പതിവായി പുതിയ പുതിയ വഴികളും സ്ഥലങ്ങളും അന്വേഷിച്ചുകൊണ്ടിരിക്കുക. ഇതു മുഖേന നിങ്ങൾക്ക് നിങ്ങളുടെ പ്രദേശത്തുള്ള എല്ലാ ആളുകൾക്കും അഹ്മദിയ്യത്തിന്റെ സന്ദേശം എത്തിക്കാൻ കഴിയും.

അഹ്മദിയ്യ ജമാഅത്തിനു ഖിലാഫത്തിന്റെ അനുഗ്രഹം നല്കിയിരിക്കുന്നുവെന്നത് അല്ലാഹുവിന്റെ കൃപയാണ്. അതുകൊണ്ട് ഇപ്പോൾ ജമാഅത്തിന്റെ യഥാർഥ അഭിവൃദ്ധിയും ഇസ്‌ലാമിന്റെ പുനരുജ്ജീവനവും ലോകം മുഴുവനുമുള്ള സമാധാന സ്ഥാപനവുമെല്ലാം ഖിലാഫത്തുമായി ബന്ധപ്പെട്ടിരിക്കുന്നു. അതിനാൽ ഞാൻ ഫിജിയിലെ എല്ലാ സഹോദരങ്ങളോടും പറയുകയാണ്, എപ്പോഴും നിങ്ങൾ ഖിലാഫത്തുമായി ബന്ധപ്പെട്ടിരിക്കുകയും കൂറിന്റെ മാതൃക കാണിക്കുകയും പതിവായി എം.ടി.എ സ്വയം കാണുകയും നിങ്ങളുടെ കുടുംബാംഗങ്ങളേയും പ്രത്യേകിച്ച് കുട്ടികളേയും അതു കാണാൻ ഉപദേശിക്കുകയും ചെയ്യുക. പ്രത്യേകിച്ചും എന്റെ ജുമുഅ ഖുത്ബ്വകളും പ്രസംഗങ്ങളും മറ്റു അവസരങ്ങളിൽ ചെയ്തിട്ടുള്ള പ്രഭാഷണങ്ങളും സ്ഥിരമായി കേൾക്കുക. എന്റെ നിർദേശങ്ങളും ഉപദേശങ്ങളുമനുസരിച്ച് പ്രവർത്തിക്കുക. ഇക്കാര്യം നിങ്ങൾക്ക് ഖിലാഫത്തുമായി ശക്തമായ ബന്ധമുണ്ടാക്കാനും ഈമാനിൽ കരുത്തുണ്ടാക്കാനും തൗഫീഖ് നല്കുന്നതായിരിക്കും. ഇപ്രകാരംതന്നെ അത് ലോകം മുഴുവനുമുള്ള നമ്മുടെ ജമാഅത്തുകളിൽ ഒരേയൊരു ചിന്തയും ഒരേയൊരു ഉദ്ദേശ്യവും ഒരേയൊരു ലക്ഷ്യവും സ്ഥാപിക്കാൻ നിമിത്തമാകുന്നതായിരിക്കും.

അല്ലാഹു ജൽസയിൽ പങ്കെടുക്കുന്ന എല്ലാവർക്കും അതിന്റെ ഉദ്ദേശ്യം പൂർത്തിയാക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. അവൻ നമ്മുടെ ജീവിതത്തിൽ യഥാർഥ മാറ്റമുണ്ടാക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. നന്മയും സൽസ്വഭാവവും ആത്മാർഥയോടുകൂടി ഇസ്‌ലാമിനും മാനവികതയ്ക്കും സേവനം ചെയ്യാനും തൗഫീഖ് നൽകുമാറാകട്ടെ. അല്ലാഹു നിങ്ങളിലെല്ലാം കൃപ ചൊരിയുമാറാകട്ടെ.ആമീൻ

വസ്സലാം
വിനീതൻ മിർസാ മസ്റൂർ അഹ്മദ്
ഖലീഫത്തുൽ മസീഹ് അൽഖാമിസ്

(2018 ജനുവരി 19 ലെ അൽഫള്ൽ ഇന്റർനാഷണലിനോടു കടപ്പാട്)




**"അല്ലാഹുവിന് പങ്കുകാരെ ചേർക്കൽ കൊടുംപാപമാകുന്നു." (ബുഖാരി)**

**ജൽസസാലാന ഖാദിയാൻ 2018**
**എല്ലാ ജമാഅത്തംഗങ്ങൾക്കും ആശംസകളോടെ......**

**എം. അബ്ദുൽ വഹാബ് (Business)**
അങ്ങാടിക്കട ബ്രാന്റ്, ടൗൺ മസ്ജിദിനു സമീപം,
പത്തനാപുരം- 689 695. Phone: 9744653179.

# ഖുത്ബ ജുമുഅ

**രണ്ടുദിവസം മുമ്പേ ജമാഅത്തിന്റെ ഒരു ദീർഘകാല സേവകൻ ബഹുമാന്യരായ മിർസാ ഖുർശീദ് അഹ്മദ് സാഹിബ് ഇഹലോകവാസം വെടിഞ്ഞു. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി രാജിഊൻ. അദ്ദേഹത്തിന് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)ൽ നിന്ന് ആത്മീയവും ഭൗതികവുമായ രണ്ടുവിധ ബന്ധങ്ങളുടേയും ബഹുമതി പ്രദാനം ചെയ്തിരിക്കുന്നു. ഈ ലോകത്ത് വരുന്നതാരായാലും ഒരുനാൾ അവന് ഈ ദുൻയാവ് വിട്ടു പോകേണ്ടിവരുമെന്നത് അല്ലാഹുവിന്റെ നിയമമാണ്. എല്ലാ വസ്തുവിനും മരണമുണ്ട്. നിത്യവും നിലനില്ക്കുന്നതുമായ സത്ത അല്ലാഹുവിന്റെ സത്തമാത്രമാണ്. പക്ഷേ, അല്ലാഹു നല്കിയിട്ടുള്ള ഇഹലോകജീവിതത്തെ ലക്ഷ്യപൂർണമാക്കാനും അല്ലാഹുവിന്റെ സമ്പ്രീതി കരസ്ഥമാക്കാനും ശ്രമിക്കുന്നവർ ഭാഗ്യവാന്മാരാണ്. ഏതെങ്കിലും സാത്വികനായ മനുഷ്യനുമായോ വലിയ്യുമായോ അല്ലെങ്കിൽ നബിയ്യുമായോ കേവലം ഭൗതികബന്ധമുണ്ടാകുന്നത് അവരുടെ ജീവിതത്തെ ലക്ഷ്യസ്ഥാനത്തെത്തിക്കുകയില്ലെന്ന കാര്യം അവർ മനസ്സിലാക്കുന്നു. അല്ലാഹുവിന്റെ സമ്പ്രീതി കരസ്ഥമാക്കുന്നവരുമാക്കുകയില്ല. മറിച്ച് മനുഷ്യന്റെ സ്വന്തം കർമവും പ്രവൃത്തിയുമാണ് അവനെ അല്ലാഹുവിന്റെ സമ്പ്രീതി കരസ്ഥമാക്കുന്നവനാക്കുന്നത്.**

**ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രപൗത്രൻ സാഹിബ് സാദ് മിർസാ ഖുർശീദ് അഹ്മദ് സാഹിബിന്റെ (നാളിർ അഅ്‌ലാ സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യാ പാക്കിസ്താൻ) വഫാത്തും പരേതന്റെ ദീനീപരമായ സേവനവും ഉൽകൃഷ്ട ഗുണങ്ങളുടെ വിവരണവും ജനാസ ഗാഇബും**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ ജുമുഅ 19-1-2018/19 സ്വുൽഹ് 1397**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടൻ**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ-
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

രണ്ടുദിവസം മുമ്പേ ജമാഅത്തിന്റെ ഒരു ദീർഘകാല സേവകൻ ബഹുമാന്യരായ മിർസാ ഖുർശീദ് അഹ്മദ് സാഹിബ് ഇഹലോകവാസംവെടിഞ്ഞു. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി രാജിഊൻ. അദ്ദേഹത്തിന് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)ൽ നിന്ന് ആത്മീയവും ഭൗതികവുമായ രണ്ടുവിധ ബന്ധങ്ങളുടേയും ബഹുമതി പ്രദാനം ചെയ്തിരിക്കുന്നു. ഈ ലോകത്ത് വരുന്നതാരായാലും ഒരുനാൾ അവന് ഈ ദുൻയാവ് വിട്ടു പോകേണ്ടിവരുമെന്നത് അല്ലാഹുവിന്റെ നിയമമാണ്. എല്ലാ വസ്തുവിനും മരണമുണ്ട്. നിത്യവും നിലനില്ക്കുന്നതുമായ സത്ത അല്ലാഹുവിന്റെ സത്തമാത്രമാണ്. പക്ഷേ, അല്ലാഹു നല്കിയിട്ടുള്ള ഇഹലോകജീവിതത്തെ ലക്ഷ്യപൂർണമാക്കാനും അല്ലാഹുവിന്റെ സമ്പ്രീതി കരസ്ഥമാക്കാനും ശ്രമിക്കുന്നവർ ഭാഗ്യവാന്മാരാണ്. ഏതെങ്കിലും സാത്വികനായ മനുഷ്യനുമായോ വലിയ്യുമായോ അല്ലെങ്കിൽ നബിയ്യുമായോ കേവലം ഭൗതികബന്ധമുണ്ടാകുന്നത് അവരുടെ ജീവിതത്തെ ലക്ഷ്യസ്ഥാനത്തെത്തിക്കുകയില്ലെന്ന കാര്യം അവർ മനസ്സിലാക്കുന്നു. അല്ലാഹുവിന്റെ സമ്പ്രീതി കരസ്ഥമാക്കുന്നവരുമാക്കുകയില്ല. മറിച്ച് മനുഷ്യന്റെ സ്വന്തം കർമവും പ്രവൃത്തിയുമാണ് അവനെ അല്ലാഹുവിന്റെ സമ്പ്രീതി കരസ്ഥമാക്കുന്നവനാക്കുന്നത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു സ്ഥലത്ത് പറഞ്ഞു: 'ഹദ്റത്ത് ഫാതിമ (റ)യോടു നബി(സ)തിരുമേനിയും പറയാറുണ്ടായിരുന്നു: 'ഫാതിമാ! നീ എന്റെ മകളായ കാരണത്താൽമാത്രം അല്ലാഹുവിന്റെ സമ്പ്രീതി നിനക്കു കരസ്ഥമാക്കാൻ സാധിക്കുകയില്ല. അവന്റെ സമ്പ്രീതി കരസ്ഥമാക്കുന്നതിന് നിന്റെ ജീവിതത്തെ അവന്റെ കല്പനകളനുസരിച്ച് വാർത്തെടുക്കാൻ ശ്രമിക്കുക.' ഇങ്ങനെ ചെയ്താലും, അല്ലാഹു നിന്റെ ഈ പരിശ്രമം സ്വീകരിക്കാനും അവന്റെ കൃപയാൽ പര്യവസാനം ശുഭകരമാക്കാനും അവനോടുള്ള ഭയവും ഉണ്ടാകേണ്ടതാണ്.'(മൽഫൂദാത്ത് വാല്യം 3 പേജ് 343)

എനിക്കു തന്നെയും ഇക്കാര്യം അറിയുന്നവനാണ്. മിർസാ ഖുർശീദ് അഹ്മദ് സാഹിബുമായി അഗാധമായ ബന്ധം എനിക്കുണ്ടായിരുന്നു. അദ്ദേഹത്തെ നല്ലവണ്ണം കണ്ടറിയാനുള്ള അവസരം എനിക്കുകിട്ടി. ഇപ്രകാരം മറ്റുള്ളവരും എനിക്ക് എഴുതിയിട്ടുണ്ട്. വിനയത്തോടുകൂടി തന്റെ വഖ്ഫ് നിറവേറ്റിയതിന്റേയും തന്റെ ജോലി നിർവഹിക്കുന്നതിന് അദ്ദേഹം ചെയ്ത പരിശ്രമത്തേയും കുറിച്ചുള്ള ധാരാളം കത്തുകൾ വന്നിട്ടുണ്ട്. അദ്ദേഹം ഒരിക്കലും കുടുംബമഹത്ത്വം പ്രകടിപ്പിച്ചിരുന്നില്ല. കഴിഞ്ഞ വർഷം ജൽസയിൽ ഇവിടെ വന്നിരുന്നു. പര്യവസാനം ശുഭകരമായിരിക്കണമെന്ന ചിന്ത എന്നോടു പ്രകടിപ്പിച്ചു. മരിക്കാൻ നേരത്ത് ഒരു മഹാത്മാവ് 'ഇപ്പോഴില്ല, ഇപ്പോഴില്ല' എന്ന് പറയുകയും ആ നിലയിൽ അദ്ദേഹം മരിച്ചുപോകുകയും അദ്ദേഹത്തിന്റെ മുരീദുമാർ അങ്ങനെ പറഞ്ഞതിന്റെ കാര്യം അറിയാൻ ധാരാളം ദുആ ചെയ്ത ഉദാഹരണവും പറഞ്ഞിരുന്നു. ഒരു ദിവസം മുരീദ് അദ്ദേഹത്തെ സ്വപ്നത്തിൽ കണ്ടു. താങ്കൾ എന്തിനാണ് മരിക്കുന്ന നേരത്ത് 'ഇപ്പോഴില്ല, ഇപ്പോഴില്ല' എന്ന് പറഞ്ഞതെന്ന് ചോദിച്ചു. അദ്ദേഹം പറഞ്ഞു, കാര്യമിതാണ്! എന്റെ അന്ത്യനിമിഷമെത്തിയപ്പോൾ ശയ്ത്വാൻ എന്റെയടുത്ത് വരികയും താങ്കൾ എന്റെ കൈയിൽനിന്ന് രക്ഷപ്പെട്ടുവെന്നും താങ്കൾ വലിയ സൽക്കർമങ്ങളാണ് ചെയ്തുകൊണ്ടിരുന്നതെന്നും എന്നോടു പറഞ്ഞു. 'ഇപ്പോഴില്ല, ഇപ്പോഴില്ല' എന്ന് ഞാൻ പറഞ്ഞുകൊണ്ടിരുന്നു. ശരീരത്തിൽ ജീവനുള്ളിടത്തോളം എന്താണ് ഇനി ചെയ്യാൻപോകുന്നതെന്ന് അറിയില്ലല്ലോ. അങ്ങനെ മരിക്കാൻ നേരത്തും ഞാൻ അതുപറയുമ്പോൾ അതേ അവസ്ഥയിൽ അല്ലാഹു എന്റെ ജീവൻ എടുത്തു. ഇപ്പോൾ ഞാൻ സ്വർഗത്തിലാണ്.'(മൽഫൂദാത്ത് വാല്യം 5 പേജ് 306)

പര്യവസാനത്തെ കുറിച്ചു ഓർമിക്കുന്നവരുടെ ചിന്ത ഇതാണ്. പര്യവസാനത്തെ കുറിച്ചു ചിന്തിക്കുന്നവരുടെ വഴി ഇതാണ്. എന്തായാലും ഈ ഉദാഹരണവും അദ്ദേഹം എന്നോടു പറഞ്ഞു.

വഖ്ഫിന്റെ റൂഹ് കണ്ടറിഞ്ഞ് ജോലി ചെയ്യുന്ന പുണ്യാത്മാവായിരുന്നു അദ്ദേഹം. ഇവിടത്തെ സമയമനുസരിച്ച് മിനിയാന്ന് രാത്രി ഏകദേശം 10 മണിക്ക് അദ്ദേഹം വഫാത്തായി. 85 വയസായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രപൗത്രനും, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മൂത്ത മകനായ സാഹിബ് സാദ ഹദ്റത്ത് മിർസാ സുൽത്വാൻ അഹ്മദ് സാഹിബിന്റെ പൗത്രനും, ഹദ്റത്ത് മിർസാ അസീസ് അഹ്മദ് സാഹിബിന്റെ മകനുമായിരുന്നു. തന്റെ പിതാവിനെക്കാൾ മുമ്പേ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്തു ചെയ്തിരുന്ന പൗത്രനായിരുന്നു ഹദ്റത്ത് മിർസാ അസീസ് അഹ്മദ് സാഹിബ്

1932 സെപ്റ്റംബർ 12ന് ലാഹോറിലാണ് അദ്ദേഹം ജനിച്ചത്. 1945 ഏപ്രിൽ 21 ന് പന്ത്രണ്ടരവയസ്സുള്ളപ്പോൾ തന്റെ ജീവിതം വഖ്ഫ് ചെയ്തുകൊണ്ടുള്ള ഫോറും പൂരിപ്പിച്ചു. അപ്പോൾ അദ്ദേഹം 9-ാം ക്ലാസിൽ പഠിക്കുകയായിരുന്നു. പിന്നീട് മെട്രിക് ചെയ്തത് ഖാദിയാനിലെ ഹൈസ്കൂളിൽ നിന്നായിരുന്നു. അതുകഴിഞ്ഞ് ടി.ഐ.കോളേജിൽ വിദ്യഭ്യാസം കരസ്ഥമാക്കി. പിന്നീട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ നിർദേശമനുസരിച്ച് ലാഹോർ ഗവൺമെന്റ് കോളേജിൽനിന്ന് എം.എ. ഇംഗ്ലീഷ് ചെയ്തു. 1956 സെപ്റ്റംബർ 10 ന് വാഖ്ഫെ സിന്ദഗീ എന്ന നിലയിൽ റബ്‌വ ടി.ഐ കോളേജിൽ ജോയിൻ(ചേർന്നു) ചെയ്തു. 17 വർഷംവരെ അവിടെ ഇംഗ്ലീഷ് വകുപ്പിൽ അധ്യാപകനായിരുന്നു. അത്യധ്വാനം ചെയ്ത് ലെക്ച്ചർ തയ്യാറാക്കുമായിരുന്നു. ഞാനും അദ്ദേഹത്തിൽനിന്ന് പഠിച്ചിട്ടുണ്ട്. കഠിനാധ്വാനം ചെയ്ത് വരികയും അത്യധ്വാനത്തോടെ പഠിപ്പിക്കുകയും ചെയ്യുമായിരുന്നുവെന്ന് ധാരാളം ശിഷ്യന്മാർ എനിക്ക് എഴുതിയിട്ടുണ്ട്. തന്റെ വിഷയത്തിൽ അദ്ദേഹത്തിന് പ്രാവീണ്യമുണ്ടായിരുന്നു. അതുകൊണ്ട് വിദ്യാർഥികളുടെ ഇടയിലും അദ്ദേഹം സർവസമ്മതനായിരുന്നു. വിദ്യാർഥികൾ അദ്ദേഹത്തെ ഇഷ്ടപ്പെട്ടിരുന്നു. 1964 ൽ English Phonetic കോഴ്സി'ൽ ചേരുന്നതിനുവേണ്ടി ബ്രിട്ടീഷ് സർക്കാറിന്റെ സ്കോളർഷിപ്പിൽ ഒരു വർഷത്തേക്ക് ഇംഗ്ലണ്ടിലും വന്നിരുന്നു. ഇവിടെ 'ലീഡ്സ് യൂണിവേഴ്സിറ്റി'യിൽ വിദ്യഭ്യാസം കരസ്ഥമാക്കി. അദ്ദേഹത്തിന്റെ ജമാഅത്തുപരമായ ചില സേവനങ്ങളെ കുറിച്ച് പറയുകയാണ്. 1974 ലെ അടിയന്തിരാവസ്ഥ കാലത്ത് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥിനെ സാഹിബ് സാദ മിർസാ ഖുർശീദ് അഹ്മദ് സാഹിബ് സഹായിച്ചു. ഖലീഫത്തുൽ മസീഹ് ഥാലിഥിനെ സഹായിക്കുന്നതിനുവേണ്ടി എപ്പോഴും രണ്ടു മൂന്നുമാസംവരെ 'ഖസ്റെ ഖിലാഫത്തി'ൽ (ഖലീഫയുടെ ഓഫീസ് സംബന്ധമായ വസതി)തന്നെയായിരുന്നു. ഇപ്രകാരംതന്നെ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ അനുവാദത്തോടെ റബ്‌വയിൽ യത്തീംകളുടേയും ദരിദ്രരായ കുട്ടികളുടേയും സംരക്ഷണത്തിനും വിദ്യഭ്യാസത്തിനും ശിക്ഷണത്തിനും വേണ്ടി 1962 ന്റെ മധ്യത്തോടെ ഒരു ദാറുൽ ഇഖാമത്തുന്നുസ്റത്ത് സ്ഥാപിക്കുകയുണ്ടായി. പിന്നീട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ് റഹ്മഹുല്ലാഹ് അതിന്റെ പേര് 'മദ്ദേ ഇംദാദ് ത്വലബാഅ്'എന്നു വച്ചു. 1978 മുതൽ 1983 വരെ അദ്ദേഹം ഇതിന്റെ മേലധികാരിയായിരുന്നു. ഇതിനുശേഷം ഈ ജോലി നളാറത്ത് തഅ്‌ലീമിനെ ഏല്പിക്കുകയുണ്ടായി.

1973 ഏപ്രിൽ 30ന് അദ്ദേഹം നാളിർഖിദ്മത്തെ ദർവേശാനായി നിയമിതനായി. 1976 മെയ് 1 മുതൽ 1988വരെ അഡീഷണൽ നാളിർ അഅ്‌ലാ എന്ന നിലയിൽ സേവനമനുഷ്ഠിച്ചു. വിവിധ കമ്മിറ്റികളിലെ അംഗമെന്ന നിലയിലും സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. 1988 ഒക്ടോബർ മുതൽ 1991 സെപ്

തംബർ വരെ നാളിർ ഉമൂറെ ആമ എന്ന നിലയിൽ സേവനം ചെയ്തു. 1992 ആഗസ്ത് മുതൽ 2003 മെയ്‌വരെ നാളിർ ഉമൂറെ ഖാരിജയായിരുന്നു. അതിനുശേഷം എന്റെ ഖിലാഫത്തിന്നിടയിൽ ഞാൻ അദ്ദേഹത്തെ നാളിർ അ്‌ലായും റബ്‌വയിലെ തദ്ദേശ അമീറുമായി നിശ്ചയിച്ചു. വളരെ നല്ലരീതിയിൽ അദ്ദേഹം ഈ സേവനം ചെയ്തു. 'മജ്‌ലിസ് ഇഫ്താ'യിലെ അംഗമായിരുന്നു. 12, 13 വർഷം ഖളാ ബോർഡ് അംഗവുമായിരുന്നു. 1973-ൽ അദ്ദേഹത്തിന് അല്ലാഹു ഹജ്ജ് ചെയ്യാനും തൗഫീഖ് നല്കി.

അദ്ദേഹത്തിന്റെ നിക്കാഹ് കർമം 1955 ഡിസംബർ 26ന് ഹദ്റത്ത് ഖിലഫത്തുൽ മസീഹ് ഥാനി(റ) നിർവഹിച്ചു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) നിക്കാഹ് ഖുത്ബയിൽ പറഞ്ഞു: 'ഈ മകനും നമ്മുടെ കുടുംബത്തിൽനിന്നുള്ള വഖ്ഫാണ്. തന്റെ ഈ മകന് ഉന്നത വിദ്യാഭ്യാസം നല്കാൻ അല്ലാഹു മിർസാ അസീസ് അഹ്മദ് സാഹിബിന് തൗഫീഖ് നല്കി. അദ്ദേഹത്തിന്റെ ഈ മകൻ എം.എയ്ക്ക് പഠിക്കുകയാണ്. ഇംഗ്ലീഷിൽ എം.എയുടെ പരീക്ഷ നല്കിക്കൊണ്ടിരിക്കുകയാണ്. പറയുന്നു. ഇംഗ്ലീഷിൽ വലിയ കഴിവുണ്ട്. ഞാൻ വിചാരിക്കുന്നത് ഇനി ഇവൻ കോളേജിൽ പ്രൊഫസർ എന്ന നിലയിൽ ജോലി ചെയ്യണമെന്നാണ്. പിന്നീട് ഇങ്ങനേയും പറഞ്ഞു: പരിഭാഷയ്ക്കും അവൻ പ്രയോജനപ്പെടുന്നതാണ്.'(ഖുത്ബാത്തെ മഹ്മൂദ് വാള്യം 3 പേജ് 622 –625, ഖുത്ബ 26–12–1955)

അല്ലാഹു അദ്ദേഹത്തിന് 6 ആൺമക്കളെ നല്കി. 4 മക്കൾ വാഖ്ഫെ സിന്ദഗിയാണ്. രണ്ടുപേർ ഡോക്ടറാണ്. ഒരാൾ നിളാറത്ത് തഅലീമിൽ നാഇബ് നാളിറാണ്. ഇദ്ദേഹം പി.എച്ച്.ഡി ചെയ്തിട്ടുണ്ട്. ഇപ്രകാരംതന്നെ ഒരാൾ നിയമോപദേഷ്ടാവിന്റെ ഓഫീസിൽ അസിസ്റ്റന്റ് എന്ന നിലയിൽ പ്രവർത്തിക്കുന്നു. അദ്ദേഹം ലോ (ഘലം)ചെയ്തിട്ടുണ്ട്. ഉപസംഘടനകളിൽ വിവിധ നിലകളിൽ പ്രവർത്തിക്കാൻ അദ്ദേഹത്തിന് ഭാഗ്യമുണ്ടായി. 2000 മുതൽ 2003 വരെ പാക്കിസ്താൻ അൻസാറുല്ലാഹ് പ്രസിഡണ്ടായിരുന്നു.

അദ്ദേഹത്തിന്റെ ഒരു മകൻ മിർസാ സുൽത്താൻ അഹ്മദ് എഴുതുന്നു: 'അദ്ദേഹത്തിന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിയോടു വളരെ ഇഷ്ടമായിരുന്നു. കുറച്ചു വർഷം മുമ്പേ ഇദ്ദേഹത്തിന് ഹൃദയത്തിന്റെ ബുദ്ധിമുട്ട് തുടങ്ങി. എന്നല്ല കുറേ കാലമായിട്ടുണ്ടായിരുന്നു. പക്ഷേ, മെല്ലെ മെല്ലെ അധികമായിക്കൊണ്ടിരുന്നു. ഇദ്ദേഹം ഒക്കാടയിൽ പോയിരിക്കുകയായിരുന്നു. അവിടെ നിന്ന് അറിഞ്ഞപ്പോൾ ഒരു മകൻ ഇദ്ദേഹത്തെ കൂട്ടാൻ പോയി. ഡോക്ടർ നൂരിയും ഒപ്പമുണ്ടായിരുന്നു. ഇദ്ദേഹം അവിടെനിന്നു വരുമ്പോൾതന്നെ വഴിയിൽവച്ചു കണ്ടുമുട്ടി. അപ്പോൾ മിർസാ ഖുർശിദ് അഹ്മദ് സാഹിബ് പറഞ്ഞു. യാത്രയിൽ മുഴുവൻ റബ്‌വയിൽ എത്തണമെന്നും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിയുടെ കാലിനടിയിൽ ജീവൻ പോകണമെന്നുമുള്ള ദുആയിലായിരുന്നു ഞാൻ.' അതായത് ഖലീഫത്തുൽ ഥാനി(റ) ഖബ്റക്കപ്പെട്ടിരിക്കുന്നതും അവിടന്ന് ജന്മം നല്കിയതുമായ സ്ഥലത്ത് തന്റെ ജീവൻ പോകണമെന്നുള്ള ആഗ്രഹമായിരുന്നു അദ്ദേഹത്തിന്. ഇതായിരുന്നു ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിയോടുള്ള അദ്ദേഹത്തിന്റെ അനുക്തിയുടേയും സ്നേഹത്തിന്റേയും കഥ. അദ്ദേഹത്തിന്റെ മകൻ എഴുതുന്നു: 'സുഖമില്ലാതായപ്പോൾ ഒരു രാത്രി വളരെ അസ്വസ്ഥതയോടെ എഴുന്നേറ്റിരുന്നു പറഞ്ഞു. ഞാനിപ്പോൾ ദീർഘമായൊരു സ്വപ്നം കണ്ടു ചിലയാളുകൾ ഖലീഫത്തുൽ മസീഹ് ഥാനിയുടെമേൽ ആക്ഷേപം ഉന്നയിക്കുന്നു. ആരും അതിന് മറുപടി നല്കുന്നില്ല. ജനങ്ങൾ എന്തുകൊണ്ട് മറുപടി നല്കുന്നില്ല എന്നോർത്ത് അവിടന്ന് വളരെ വിഷമിച്ചു. പിന്നീട് ആ അസ്വസ്ഥതകൊണ്ട് ഉറങ്ങിയതുമില്ല. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിയോടു, ഹദ്റത്ത് മസീഹ് മൗഊദ്(അ)നെക്കാൾ എതിരാളികളുടെ വെറുപ്പ് വളരെ അധികമായിരുന്നുവെന്ന് മിക്കപ്പോഴും പറയുമായിരുന്നു. ഇത് ഒരു പരിധിവരെ ശരിയുമാണ്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) ജമാഅത്ത് വ്യവസ്ഥിതി ഉണ്ടാക്കുകയും ശക്തിപ്പെടുത്തുകയും ചെയ്തു. അവിടന്ന് ജമാഅത്ത് വ്യവസ്ഥിതി ഉണ്ടാക്കിയിരുന്നില്ലെങ്കിൽ–അല്ലാഹുവിന്റെ ജമാഅത്താണ് അത് മുന്നോട്ടു പോകേണ്ടതുതന്നെയാണെങ്കിലും– എതിരാളികളുടെ അഭിപ്രായ പ്രകാരം ജമാഅത്ത് നശിച്ചു പോകുമായിരുന്നു.പക്ഷേ, ധാരാളമാളുകൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ)യെ എതിർക്കാൻ കാരണം അവിടന്ന് ജമാഅത്തിന് കെട്ടുറപ്പുള്ളതും കരുത്തുറ്റതുമായ ഒരു വ്യവസ്ഥിതി നല്കിയതുകൊണ്ടാണ്.

1974–ൽ ഞാൻ പറഞ്ഞതുപോലെ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ് (റഹ്) ഒരു ടീം ഉണ്ടാക്കിയതിന്റെ ഭാഗവുമായിരുന്നു ഇദ്ദേഹം. ഇദ്ദേഹത്തിന് അവിടെ സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. ഇദ്ദേഹം ഖിലാഫത്തിന്റെ ഓഫീസ് വസതിയിലാണ് (ഖസ്റെ ഖിലാഫത്ത്) താമസിച്ചിരുന്നത്. പിന്നീട് കുറച്ച് കഴിഞ്ഞപ്പോൾ– ഒന്നൊന്നര മാസത്തിനുശേഷം അദ്ദേഹത്തിന് വീട്ടിൽപോകാൻ അനുവാദം കിട്ടുമായിരുന്നു. ഏഴുദിവസത്തിനുശേഷം ഒന്നുരണ്ടു മണിക്കൂർ നേരത്തേക്ക് വീട്ടിൽ പോകുമായിരുന്നു. കുട്ടികളും ഇദ്ദേഹത്തെ അവിടെ ചെന്നാണ് കണ്ടിരുന്നത്. ഇദ്ദേഹം പറയുന്നു: 'ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ് പല രാത്രികളിലും ഉറങ്ങിയിരുന്നില്ല. ഇരുന്നുകൊണ്ടുതന്നെ വിശ്രമിക്കുമായിരുന്നു. മുഴുവൻ പകലും മുഴുവൻ രാത്രിയും ജമാഅത്ത് പ്രവർത്തനങ്ങളിലും ദുആകളിലും വ്യാപൃതനായിരുന്നു.' ഒപ്പം ഡ്യൂട്ടിയിലുണ്ടായിരുന്ന ഇവരും ഉണർന്നിരിക്കുമായിരുന്നു.

അദ്ദേഹത്തിന്റെ മകൻ എഴുതുന്നു: 1984 ലെ കുഴപ്പംനിറഞ്ഞ കാലഘട്ടത്തിൽ ഇദ്ദേഹം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്ന്റെ ടീമിലുമുണ്ടായിരുന്നു. പറയുന്നു: അവിടന്ന് പറയാറുണ്ടായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഉം കലഹങ്ങളുണ്ടാകുന്ന അവസ്ഥകളിലെല്ലാം ഏതെങ്കിലും തരത്തിലുള്ള Panic (പരിഭ്രമിക്കുക) ആകുന്നതിനു പകരം അവസാധാരണമായ നിലയിൽ Relax(ശാന്തരാകുക) ചെയ്യുമായിരുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് ഹിജറ ചെയ്തപ്പോൾ, റബ്‌വ മുതൽ കറാച്ചിവരെ ഇദ്ദേഹവും ആ യാത്രാ സംഘത്തിലുണ്ടായിരുന്നു. അതുപോലെതന്നെ രോഗിയായിരുന്നിട്ടും 2010–ൽ ലാഹോറിൽ മെയ് 28ലെ സംഭവം നടന്നപ്പോൾ, തീക്ഷ്ണമായ അവസ്ഥകളിൽ വളരെ തന്റേടത്തോടുകൂടി എല്ലാ കാര്യങ്ങളും നിറവേറ്റി. പിന്നീട് ശഹീദുമാരുടെ ജനാസ വരുമ്പോൾ ഉഷ്ണകാലമായിരുന്നിട്ടും സ്വയം ജനാസ നമസ്കരിപ്പിക്കുകയും ഖബ്റടക്കുന്നതിനുവേണ്ടി പോകുകയും ചെയ്തിരുന്നു. ഇപ്രകാരംതന്നെ ഏവരുടേയും സ്ഥാനമാനങ്ങളെ അവരുടെ നിലയ്ക്കനുസരിച്ച് ശ്രദ്ധിച്ചിരുന്നു.

അദ്ദേഹത്തിന്റെ മകൻ മിർസാ അദീൽ അഹ്മദ് എഴുതുന്നു: തദ്ദേശ ജമാഅത്തായ റബ്‌വയുടെ റിപ്പോർട്ടുകൾ ഞങ്ങൾ അയക്കുമ്പോൾ അല്ലെങ്കിൽ ഏതെങ്കിലും ദിവസം അശ്രദ്ധയാൽ നബി(സ) തിരുമേനിയുടെ പേരിനോടൊപ്പം കേവലം 'സ' എന്നെഴുതുകയും ഹദ്റത്ത് മസീഹ് മൗഊദിനോടൊപ്പം അലയ്ഹിസ്സലാം എന്ന് പൂർണമായും എഴുതുകയും ചെയ്യുമ്പോൾ, അവിടന്ന് പ്രത്യേകം പറയുമായിരുന്നു. ഓരോരുത്തരുടേയും സ്ഥാനം ശ്രദ്ധിക്കേണ്ടതാണ്. നബി(സ) തിരുമേനിയോടൊപ്പം സല്ലല്ലാഹു അലയ്ഹിവസല്ലം എന്ന് പൂർണമായും എഴുതുക. നമസ്കാരം കൃത്യനിഷ്ഠയോടെ അനുഷ്ഠിച്ചിരുന്നു. വളരെ നിർബന്ധാവസ്ഥയിൽ മാത്രമേ ജംആക്കിയിരുന്നുള്ളൂ. അവസാന രോഗത്തിൽ ആശുപത്രിയിലായിരുന്നപ്പോഴും വളരെ ചിലതൊഴികെ എല്ലാ നമസ്കാരവും അതാതിന്റെ സമയത്ത് അനുഷ്ഠിച്ചിരുന്നു.

അവസാന നാളുകളിൽ നാളിർ അ്‌ലാ ആയിരുന്നു. നാളിർ അ്‌ലായ്ക്ക് ധാരാളം ചുമതലകളുണ്ടായിരുന്നു. ജമാഅത്തുപരമായ കേസുകളെ സംബന്ധിച്ച് വലിയ ആശങ്കയായിരുന്നു. ഇന്ന കേസിന്റെ തിയ്യതി എപ്പോഴാണെന്നും അപ്ഡേറ്റ് എന്തായെന്നും ആശുപത്രിയിൽ കിടക്കുമ്പോഴും ചോദിച്ചിരുന്നു. ഇതുപോലെതന്നെ 'നാളിർ അ്‌ലാ വ അമീർ മഖാമി' എന്ന നിലയിൽ ആളുകൾ സന്തോഷദിനങ്ങളിലും വിവാഹങ്ങളിലും ക്ഷണിക്കുമായിരുന്നു. ഇത് തന്റെ നിർബന്ധ ബാധ്യതയാണെന്ന് പറഞ്ഞ് തീർച്ചയായും അതിൽ പങ്കെടുക്കുമായിരുന്നു. കാരണം താൻ കാലത്തിന്റെ ഖലീഫയുടെ പ്രാതിനിധ്യം വഹിക്കുകയാണെന്ന് പറയുമായിരുന്നു. ഇതുപോലെതന്നെ മരണങ്ങൾ ഉണ്ടാകുമ്പോഴും സന്താപാവസരത്തിലും ആളുകളുടെയടുക്കൽ പോകുകയും ആവശ്യക്കാരുടേയും രോഗികളുടേയും വിവരങ്ങൾ അന്വേഷിക്കുകയും ചെയ്യുമായിരുന്നു. അസുഖമുണ്ടെങ്കിലും കൃത്യസമയത്ത് ഓഫീസിലെത്തുകയും മുഴുവൻ സമയം ഓഫീസിലിരുന്നു ജോലിചെയ്യുകയും ചെയ്യുക എന്നത് അദ്ദേഹത്തിന്റെ ശീലവുമായിരുന്നു. അവസാന രോഗത്തിന്റെ ദിനങ്ങളിലും ഓഫീസിൽ വരുകയും ആളുകളെ ഒന്നും അവിടെ കാണാതിരിക്കുകയും ചെയ്തപ്പോൾ, 'ഈ സാധുവിന് ഓഫീസിൽ വരാൻ കഴിയുന്നുണ്ടെങ്കിൽ മറ്റുള്ളവർക്ക് എന്തുകൊണ്ട് വന്നുകൂടാ' എന്ന് പറഞ്ഞ് അദ്ദേഹം ഒരു സർക്കുലർ പുറപ്പെടുവിച്ചു. സംഘടനാപരമായി പിടിക്കേണ്ടി വരുമ്പോൾ പിടിക്കുകയും വളരെ സൗമ്യമായി മനസ്സിലാക്കിക്കൊടുക്കുകയും ചെയ്യുമായിരുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റ)ന്റെ വഫാത്ത് പാക്കിസ്താനിലെ ഇസ്‌ലാമാബാദിലായിരുന്നു. അവിടെ ജനാസ നമസ്കരിപ്പിച്ചത് ഇദ്ദേഹമായിരുന്നു. കാരണം ഇദ്ദേഹം അഞ്ചുമന്റെ പ്രതിനിധിയായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഉം അവിടെ ഉണ്ടായിരുന്നു. അദ്ദേഹത്തോടു താങ്കൾ മൂത്തതാണെന്നും നമസ്കരിപ്പിക്കുക എന്നും പറഞ്ഞപ്പോൾ താങ്കൾ നമസ്കരിപ്പിക്കുക എന്നായിരുന്നു ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് മിർസാ ഖുർശീദ് അഹ്മദ് സാഹിബിനോടു പറഞ്ഞത്; കാരണം താങ്കൾ അഞ്ചുമന്റെ പ്രതിനിധിയാണ്. ഇപ്രകാരംതന്നെ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റ)ന്റെ മയ്യിത്തു കുളിപ്പിക്കുക എന്ന ബഹുമതിയും അദ്ദേഹത്തിനു ലഭിച്ചു.

മിർസാ ഗുലാം അഹ്മദ് സാഹിബ് എഴുതുന്നു: 74ലെ മോശമായ നാളുകളിൽ ഇദ്ദേഹം രണ്ടുമൂന്നു മാസം അവിടെ താമസിച്ചു. അതിനുശേഷം അവസ്ഥകൾ നന്നായപ്പോൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്) വീട്ടിൽ പൊയ്ക്കൊള്ളാൻ പറഞ്ഞു. പക്ഷേ, അദ്ദേഹം ചെയ്തിരുന്ന ജോലിയുടെ റിപ്പോർട്ട് നിത്യവും രാവിലെ നാശ്ത കഴിക്കാൻ വരുമ്പോൾ കൊടുക്കണമായിരുന്നു. ഇദ്ദേഹം നിത്യവും മുടക്കമൊന്നും കൂടാതെ നിർദേശങ്ങൾ കൊണ്ടുപോകുമായിരുന്നു. അടുത്തദിവസം വന്ന് അത് പ്രാവർത്തികമാക്കിയതിന്റെ റിപ്പോർട്ടും നല്കുമായിരുന്നു.' ഇപ്രകാരംതന്നെ മിർസാ ഗുലാം അഹ്മദ്

## ഇർശാദെ നബവി(സ):-

**"നമസ്കാരം അതിന്റെ നിശ്ചിതസമയത്ത് നിർവഹിക്കലാകുന്നു അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ട കർമം."**
**(ബുഖാരി, മുസ്‌ലിം)**

**ത്വാലിബെ ദുആ:**
**മുഹമ്മദ് സ്വഫ്‌വാനും കുടുംബവും, എറണാകുളം ജില്ലാ ഖായിദ് (കേരള)**

## ഇർശാദെ നബവി(സ):-

**"നിന്റെ ഏറ്റവും നല്ല സഹവാസത്തിന് കടമപ്പെട്ടത് നിന്റെ മാതാവാകുന്നു; അതുകഴിഞ്ഞാൽ നിന്റെ പിതാവ്"**
**(ബുഖാരി, മുസ്‌ലിം)**

**ത്വാലിബെ ദുആ:**
**ഖാഇദ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ആലപ്പുഴ(കേരള)**

സാഹിബ് എഴുതുന്നു: ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്)ന്റെ വഫാത്തിനുശേഷം ഖിലാഫത്തെ റാബിആയുടെ തിരഞ്ഞെടുപ്പിന്റെ രണ്ടാമത്തെ ദിവസം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അലയ്സല്ലാഹുവിന്റെ മോതിരം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്ന്റെ കൈയിൽനിന്ന് എവിടെയോ misplace ആയി. ഖലീഫത്തുൽ മസീഹ് റാബിഅ് ചിന്താകുലനായി. അദ്ദേഹം മിർസാ ഖുർശീദ് അഹ്മദ് സാഹിബിനെ വിളിപ്പിച്ചു. പറഞ്ഞു: 'ഇദ്ദേഹം എന്നോടു കൂറു പുലർത്തുന്നയാളാണ്. എല്ലാ ഖിലാഫത്തിനോടും കൂറു പുലർത്തുന്നയാളാണ്. അതിനാൽ അദ്ദേഹത്തോടുമാത്രം ഇങ്ങനെ കാണാതായിരിക്കുന്നുവെന്നും തിരയുക എന്നും പറഞ്ഞു; അല്ലാഹുവിന്റെ കൃപയാൽ പിന്നീടത് കിട്ടുകയും ചെയ്തു. കഴിഞ്ഞവർഷം അദ്ദേഹത്തിന്റെ ഭാര്യയും വഫാത്തായി. അതിനുശേഷം ഇദ്ദേഹത്തിനും തീരെ സുഖമില്ലാതായി. ഹൃദയസംബന്ധമായ രോഗം ആദ്യം മുതലേ ഉണ്ടായിരുന്നു. ജൽസയ്ക്കു വരാൻ ഞാൻ പറഞ്ഞിരുന്നു. യാത്ര ചെയ്യാൻ കഴിയില്ല എന്നാണ് അദ്ദേഹം വിചാരിച്ചത്. പക്ഷേ, എന്തായാലും വന്നു. ഇവിടെ വന്നതിനുശേഷം ആരോഗ്യം മെച്ചപ്പെട്ടു. വളരെ ഉന്മേഷവാനായിരുന്നു. നിത്യവും രാത്രി എന്നെ കാണാനും വന്നിരുന്നു.

ലാഹോർ ലജ്ന സ്വദർ ഫൗസിയ ശമീം സാഹിബ് പറയുന്നു: ഇവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഏറ്റവും ചെറിയ മകൾ ഹദ്റത്ത് നവാബ് അമത്തുൽ ഹഫീള് ബീഗം സാഹിബയുടെ മകളാണ് പറയുന്നു: നാളിർ അഅ്ലാ ആയതിനുശേഷം അദ്ദേഹത്തിന്റെ ഗുണങ്ങൾ വ്യക്തമായി മുന്നിൽ വന്നു. അങ്ങേയറ്റം വിനയനായ ദീനിസേവകനായിരുന്നു. ഞാൻ പല പ്രാവശ്യവും അദ്ദേഹത്തിനെ ജോലി ആവശ്യാർഥം ഫോൺ ചെയ്തിട്ടുണ്ട്. മീറ്റിംഗിലാണെങ്കിൽ കുറച്ചു കഴിഞ്ഞ് വീണ്ടും ഫോൺ ചെയ്യുമായിരുന്നു. പലപ്രാവശ്യവും എന്റെയടുത്ത് മർയം ശാദി ഫണ്ടിന്റെ അപേക്ഷ വരികയും പെട്ടെന്ന് പണം വേണമെന്ന് പറയുകയും ചെയ്തിട്ടുണ്ട്. ഞാൻ ഫോൺ ചെയ്യും, വിഷമവും നിർബന്ധിതാവസ്ഥയും പറയും. അപ്പോൾ അങ്ങേയറ്റം സഹനത്തോടെ പറയും, 'അമീർ സാഹിബിനോടു പണം വാങ്ങിക്കൊള്ളുക. അല്ലെങ്കിൽ സ്വയം ഏർപ്പാടാക്കുക. തുക അയക്കുന്നതാണ്. വലിയ സഹതാപിയായിരുന്നു.' പറയുന്നു: 'അദ്ദേഹത്തെപോലെ സഹതാപമുള്ള ഒരാളെ ഞാൻ കണ്ടിട്ടില്ല.' ഒരിക്കൽ നമ്മുടെ ഗ്രാമത്തിലെ ഒരു യുവതിക്ക് ഒരു പരീക്ഷണമുണ്ടായി. പെൺകുട്ടി കൈവിട്ടുപോകുന്ന അവസ്ഥയിലായിരുന്നു. ഒരു വിധത്തിലും സമ്മതിക്കുന്നുണ്ടായിരുന്നില്ല. ഞാൻ ഇദ്ദേഹത്തിനു ആ കേസ് അയച്ചുകൊടുത്തു. ഇദ്ദേഹം അങ്ങേയറ്റം സഹതാപത്തോടും സ്നേഹത്തോടുംകൂടി ആ പ്രശ്നം Handle ചെയ്തു. ആ ദിനങ്ങളിൽ ഇദ്ദേഹം ഖാദിയാനിലും പോകുകയായിരുന്നു. ജൽസയുടെ നാളുകളായിരുന്നില്ല അത്. എന്നോടു പറഞ്ഞു: "ഞാൻ ഖാദിയാനിൽ ചെന്ന് ബയ്ത്തുദ്ദുആയിൽ പോയി ഈ പെൺകുട്ടിക്കു വേണ്ടി പ്രത്യേകം ദുആ ചെയ്യുന്നതാണ്."പറയുന്നു: അൽഹംദുലില്ലാഹ് ആ പെൺകുട്ടി നേരായ വഴിയിൽ വന്നു. അവളുടെ വിവാഹവും കഴിഞ്ഞു. വിവാഹം കഴിഞ്ഞപ്പോൾ അവൾക്ക് മനോഹരമായ ആഭരണങ്ങളുടെ ഒരു സെറ്റും അയച്ചുകൊടുത്തു. അതിനുശേഷം വിവരം അന്വേഷിച്ചുകൊണ്ടിരുന്നു. വളരെ വാത്സല്യമുള്ള ആളായിരുന്നു.

ഞാൻ അഭിപ്രായം ചോദിച്ചപ്പോഴെല്ലാം ശരിയായ അഭിപ്രായം നല്കിയിരുന്നു. അങ്ങേയറ്റം ദുആ ചെയ്യുന്ന ആളായിരുന്നു. ഇപ്പോൾ അത്തരം മഹാത്മാക്കളെ എവിടന്ന് കിട്ടാനാണ്. മനസ്സ് അലിഞ്ഞുപോയിരിക്കുന്നു. ഇവർ എനിക്കെഴുതുന്നു: അല്ലാഹു ഖിലാഫത്തിന് നിഅ്മുൽബദ്ൽ(പകരം നല്ലയാളെ) നല്കുമാറാകട്ടെ. അല്ലാഹു കുടുംബത്തിലും അദ്ദേഹത്തിന്റെ സ്ഥലം ഏറ്റെടുക്കുന്ന ആളെ കൊണ്ടുവരുമാറാകട്ടെ.

വക്കീലെ അഅ്ലാ തഹ്രീക്കെ ജദീദ് ചൗദരി ഹമീദുല്ലാഹ് സാഹിബ് എഴുതുന്നു: 1954ൽ തഅ്ലീമുൽ ഇസ്ലാം കോളേജ് ലാഹോറിൽനിന്ന് റബ്വയിലേക്ക് മാറിയപ്പോൾ ഇംഗ്ലീഷ് പഠിപ്പിച്ചിരുന്നത് അനഹ്മദി അധ്യാപകനായിരുന്നു. അദ്ദേഹം ലാഹോറിൽ തന്നെനിന്നു. റബ്വയിൽ വന്നില്ല. അതിനുശേഷം മിയാൻ ഖുർശീദ് അഹ്മദ് സാഹിബ് തന്നെയാണ് 1950–ൽ ഇംഗ്ലീഷ് വിഭാഗത്തെ പുതിയ രീതിയിൽ ഓർഗനൈസ് ചെയ്തത്. അദ്ദേഹത്തിന്റെ ഇംഗ്ലീഷ് വളരെ നല്ലതായിരുന്നു. അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ കോളേജിൽ ഇംഗ്ലീഷിന്റെ നിലവാരം വളരെ പെട്ടെന്ന് അഭിവൃദ്ധിപ്പെട്ടത് ഞങ്ങൾക്ക് ഓർമയുണ്ട്.'.

വീണ്ടും ഇദ്ദേഹത്തെക്കുറിച്ചു ചൗദരി ഹമീദുല്ലാഹ് സാഹിബ് എഴുതുന്നു. മൃദുലസ്വാഭാവത്തിന്റെ ഉടമയായിരുന്നു. മാപ്പുകൊടുക്കലും വിട്ടുവീഴ്ച ചെയ്യലും ഒരു പാടുണ്ടായിരുന്നു. ദരിദ്രരെ വ്യക്തിപരമായ നിലയിലും ജമാഅത്തിന്റെ ഭാരവാഹി എന്ന നിലയിലും ഒരുപാടു സഹായിച്ചിരുന്നു.' വീണ്ടും പറയുന്നു: കോളേജ് കാലഘട്ടത്തിലും ജൽസാ സാലാനയിലും ഖുദ്ദാമുൽ അഹ്മദിയ്യായിലും അൻസ്വാറുല്ലായിലും ഖാദിയാനിലെ ജൽസാകളുടെ ഏർപ്പാടുകളിലും എല്ലാ കാര്യത്തിലും എന്നെ സഹായിച്ചു. ആളുകളുടെ സന്താപങ്ങളിലും സന്തോഷങ്ങളിലും തീർച്ചയായും പങ്കെടുക്കുമായിരുന്നു. വിവാഹമാണെങ്കിലും മരണമാണെങ്കിലും നിർബന്ധമായും അവിടെ എത്തുമായിരുന്നു. ഒരിക്കൽ ജൽസാ സാലാനയിലെ പഴയൊരു ഉദ്യോഗസ്ഥൻ വഫാത്തായി. മിയാൻ സാഹിബ് അതറിഞ്ഞില്ല. അദ്ദേഹത്തിനു വളരെ വിഷമമുണ്ടായി. നളാറത്ത് ഉൽയായിലെ ഉദ്യോഗസ്ഥൻ ത്വഫൈൽ സാഹിബ് പറയുന്നു: അസംഖ്യം സവിശേഷഗുണങ്ങളുടെ ഉടമയായിരുന്നു. അതു വിവരിക്കുക അസംഭാവ്യമാണ്. അവിടന്ന് അങ്ങേയറ്റം വാത്സല്യവാനും സ്നേഹിക്കുന്നയാളും ഇണക്കമുള്ള വ്യക്തിയും മൃദുലഹൃദയനും ദു:ഖിതരോടും ബുദ്ധിമുട്ടുകളിൽ അകപ്പെട്ടു കിടക്കുന്നവരോടും സഹതാപമുള്ളയാളും സാദപ്രകൃതക്കാരനുമായിരുന്നു. പക്ഷേ, അങ്ങേയറ്റം അഭിമാനമുള്ള വ്യക്തിത്വത്തിന്റെ ഉടമയും വളരെ പ്രിയപ്പെട്ട അസ്തിത്വവുമായിരുന്നു. ഈ സാധുവിനു കുറഞ്ഞതു 10 വർഷം അദ്ദേഹത്തിന്റെ സഹവാസത്തിലും തണലിലും ജോലി ചെയ്യാൻ ഭാഗ്യമുണ്ടായി. എപ്പോഴെങ്കിലും വെറുപ്പോ ദ്വേഷമോ പ്രകടിപ്പിച്ചതായി എനിക്കോർമയില്ല. എന്തെങ്കിലും തെറ്റു സംഭവിച്ചാൽതന്നെ അങ്ങേയറ്റം വാത്സല്യത്തോടും മൃദുഭാവത്തോടും സ്നേഹത്തോടും ഉപദേശിക്കുമായിരുന്നു.

നിളാറത്തെ ഉൽയായിൽ ജോലി ചെയ്യുന്ന മുറബ്ബി ഖാജ മുള്ഫർ സാഹിബ് പറയുന്നു: അവിടന്ന് ദീർഘമായ രോഗത്തെ സഹനത്തോടും ക്ഷമയോടും നേരിട്ടു. ഈ സാധുവിന് അദ്ദേഹത്തിന്റെ അടുത്തുനിന്ന് ദീർഘനാൾ സേവനം ചെയ്യാനുള്ള തൗഫീഖ് കിട്ടി. അദ്ദേഹം അങ്ങേയറ്റം ദയാലുവും പിതാവിനെക്കാളുപരി വാത്സല്യത്തിന്റെയും കാരുണ്യത്തിന്റെയും സൃഷ്ടിസേവനത്തിന്റെയും ഉന്നത സ്ഥാനത്ത് നിലകൊണ്ട ദേഹവുമായിരുന്നു. ഇത് ഞാൻ പല പ്രാവശ്യവും അനുഭവിച്ചറിഞ്ഞിട്ടുണ്ട്. ആവശ്യക്കാരായ ഏതെങ്കിലും സ്ത്രീയോ പുരുഷനോ വന്നാൽ, അദ്ദേഹവുമായി കൂടിക്കാഴ്ച നടത്താൻ കൊണ്ടുപോകുമായിരുന്നു. അവിടന്ന് കട്ടിൽ, ടി.വി, ബിസ്തർ അല്ലെങ്കിൽ സാമ്പത്തിക സഹായത്തിന് അനുവാദം നല്കുമായിരുന്നു. പക്ഷേ, ചില സമയങ്ങളിൽ അവർ പോയതിനുശേഷം എന്നെ തടഞ്ഞുനിറുത്തി 'അവരുടെ വീട്ടിൽപോയി അന്വേഷിച്ചതിനുശേഷം എനിക്ക് അവരെക്കുറിച്ച് വിവരം നല്കണം' എന്ന് പറയുമായിരുന്നു. മുറബ്ബി സാഹിബ് പറയുന്നു: രണ്ടാം ദിവസം ഞാൻ റിപ്പോർട്ട് കൊടുക്കുമ്പോൾ പറയും:'നമ്മൾ കൊടുത്തതിനേക്കാൾ കൂടുതൽ ഇയാൾ ആവശ്യക്കാരനാണെന്ന് മനസ് പറയുന്നു.' ഇത്രമാത്രമല്ല, സഹായം ആവശ്യപ്പെടുമ്പോൾ അനുവദനീയമായ സഹായം ലഭ്യമാക്കുന്നതിന് സ്വന്തം നിലയിലും അന്വേഷിച്ചറിയുമായിരുന്നു. ഇദ്ദേഹം എഴുതുന്നു:'അങ്ങേയറ്റം ഉപകാരിയും, സഹിഷ്ണുവും മുഖത്ത് മന്ദഹാസവും വിനയവും വിട്ടുവീഴ്ച ചെയ്യുന്നയാളുമായിരുന്നു. ഏതെങ്കിലും പരാതിക്കാരന്റെ പരാതിയോ അല്ലെങ്കിൽ ആരുടെയെങ്കിലും ആഗ്രഹമനുസരിച്ച് അയാളുടെ ആവശ്യം പൂർത്തിയാക്കാൻ പറ്റാതെ വരികയോ ചെയ്താൽ സ്നേഹത്തോടെ മനസ്സിലാക്കിക്കൊടുക്കുമായിരുന്നു. ദീർഘസമയംവരെ കാര്യം കേട്ടിരിക്കുമായിരുന്നു.' ക്ഷമയോടുകൂടി കാര്യം കേൾക്കുക എന്നത് ജമാഅത്തിലെ എല്ലാ ഉദ്യോഗസ്ഥന്മാരുടേയും നിർബന്ധ കടമയാണ്. ക്ഷമയോടുകൂടി ആളുകളുടെ കാര്യങ്ങൾ കേൾക്കുകയാണെങ്കിൽ ധാരാളം പ്രശ്നങ്ങളും എന്നല്ല പരാതികളും അകന്നുപോകുന്നതാണ്. മുറബ്ബി സാഹിബ് എഴുതുന്നു: ഒരിക്കൽ ഓഫീസിൽ ഒരാൾ നിന്ന നില്പിൽത്തന്നെ കാര്യം അവതരിപ്പിച്ചു. നല്കിയ അപേക്ഷ അക്ഷമ പ്രകടിപ്പിച്ചുകൊണ്ട് ദ്വേഷത്തിൽ കീറി കഷണം കഷണമാക്കി. അവിടന്ന് നിശബ്ദനായിരുന്നു. അയാൾക്കു വേണ്ടി ദുആ ചെയ്തുകൊണ്ടിരിക്കുകയായിരുന്നുവെന്നു തോന്നുന്നു. പറയുന്നു: ഞാൻ അടുത്തു തന്നെ നില്പുണ്ടായിരുന്നു. അയാളുടെ ഈ മര്യാദകേട് കണ്ടു എന്തെങ്കിലും പറയാമെന്നു കരുതി. പക്ഷേ, അവിടന്നു പറഞ്ഞു: ഒന്നും പറയണ്ട, പൊയ്ക്കോട്ടെ! അയാളെ ഒന്നും പറയരുത്. ഓരോരുത്തർക്കും അവരുടേതായ രീതിയുണ്ട്. പറയുന്നു: അവിടത്തെ സഹനവും സഹിഷ്ണുതയും വിശാലമനസ്കതയും കണ്ട് അസൂയ ഉണ്ടാകുമായിരുന്നു. ക്ഷീണിതനായിരുന്നിട്ടും, രോഗം കാരണത്താൽ ക്ഷീണിതനായിരുന്നിട്ടും ഇത്രമാത്രം ദൃഢമായ ശക്തികളുടെ ഉടമയായിരുന്നു.

അദ്ദേഹത്തിന്റെ ഓർമശക്തിയും സ്തുത്യർഹമായിരുന്നു. യുക്തിപരമായ ചിന്തയായിരുന്നു. നൂറുക്കണക്കിന് കത്തുകളും റിപ്പോർട്ടുകളും നിത്യവും വായിക്കുമായിരുന്നു. പക്ഷേ, പല പ്രാവശ്യവും മാസങ്ങൾക്കു മുമ്പേ ഫയലായി കഴിഞ്ഞിട്ടുള്ള ഏതെങ്കിലും കാര്യം പല മാസങ്ങൾക്കുശേഷം അപേക്ഷകൻ ദുആയ്ക്കോ അല്ലെങ്കിൽ തുടർനടപടിക്കോ വേണ്ടി ചോദിക്കുമ്പോൾ കമ്പ്യൂട്ടറിലെ ഉദ്യോഗസ്ഥൻ അത് അന്വേഷിച്ചുകൊണ്ടിരിക്കുമ്പോൾത്തന്നെ, എന്ത് നടപടിയാണ് ഉണ്ടായത്, എന്ത് നിർദ്ദേശമാണ് നല്കപ്പെട്ടത്, എത്ര കടലാസുകളാണുണ്ടായിരുന്നത്, എവിടെയായിരിക്കും ഉണ്ടാകുക തുടങ്ങിയ കാര്യങ്ങൾ അദ്ദേഹത്തിന് ഓർമയുണ്ടാകും. തന്റെ ഓഫീസിലെ ഫയലുകളും അദ്ദേഹത്തിന് ഓർമയുണ്ടാകുമായിരുന്നു. തന്റെ കാര്യങ്ങളിൽ പൂർണമായ കഴിവുണ്ടായിരുന്നു.

നാളിം ഖളാ ജാവേദ് സാഹിബ് പറയുന്നു: ഒരിക്കൽ ഒരു കാര്യത്തിൽ ഭർത്താവ് –അയാൾ ഏതവസ്ഥയിലും രഞ്ജിപ്പ് ആഗ്രഹിച്ചിരുന്നു, ഏകദേശം എല്ലാ കാര്യങ്ങളും പരിഹരിക്കപ്പെടുകയും ചെയ്തിരുന്നു. പക്ഷേ, ഭാര്യയിൽനിന്ന് ഡിമാന്റുണ്ടാ

## ഇർശാദെ നബ്‌വി(സ):–

"ഉപജീവനത്തിൽ ഐശ്വര്യമുണ്ടാകാനും ദീർഘായുസ്സ് ലഭിക്കാനും വല്ലവനും ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്റെ കുടുംബബന്ധം പുലർത്തിക്കൊള്ളട്ടെ.'

(ബുഖാരി, മുസ്‌ലിം)

**ത്വാലിബെ ദുആ:**
**സുനിൽ അഹ്മദ്,അഹ്മദിയ്യാ ജമാഅത്ത്, മാത്ര. (കേരള)**

## ഇർശാദെ നബ്‌വി(സ):–

"പ്രത്യുപകാരം ചെയ്യുന്നവൻ കുടുംബബന്ധം പുലർത്തുന്നവനല്ല. പക്ഷേ, കുടുംബബന്ധം മുറിക്കപ്പെടുമ്പോൾ അതിനെ നിലനിറുത്തുന്നവനാണ് കുടുംബബന്ധം ചേർക്കുന്നവൻ."

(ബുഖാരി)

**ത്വാലിബെ ദുആ:**
**അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ, പള്ളൂരുത്തി (കേരള)**

യിരുന്നു. തന്റെ കൈയിൽ നിന്നു വാങ്ങിയ തുക തിരിച്ചു നല്കണമെന്ന്. പക്ഷേ, ഭർത്താവിന്റെ സാമ്പത്തിക സ്ഥിതി വളരെ മോശമായിരുന്നു. നാളിം ഖളാ പറയുന്നു: ഞാൻ നേരിട്ടു പോയി, ‘കുറച്ചു താങ്കൾ തരിക, കുറച്ചു ഞാൻ എവിടെനിന്നെങ്കിലും ഉണ്ടാക്കിക്കൊള്ളാ’മെന്നു മിയാ സാഹിബിനോടു അപേക്ഷിച്ചു. പിന്നീട് ഞാൻ അദ്ദേഹത്തോടു പറഞ്ഞു: ‘താങ്കൾ വലിയ ആളാണ്, മുഴുവനും താങ്കൾ തന്നെ തരിക.’ അപ്പോൾ ചിരിച്ചുകൊണ്ടു പറഞ്ഞു; ‘ഈ രീതിയിൽ അവളുമായി രഞ്ജിപ്പ് ആകുമെങ്കിൽ എഴുതി അയക്കുക.’ അങ്ങനെ ആ തുക നല്കി. കുറച്ചു മിനിട്ടിനുള്ളിൽ അവരുടെ രഞ്ജിപ്പിന്റെ കാര്യം പരിഹരിക്കപ്പെട്ടു.

ഫള്ലെ ഉമർ ഫൗണ്ടേഷന്റെ മുറബ്ബിയാണ് റബ്ബാനി സാഹിബ്. അദ്ദേഹം പറയുന്നു: ഈ സാധുവിന്റെ സഹോദരിമാർ ഒരിക്കൽ റബ്വയിൽ വന്നു, അവർക്ക് ത്വക്ക് രോഗമായിരുന്നു. അവർ വൃത്തി വിചാരിച്ചു പുതിയ അതിഥിമന്ദിരത്തിൽ താമസിക്കാൻ അനുവാദം ചോദിച്ചു. സംഘാടകർ ചില നിയമങ്ങൾ കാരണത്താൽ എന്റെ സഹോദരിമാരോടു പറഞ്ഞു, പ്രത്യേകാനുവാദം നാളിർ അഅ്ലായിൽ നിന്നു കിട്ടുന്നതാണ്. അവർ പറയുന്നു: ഞങ്ങൾ അമ്പരന്നുപോയി. ജമാഅത്തിന്റെ ഉന്നത സ്ഥാനത്ത് ഉപവിഷ്ഠനായിരിക്കുന്ന തിരക്കുള്ള വ്യക്തിത്വത്തെ എങ്ങനെ കാണാനാണ്? ഞങ്ങൾക്ക് സമയം തരുമോ, ഇല്ലേ? പക്ഷേ, എന്തായാലും ഞങ്ങൾ പോയി. അദ്ദേഹം ഞങ്ങളെ ഓഫീസിലേക്ക് വിളിപ്പിച്ചു. വാത്സല്യവാനായ പിതാവിനെ പോലെ പെൺമക്കളെന്ന നിലയിൽ ഞങ്ങളെ ട്രീറ്റ് ചെയ്തു. ക്ഷണത്തിൽ ഞങ്ങളുടെ ബുദ്ധിമുട്ടുകളകറ്റി. അനുവാദവും തന്നു. പറയുന്നു; ഇക്കാരണത്താൽ ഞങ്ങളും ജമാഅത്തിന്റെ വ്യവസ്ഥിതിയോടുള്ള വിശ്വാസത്തിൽ കൂടുതൽ ഉറച്ചുനിന്നു. ഞങ്ങളുടെ ഈമാനിലും വർധന ഉണ്ടായി.

ഖോശാബ് ജില്ല അമീർ മുനവ്വർ മജോക്കെ സാഹിബ് എഴുതുന്നു: ഉന്നതനായൊരു സംഘാടകനും അങ്ങേയറ്റം ബഹുമാന്യനും ജനങ്ങൾക്ക് ഫലപ്രദമായ വ്യക്തിയുമായിരുന്നു. നിർബന്ധകാര്യങ്ങൾ നിറവേറ്റുന്നതിൽ അങ്ങേയറ്റം നിസാരവും വളരെ ചെറിയതുമായ കാര്യങ്ങൾപോലും ശ്രദ്ധിക്കാറുണ്ടായിരുന്നു. സാധുസംരക്ഷണത്തേയും അതിസൂക്ഷ്മമായ ദൃഷ്ടിയോടെ നിർബന്ധകാര്യങ്ങൾ നിർവഹിക്കുന്നതിനേയും സംബന്ധിച്ച് ഒരു ചെറിയ സംഭവം പറയാം. അതെന്റെ മനസ്സിൽ അദ്ദേഹത്തിന്റെ മഹത്തായ വ്യക്തിത്വത്തിന്റെ ഒരിക്കലും മായാത്ത ചിത്രമാണ് കോറിയിട്ടിരിക്കുന്നത്. പറയുന്നു: ഏകദേശം 2015 തുടക്കത്തിൽ നടന്ന സംഭവമാണ്. ഞാനെന്റെ ഓഫീസിൽ ഇരിക്കുകയായിരുന്നു. ദരിദ്രരായ രണ്ടു സ്ത്രീകൾ വന്നു. ഖോശാബ് ജില്ലയുമായിട്ടായിരുന്നു അവരുടെ ബന്ധം. അവർ എന്റെയടുത്തു വന്നു. നാളിർ അഅ്ലാ സാഹിബ് തങ്ങളെ താങ്കളുടെയടുക്കൽ അയച്ചതാണെന്ന് പറഞ്ഞു; സഹായത്തിനുള്ള ഞങ്ങളുടെ അപേക്ഷയിൽ ജില്ലാ അമീർ സാഹിബ് ശിപാർശ ചെയ്യാനും ഒപ്പിടാനും പറഞ്ഞിരിക്കുന്നു. പറയുന്നു: ഞാൻ ആ സ്ത്രീകളോടു വിവരങ്ങൾ അന്വേഷിക്കുകയും ഈ അപേക്ഷ കേന്ദ്രത്തിലേക്ക് അയക്കുന്നതിനു പകരം ഞങ്ങൾതന്നെ ജില്ലാതലത്തിൽ സഹായിച്ചുകൊള്ളാമെന്ന് തീരുമാനിക്കുകയും ചെയ്തു. അവർ രണ്ടുപേരേയും ഞങ്ങളുടെ ജില്ലാ സിക്രട്ടറി ഉമൂറെ ആമയുടെ അടുക്കൽ അയച്ചു. അവരെ സഹായിക്കുകയും ചെയ്തു. പറയുന്നു: രണ്ടാമത്തെ ദിവസം ഞാൻ ഓഫീസിൽ ഇരിക്കുകയായിരുന്നു. മിയാസാഹിബിന്റെ ഫോൺ വന്നു. എന്നോട് അന്വേഷിച്ചു, ഇന്നലെ താങ്കളുടെയടുക്കൽ താങ്കളുടെ ജില്ലയിലെ രണ്ടുപാവപ്പെട്ട സ്ത്രീകളെ ഒപ്പും ശിപാർശയും ചെയ്യുന്നതിനുവേണ്ടി ഞാൻ അയച്ചിരുന്നു. അവർ ഇന്ന് രണ്ടാം ദിവസവും സഹായം വാങ്ങുന്നതിന് എന്റെയടുക്കൽ എത്തിയിട്ടില്ല. താങ്കൾ അവരെ മടക്കി അയച്ചോ, എന്നോർത്ത് എനിക്ക് വിഷമമുണ്ട്. അതുകൊണ്ട് കൃത്യസമയത്ത് അവരെ സഹായിക്കാൻ ശിപാർശ ചെയ്ത് എന്റെയടുക്കൽ വേഗം അയക്കുക. പറയുന്നു: അപ്പോൾ ഞാൻ പറഞ്ഞു: ജില്ലാതലത്തിൽ ഞങ്ങൾ അവരെ സഹായിച്ചതുകൊണ്ടാണ് അങ്ങയുടെ അടുക്കൽ അയക്കാതിരുന്നത്. അമീർ സാഹിബ് എഴുതുന്നു: ഈ ചെറിയ സംഭവത്തിൽനിന്ന് അദ്ദേഹത്തിന്റെ ദരിദ്രരെ സഹായിക്കുന്നതിന്റേയും സൃഷ്ടിസേവനത്തിന്റേയും ചെറിയ ചെറിയ കാര്യങ്ങൾപോലും ശ്രദ്ധിക്കുന്നതിന്റേയും അവിടത്തെ ഉന്നത വ്യക്തിത്വത്തിന്റെ ഒരു നിസാരമായ അഭിവാദനമാണ്.

ഈ ബോധമാണ് നമ്മുടെ എല്ലാ ഭാരവാഹികളിലും ഉണ്ടാകേണ്ടത്; എങ്ങനെ ജോലി ചെയ്യണം, നടപടിയെടുക്കുന്നതിനായി അയക്കുക എന്നതു മാത്രമല്ല മറിച്ച് ഏതു അപേക്ഷ വന്നാലും അപേക്ഷകൻ സ്വയം ഫോളോഅപ്(follow up) ചെയ്യാൻ ശ്രമിച്ചുകൊണ്ടിരിക്കും. പക്ഷേ ഉദ്യോഗസ്ഥന്മാരും അതിൽ നടപടി ഉണ്ടാകുന്നതുവരെ പരാതി അകലുന്നതുവരെ ഏതൊരു കാര്യമാണെങ്കിലും അതു പരിഹരിക്കുന്നതുവരെ അക്കാര്യം നോക്കേണ്ടതാണ്. അതുവെച്ച് താമസിപ്പിക്കുന്നതിനു പകരം പരിശ്രമിച്ച് പരിഹാരം കണ്ടെത്തേണ്ടതാണ്. ഓരോ ഉദ്യോഗസ്ഥനിലും ഈ ശീലമുണ്ടാകുകയാണെങ്കിൽ നമ്മുടെ ഒരുപാട് പ്രശ്നങ്ങൾ അവസാനിക്കുന്നതാണ്.

ഹാഫിള് മുള്ഫർ അഹ്മദ് സാഹിബ് എഴുതുന്നു: ജമാഅത്തോടുകൂടിയുള്ള നമസ്കാരനിർവഹണത്തിന് അദ്ദേഹം ഒരു മനോഹര മാതൃകയായിരുന്നു. അൻസ്വാറുല്ലാഹ് സ്വദ്റായപ്പോൾ, ആവർത്തിച്ചാവർത്തിച്ച് എല്ലാ മീറ്റിംഗുകളിലും ജമാഅത്തായുള്ള നമസ്കാരത്തേയും നമസ്കാരം നിലനിറുത്തുന്നതിനേയും കുറിച്ച് പറയുമായിരുന്നു. എന്നല്ല സ്വയം പറയുമായിരുന്നു, ‘നിങ്ങൾ പറയുമായിരിക്കും വെറും ഒരേയൊരു കര്യത്തിൽ ഇയാളുടെ സൂചി കുടുങ്ങികിടക്കുകയാണെന്ന്. പക്ഷേ, ഞാനെന്തു ചെയ്യാനാണ്. ഈ ചുമതല നിർവഹിക്കപ്പെടാത്തിടത്തോളം ഓർമിപ്പിച്ചുകൊണ്ടിരിക്കുക എന്നത് എന്റെ നിർബന്ധകടമയാണ്.’ ചില ഉദ്യോഗസ്ഥരും ജമാഅത്തോടുകൂടിയ നമസ്കാരം അവിടെ നില്ക്കട്ടെ, ചിലപ്പോൾ നമസ്കാരങ്ങൾതന്നെ ഉപേക്ഷിച്ചുകളയുന്നത് ഞാൻ കണ്ടിട്ടുണ്ട്.

ഇതുപോലെ തന്നെ ചൂടാകട്ടെ തണുപ്പാകട്ടെ നിശ്ചിതസമയത്ത് ഓഫീസിൽ നിന്നു തിരിച്ചുപോകുക എന്നത് അദ്ദേഹത്തിന്റെ മാമൂലായിത്തീർന്നു. പതിവായി സമയം പാലിച്ച് ഓഫീസിൽ വരികയും ഞങ്ങൾക്കു മാതൃകയാകുകയും ചെയ്തു.

ജമാഅത്തിന്റെ ഒരു ഉദ്യോഗസ്ഥൻ നളാറത്ത് ഉൽയായിലെ ക്ളാർക്ക് മുഹമ്മദ് അൻവർ സാഹിബ് എഴുതുന്നു: അദ്ദേഹത്തിന്റെ വാത്സല്യങ്ങളും കരുണകളും സ്നേഹങ്ങളും മറക്കുക എന്നതു ഏറെ ദുഷ്കരമാണ്. ക്ഷീണമുണ്ടായിട്ടും രോഗിയായിട്ടും സമയത്തിനു ഓഫീസിലെത്തും. ഓഫീസിലെ ജോലികളിൽ വ്യാപൃതനാകും. ദീനിസേവനത്തിന് എപ്പോഴും മുൻഗണന നല്കികൊണ്ടിരുന്നു. തന്റെ വഫാത്തിനു തലേദിവസം ജനുവരി ഒന്നിനും ഓഫീസിൽ വന്നു. ശ്വാസംമുട്ട് അധികമായുണ്ടായിരുന്നു. ശ്വാസമെടുക്കുന്നതിനു ഏറെ പ്രയാസപ്പെടുന്നതായി കണ്ടു. പക്ഷേ, വളരെ അച്ചടക്കത്തോടെ ആ ബുദ്ധിമുട്ട് മറച്ചുവെക്കാൻ ശ്രമിക്കുകയായിരുന്നു. പറയുന്നു: അദ്ദേഹം എന്നോടു പറഞ്ഞു: ‘ഇന്നു എനിക്കു നല്ല സുഖമില്ല. അതുകൊണ്ട് ഉടനെ വീട്ടിൽ പോകുന്നതാണ്. മുഴുവൻ സമയവും ഓഫീസിലിരിക്കാൻ കഴിയുകയില്ല. പെട്ടെന്ന് വീട്ടിൽ പോകുമെന്ന് ഞാൻ പറഞ്ഞതുകൊണ്ടുള്ള ഉദ്ദേശ്യം ഞാൻ പണി ചെയ്യുകയില്ല എന്നല്ല. അതുകൊണ്ട് ആ ക്ലാർക്കിനോടു പറഞ്ഞു, ഒപ്പിടേണ്ട പേപ്പറുകളെല്ലാം പെട്ടെന്ന് കൊണ്ടുവരിക.’ ഈ ഉദ്യോഗസ്ഥൻ പറയുന്നു: നിർദ്ദേശമനുസരിച്ച് ഞാൻ ഉടനെതന്നെ പോസ്റ്റു കൊണ്ടുകൊടുത്തു. കുറച്ചു വസിയ്യത്തിന്റെ ഫയലുകൾ ഒപ്പിടുവിച്ചപ്പോൾ ഞാൻ പറഞ്ഞു: നല്ല സുഖമില്ല. അതുകൊണ്ട് ബാക്കി ഫയലുകൾ പിന്നീട് ഒപ്പിടുവിക്കാം. പക്ഷേ, അദ്ദേഹം പറഞ്ഞു: ‘വേണ്ട മുഴുവൻ ഫയലുകളും ഒപ്പിടുവിച്ചു കൊള്ളുക; ഒന്നുമുണ്ടാകുകയില്ല.’ അതിനുശേഷം അത്യാവശ്യമായ നിർദേശങ്ങൾ നല്കി. ചില നാളിർമാരേയും ഓഫീസർമാരേയും കണ്ട് പോയി. ഇപ്രകാരം അദ്ദേഹം ദീനിസേവനം എങ്ങനെയാണ് ചെയ്യേണ്ടതെന്നും വഖ്ഫിന്റെ റൂഹ് എന്താണെന്നും ഞങ്ങൾക്ക് മനസിലാക്കിത്തന്നു.

മുറബ്ബി സിൽസില മലിക് മുഹമ്മദ് അഫ്ളൽ സാഹിബ് പറയുന്നു: മുഖം കുനിച്ച് മസ്ജിദിൽ ഇരിക്കുക, റമളാനിന്റെ അനുഗൃഹീത മാസത്തിൽ മുടങ്ങാതെ അസ്ർ നമസ്കാരത്തിനുശേഷം മസ്ജിദ് മുബാറക്കിൽ ഖുർആൻ ദർസിൽ ലയിച്ചുചേരുക, ആരെങ്കിലും എന്തെങ്കിലും പ്രശ്നം ഉന്നയിച്ചാൽ ആ പ്രശ്നം സന്തോഷത്തോടും സംതൃപ്തിയോടുംകൂടി കേൾക്കുകയും അയാളുടെ പ്രശ്നത്തിന് പരിഹാരം പറഞ്ഞുകൊടുക്കുകയും ചെയ്യുക റബ്വയിലെ കഴിഞ്ഞ ഓരോ ദിവസവും ദർശിച്ചിരുന്നത് അതാണ്. പറയുന്നു: ‘ജാമിആയിൽ പഠിക്കുന്നതിനിടയിൽ ഒരു പ്രാവശ്യം വളരെ പ്രയാസത്തിലായിരുന്നു. കാര്യം ഞാൻ മനസ്സിലാക്കിയതിനും അപ്പുറമായിരുന്നു. ദുആ മാത്രമേ അവസാന പരിഹാരം ഉണ്ടായിരുന്നുള്ളൂ. പറയുന്നു: ഞാൻ മിർസാ ഖുർശീദ് അഹ്മദ് സാഹിബിന്റെ സന്നിധിയിൽ അദ്ദേഹത്തിന്റെ ഓഫീസിൽ ചെന്നു. നല്ല തിരക്കുണ്ടായിരുന്നിട്ടും എന്നെ അദ്ദേഹം തന്റെ മുറിയിൽ വിളിപ്പിച്ചു. ഞാൻ എല്ലാ കാര്യങ്ങളും മുന്നിൽവച്ചപ്പോൾ–ഞാൻ ദുആ മാത്രമേ ഉദ്ദേശിച്ചിരുന്നുള്ളു, പക്ഷേ, അദ്ദേഹം എല്ലാ പ്രയാസങ്ങളും കേൾക്കുകയും സ്വയം ചോദ്യങ്ങൾ ചോദിക്കുകയും ചെയ്തു. ഓഫീസിൽ വരുന്നതിനുമുമ്പേ അദ്ദേഹത്തിന്റെ ഇത്രസമയമെടുക്കുമെന്ന് എന്റെ മനസ്സിൽപോലും ഉണ്ടായിരുന്നില്ല. അദ്ദേഹം വളരെ വാത്സല്യത്തോടെ പെരുമാറി. ധാരാളം സമയം എനിക്ക് നല്കി. അതിനുശേഷം അദ്ദേഹത്തിന്റെ ഓഫീസിൽനിന്ന് പുറത്തുവന്നപ്പോൾ മനസ്സിലൂടെ കടന്നുപോകുന്ന ഭാരം ലഘുവായി അനുഭവപ്പെട്ടു. മനസ്സിൽ ഒരു പുതിയ പ്രതീക്ഷയുണ്ടായിക്കൊണ്ടാണ്, മുറിയിൽനിന്ന് പുറത്തുവന്നത്.” മറ്റുള്ളവർക്ക് സമാധാനം നല്കുക എന്നത് എല്ലാ ഭാരവാഹികളുടെയും നിർബന്ധ കടമയായിരിക്കേണ്ടതാണ്.

ഇദ്ദേഹം എഴുതുന്നു: ലോലഹൃദയനും ആപാദചൂഢം വാത്സല്യമുള്ള മലക്കായ മനുഷ്യനായിരുന്നു. പറയുന്നു: ഒരു സുഹൃത്ത് എന്നോടു പറഞ്ഞു: ഞാൻ Teenager ആയിരുന്നപ്പോൾ ആദ്യമായി മോട്ടോർ ബൈക്ക് പഠിക്കുകയായിരുന്നു. മിയാൻ ഖുർശീദ് അഹ്മദ് സാഹിബ് അമീർ മഖാമിയുടെ വീടിന്റെ വെളിയിൽ വേലിയിൽ ബൈക്ക് മുട്ടി. ആ നേരത്ത് യാദൃശ്ചികമായി അദ്ദേഹം വെളിയിൽ ആ വേലിച്ചെടിക്ക് നനക്കുകയായിരുന്നു. ഞാൻ പേടിച്ചുപോയി; നാണക്കേട് വേറെയും. ഒന്നു തെറ്റുപറ്റിപോയി; അണ്ടർ ഏജ് ഡ്രൈവിംഗും; പിന്നീടാണെങ്കിൽ അദ്ദേഹത്തിന്റെ മുമ്പിലും. മറ്റാരെങ്കിലുമായിരുന്നെങ്കിൽ ഒരുപാട് വഴക്കു പറയുമായിരുന്നു. കാരണം തോട്ടത്തിനു നഷ്ടവും സംഭവിച്ചിരുന്നു. പക്ഷേ, അദ്ദേഹത്തിന്റെ സ്വഭാവത്തിൽ എത്രമാത്രം വാത്സല്യവും മൃദുലാവസ്ഥയുമായിരുന്നുവെന്നാൽ ചാടി വന്നു എഴുന്നേൽക്കാൻ എന്നെ സഹായിച്ചു. മകനെ! എവിടെയെങ്കിലും പരിക്കേറ്റിട്ടുണ്ടോ?എന്നു ചോദിച്ചു. പിന്നീട് വാത്സല്യത്തോടെ എനിക്കു മനസിലാക്കിത്തന്നു കൊണ്ട് പറഞ്ഞു, നിന്റെ ജീവിതത്തെ വിലമതിക്കുക.

ഇതുപോലെ മുറബ്ബിമാരോടും വാഖ്ഫീനെ സിന്ദഗിയോടും സ്നേഹത്തോടും പ്രീതിയോടും കൂടി പെരുമാറുമായിരുന്നു. നല്ല അറിവുണ്ടായിരുന്നിട്ടും വലിയ വിനയവും വണക്കവുമായിരുന്നു. തനിക്ക് അറിവില്ലെന്ന് പ്രകടിപ്പിക്കുമായിരുന്നു. ജാമിഅ അഹ്മദിയ്യായുടെ ദർജ ശാഹിദിന്റെ ആദ്യത്തെ Convocation ഉണ്ടായപ്പോൾ ഞാൻ അദ്ദേഹത്തെ പ്രതിനിധിയായി നിശ്ചയിച്ചു. പറയുന്നു: തന്റെ പ്രസംഗത്തിൽ അദ്ദേഹം Convocationൽ ജാമിആയിലെ കുട്ടികളോടു പറഞ്ഞു: ഞാൻ എന്റെ ആയുസു മുഴുവൻ മുറബ്ബിസാഹിബുമാരുടേയും ഉലമാ സാഹിബുമാരുടേയും നിർദേശങ്ങൾ കേൾക്കുന്ന ശീലമുള്ളയാളാണ്. അവരുടെ മുമ്പിൽ എനിക്കെങ്ങനെയാണ് നാവു തുറക്കാൻ കഴിയുക? പിന്നീട് ഉപദേശിച്ചു. ഒരു പാടുകാര്യങ്ങൾക്കു പുറമേ അവരോടു പറഞ്ഞു: ഈ സാധു ഇത്രമാത്രം പറയുകയാണ്, അങ്ങേയറ്റം നിർബന്ധമായ, അത്യാവശ്യമായ ഏറ്റവും നിർബന്ധമായ കാര്യമാണ്, ഖലീഫത്തുൽ മസീഹ് നല്കുന്ന നിർദ്ദേശങ്ങൾ കേൾക്കുക. അവയിൽ ചിന്തിക്കുക എന്നത്. അതനുസരിച്ച് നമുക്കു സാധിക്കുവോളം ജമാഅത്തിന്റെ ഭാരവാഹികൾക്ക് കഴിയുവോളം മുറബ്ബികളായി പോ

കാൻ പോകുന്ന നിങ്ങൾ കഴിയുന്നിടത്തോളം പ്രവർത്തിക്കുക. നമ്മളെല്ലാവരും ആ നിർദേശങ്ങളെ കാത്തുസൂക്ഷിക്കുക. അതനുസരിച്ച് പ്രവർത്തിക്കാൻ പൂർണമായും ശ്രമിക്കുക. അതിനു തൗഫീഖ് കിട്ടാൻ അല്ലാഹുവിനോടു ദുആയും ചെയ്യുക.

ബദ്ദോമല്ലിഹിയിലെ മുറബ്ബി സിൽസില മസ്ഊദ് സാഹിബ് പറയുന്നു: 'മിയാ സാഹിബുമായി ഒരുപാട് കൂടിക്കാഴ്ച ഉണ്ടായിട്ടുണ്ട്. ഓരോ കൂടിക്കാഴ്ചയും സ്നേഹത്തിന്റേയും വാത്സല്യത്തിന്റേയും വികാരങ്ങളുടെ സമുദ്രം ഉൾക്കൊള്ളുന്നതാണ്. അവിടന്ന് പ്രിയങ്കരനും സ്നേഹിക്കുന്നയാളും അങ്ങേയറ്റം വാത്സല്യവാനും ധാർമികഗുണങ്ങളുടെ സമാഹാരവുമായിരുന്നു. വിനയത്തിന്റെ പ്രതീകമായിരുന്നു. ഓഫീസിൽ കൂടിക്കാഴ്ചയ്ക്ക് വരുന്ന ഓരോ വ്യക്തിയോടും കസേരയിൽ നിന്നെഴുന്നേറ്റ് സലാം ചൊല്ലി ഹസ്തദാനം ചെയ്യുമായിരുന്നു. ചെറിയവരാണെങ്കിലും വലിയവരാണെങ്കിലും കുട്ടികളാണെങ്കിലും വേണ്ടില്ല ആര് കൂടിക്കാഴ്ചയ്ക്കു വന്നാലും തന്റെ ജോലി മാറ്റിവെച്ച്, വളരെ ശ്രദ്ധയോടും താൽപര്യത്തോടുംകൂടി അവർ പറയുന്ന കാര്യം കേൾക്കുമായിരുന്നു. അവരിൽ ഇഴുകിച്ചേരുമായിരുന്നു. അതുകൊണ്ട് എല്ലാവരും അദ്ദേഹത്തിന്റെയടുക്കൽ വിഷമവുമായി വരുമായിരുന്നു.' ഇതെല്ലാവരും ഇതുപോലെതന്നെ എഴുതിയിട്ടുണ്ട്. 'അദ്ദേഹത്തിന്റെ ഓഫീസിൽ ദരിദ്രരോടും സമ്പന്നരോടും ഭാരവാഹിയോടും സാധാരണ അഹ്മദിയോടും തുല്യമായ പെരുമാറ്റമാണുണ്ടായിരുന്നത്. ഓരോ വ്യക്തിയോടും അയാൾ വളരെ പ്രധാനപ്പെട്ടയാളാണെന്ന നിലയിൽ പെട്ടെന്ന് പ്രതികരണം കാണിക്കുമായിരുന്നു.'

ഡോക്ടർ നൂരി സാഹിബ് എഴുതുന്നു: 'ജനങ്ങളുടെ ആവശ്യങ്ങളും വികാരങ്ങളും മറ്റുള്ളവരെ ക്കാൾ കൂടുതൽ അവിടന്നു ശ്രദ്ധിച്ചിരുന്നു.' ഡോക്ടർ സാഹിബ് പറയുന്നു: 'എനിക്കോർമയുണ്ട്, ഒരിക്കൽ ഒരു രോഗിക്ക് ആൻജിയോപ്ലാസ്റ്റി ചെയ്യുന്നതിനു പകുതി ചാർജ് ഇളവു നൽകി. അതിനുശേഷം അയാൾ നാളിർ അഅ്ലായോടു ബന്ധപ്പെട്ടപ്പോൾ മുഴുവനും മാപ്പാക്കിക്കൊടുത്തു.' ഡോക്ടർ നൂരി സാഹിബ് പറയുന്നു: 'കാലത്തിന്റെ ഖലീഫ, അർഹതപ്പെട്ട എല്ലാ രോഗികളെയും സഹായിക്കണമെന്നു തനിക്ക് നിർദേശം തന്നിട്ടുണ്ടെന്ന് എന്നോടു പറയാറുണ്ടായിരുന്നു. അതുകൊണ്ട് അത് നിറവേറ്റേണ്ടത് നമ്മുടെ നിർബന്ധകടമയാണ്.' വീണ്ടും പറയുന്നു:'ആശുപത്രിയിൽ ചികിത്സയിലായിരുന്നപ്പോൾ അണ്ടർട്രൈനിംഗ് നേഴ്സുമാർക്ക് അല്ലെങ്കിൽ പുരുഷന്മാർക്ക് എന്റെ മകനിൽ നിന്നു പൈസ വാങ്ങി എന്റെ വകയായി സ്വറ്റർ വാങ്ങിച്ചുകൊടുക്കണമെന്നു അദ്ദേഹം എന്നോടു പറഞ്ഞു.' മറ്റുള്ളവരുടെ അധ്വാനത്തെ അഭിനന്ദിക്കുമായിരുന്നു. ഡോക്ടർ സാഹിബ് പറയുന്നു: 'ഒരു ദിവസം എനിക്കെഴുതി, 'ചില കാര്യങ്ങളും വികാരങ്ങളും പരസ്പരം പ്രകടിപ്പിക്കുക എന്നത് അസംഭവ്യമായ തരത്തിലുള്ളതുമുണ്ട്.' എഴുതുന്നു: 'ആശുപത്രിയിൽനിന്നു വിട പറഞ്ഞ നേരത്ത് കുറച്ചു ഇതേ അവസ്ഥയാണ് താങ്കളോടു എനിക്കുമുള്ളത്. അല്ലാഹു താങ്കൾക്ക് അതിനു ഉത്തമമായ പ്രതിഫലം നല്കുമാറാകട്ടെ.'

പറയുന്നു: "ഖിലാഫത്തിനോടു അദ്ദേഹത്തിനു വലിയ ആദരപൂർവമായ പ്രീതിയും സ്നേഹവുമായിരുന്നു. ത്വാഹിർ ഹാർട്ടുമായി ഒരു പ്രത്യേകബന്ധമായിരുന്നു.' ഡോക്ടർ നൂരി സാഹിബ് എഴുതുന്നു: 'ഒരിക്കൽ എന്നോടു പറഞ്ഞു, 'നൂരി! ത്വാഹിർ ഹാർട്ട് കാലത്തിന്റെ ഖലീഫയുടെ കുട്ടിയാണ്. അല്ലാഹു കാലത്തിന്റെ ഖലീഫയുടെ ഈ ആഗ്രഹം പൂർത്തിയാക്കുമാറാകട്ടെ. ഈ സ്ഥാപനം യഥാർഥ അർഥത്തിൽ 'ദാറുശ്ശിഫാ'യുടെ മാതൃകയായിത്തീരട്ടെ.' പിന്നീട് അദ്ദേഹം നൂരി സാഹിബിനോടു പറഞ്ഞു: 'കാലത്തിന്റെ ഖലീഫയുടെ എല്ലാ ആഗ്രഹങ്ങളും അദ്ദേഹത്തിനു പൂർത്തിയാക്കിക്കൊടുക്കണമെന്നു ഞാൻ നിത്യവും ചെയ്യാറുണ്ട്.' പറയുന്നു: 'അസുഖത്തിന്റെ നാളുകളിൽ ഞാൻ റിപ്പോർട്ട് എഴുതിക്കൊടുക്കാറുണ്ടായിരുന്നു.' അദ്ദേഹം പറഞ്ഞു: 'നൂരി സാഹിബ് അദ്ദേഹത്തിന്റെ റിപ്പോർട്ട് നിത്യവും എനിക്കയക്കാറുണ്ടായിരുന്നു.' നൂരി സാഹിബ് പറയുന്നു: 'ഒരു ദിവസം എന്റെ കൈ പിടിച്ചുകൊണ്ട് വികാരഭരിതനായി പറഞ്ഞു: 'നമ്മുടെ പക്കൽ ഹുദൂറിന്റെ സന്നിധിയിൽ സമർപ്പിക്കാൻ രോഗവും ബുദ്ധിമുട്ടുമല്ലാതെ മറ്റു നല്ലതൊന്നുമില്ലേ?'

ഇതുപോലെതന്നെ അദ്ദേഹത്തിന്റെ വിശേഷഗുണങ്ങൾ വിവരിച്ചുകൊണ്ടുള്ള മറ്റു നിരവധിയാളുകളുടെ കത്തുകളുമുണ്ട്. വിനയത്തേയും സഹതാപത്തേയും കുറിച്ച് എല്ലാവരും എഴുതിയിട്ടുണ്ട്. ഖിലാഫത്തിനോടുള്ള ബന്ധവും സ്നേഹവും എന്റെ ഭാര്യയോടു ഇങ്ങനെ പ്രകടിപ്പിച്ചിട്ടുണ്ട്: 'എന്റെ ഭാര്യ അദ്ദേഹത്തോടു കാലത്തിന്റെ ഖലീഫക്കുവേണ്ടി അങ്ങ് ദുആ ചെയ്യുന്നുണ്ടാകും. എനിക്കു വേണ്ടിയും മക്കൾക്കു വേണ്ടിയും ദുആ ചെയ്യുക എന്നു പറഞ്ഞപ്പോൾ' പറഞ്ഞു: 'കാലത്തിന്റെ ഖലീഫയ്ക്കുവേണ്ടി പ്രത്യേകമായി സുജൂദുകളിൽ ഞാൻ ദുആ ചെയ്യുമ്പോൾ അദ്ദേഹത്തിന്റെ ഭാര്യാമക്കൾക്കു വേണ്ടിയും ദുആ ചെയ്യാറുണ്ട്. ഇതു പറയുമ്പോൾ അദ്ദേഹം വളരെ വികാരഭരിതനായിരുന്നു.' അമീറിനേയും ഉയർന്ന ഓഫീസർമാരേയും അനുസരിക്കുന്നതിന്റെ നിലവാരം വളരെ ഉയർന്നതായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഇന്റെ രോഗത്തിന്റെ നാളുകളിൽ 2000ലെ സംഭവമാണ്. ഞാനും(ഖലീഫത്തുൽ മസീഹ് അൽഖാമിസ്) മിയാൻ ഖുർശീദ് അഹ്മദ് സാഹിബും ഇവിടെ ലണ്ടനിൽ വന്നിരുന്നു. ഞാൻ ആ നാളുകളിൽ നാളിർ അഅ്ലാ ആയിരുന്നു. ഏതോ കാര്യത്തിൽ ഞാനും അദ്ദേഹവും തമ്മിൽ ചെറിയൊരു അഭിപ്രായവ്യത്യാസമുണ്ടായി. അപ്പോൾ അദ്ദേഹം കുറച്ചു ദ്വേഷത്തോടെ ഞാൻ പറഞ്ഞ കാര്യം തള്ളിക്കളഞ്ഞു. കാര്യങ്ങൾ എന്തെങ്കിലും ഉണ്ടായിട്ടുണ്ടാകും! ഞാൻ അദ്ദേഹത്തേക്കാൾ കുറച്ചുദിവസം മുമ്പേ ലണ്ടനിൽ നിന്നു റബ്വയിലേക്ക് പോന്നു. ഇദ്ദേഹം കുറച്ചുദിവസം കഴിഞ്ഞാണ് വന്നത്. എന്റെ ഓഫീസിൽ വന്നു. ദുഖിതനായി ഇരുന്നു. എന്നിട്ട് പറഞ്ഞു: 'ഞാൻ മാപ്പു ചോദിക്കാൻ വന്നതാണ്. എന്നിൽനിന്നു വളരെ വലിയ തെറ്റാണുണ്ടായത്.' ഏതു തെറ്റ്, എനിക്കോർമയില്ലല്ലോ എന്നു ഞാൻ പറഞ്ഞു; പറഞ്ഞു: ലണ്ടനിൽ ഞാൻ അഭിപ്രായഭിന്നത പ്രകടിപ്പിച്ചിരുന്നവല്ലോ? അതിൽ എന്റെ ശബ്ദത്തിൽ അല്പം ദ്വേഷം കലർന്നിരുന്നു. ഇക്കാര്യം അമീറിനെ ആദരിക്കുന്നതിനു എതിരാണ്. അതുകൊണ്ട് ഞാൻ മാപ്പുചോദിക്കുന്നു. ഖേദം പ്രകടിപ്പിക്കുന്നു.' സാരമില്ല എന്നു ഞാൻ പറഞ്ഞിട്ടും മാപ്പു ചോദിച്ചുകൊണ്ടേയിരുന്നു. ഇതായിരുന്നു അദ്ദേഹത്തിന്റെ വിനയം. അമീറിനോടുള്ള ആദരവ്. പിന്നെ പരിഷ്കരണത്തിന്റെ ഭാഗവും വീട്ടിൽ നിന്നു തന്നെ ആരംഭിക്കുമായിരുന്നു. മറ്റുള്ളവരെ പരിഷ്കരിക്കുകയും സ്വന്തം മക്കളെ നോക്കാതിരിക്കുകയും ചെയ്യുക എന്നതായിരുന്നില്ല.

കുറച്ചുവർഷമായി ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കുടുംബാംഗങ്ങൾക്ക് അവരുടെ ഉത്തരവാദിത്വം മനസ്സിലാക്കിക്കൊടുത്തുകൊണ്ട് ഒരു കത്തെഴുതിയിരുന്നു. ചില പരാതികൾ എനിക്ക് കിട്ടിയിരുന്നു. പൊതുവെ അതകറ്റാൻ ഉപദേശിച്ചുകൊണ്ടുള്ളതായിരുന്നു ആ കത്ത്. അത് ഞാൻ പാക്കിസ്താനിൽ അയച്ചപ്പോൾ, അവിടെയുള്ള മസീഹ് മൗഊദ്(അ)ന്റെ കുടുംബാംഗങ്ങളെ വിളിച്ചുചേർത്ത് എന്റെ കത്ത് വായിച്ചുകേൾപ്പിക്കാൻ പറഞ്ഞു. ഈ കത്ത് അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കുടുംബാംഗങ്ങളുടെ മുന്നിൽ വച്ചപ്പോൾ വളരെ വികാരപരമായ രീതിയിൽ ഇങ്ങനെയും പറഞ്ഞു: 'എന്റെ മക്കളും ഇക്കാര്യങ്ങളിൽനിന്ന് മുക്തരല്ലെന്ന് ഞാൻ വ്യക്തമാക്കുകയാണ്; എന്തിനെ കുറിച്ചാണോ പറഞ്ഞത്, ഞാൻ അവരേയും അവരുടെ മക്കളേയും ഉപദേശിക്കുകയാണ്. ഈ ബലഹീനതകൾ നമ്മളിൽനിന്ന് അകറ്റേണ്ടതാണ്. ഖലീഫ എന്തൊന്നാണോ നമ്മളിൽനിന്ന് പ്രതീക്ഷിക്കുന്നത് അത് പൂർണമായും നിറവേറ്റാൻ ശ്രമിക്കേണ്ടതാണ്.' ഇതായിരുന്നു അദ്ദേഹത്തിന്റെ സത്യസന്ധതയുടെയും തഖ്‌വയുടേയും നിലവാരം.

അല്ലാഹു അദ്ദേഹത്തിന്റെ മക്കൾക്കും അദ്ദേഹത്തിന്റെ നന്മകൾ നിലനിറുത്താൻ തൗഫീഖ് നല്കുമാറാകട്ടെ. അല്ലാഹു ജമാഅത്തിന്, അഹ്മദിയ്യാ ഖിലാഫത്തിന് കൂറും ആത്മാർഥതയുമുള്ള തഖ്‌വയിലൂടെ നടക്കുന്ന സഹായികളെ നല്കുമാറാകട്ടെ.

മിർസാ അനസ് അഹ്മദ് സാഹിബ് അദ്ദേഹത്തെ കുറിച്ചെഴുതുന്നു: 'സഹോദരൻ ഖുർശീദ് ജീവിതം മുഴുവൻ ഖിലാഫത്തിന്റെ ചുവട്ടിലിരുന്ന് അവസാന സമയംവരെ ജമാഅത്തിന് സേവനം ചെയ്തുകൊണ്ടിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ സേവനങ്ങൾ സ്വീകരിക്കുമാറാകട്ടെ. നിരവധി അനുഗ്രഹങ്ങളുടേയും കണക്കുകളുടേയും തണലിൽ വെക്കുമാറാകട്ടെ. അദ്ദേഹം തന്റെ കടമ നിറവേറ്റി.' ഖലീഫത്തുൽ മസീഹ് പറയുന്നു:'അദ്ദേഹം ശരിയാണ് എഴുതിയത്. തീർച്ചയായും അദ്ദേഹം തന്റെ കടമ നിറവേറ്റി. അല്ലാഹു നമുക്കെല്ലാവർക്കും നമ്മുടെ കടമ നിറവേറ്റാനും നിർവഹിക്കാനും തൗഫീഖ് നല്കുമാറാകട്ടെ. നമസ്കാരങ്ങൾക്കുശേഷം അദ്ദേഹത്തിന്റെ ജനാസ ഗാഇബ് നമസ്കരിപ്പിക്കുന്നതാണ്. ഇൻശാഅല്ലാഹ്.

Humanity First


## നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.


## ഇർശാദെ നബ്‌വി(സ):-

**"രക്തബന്ധം അർശിൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. എന്നോടു ബന്ധം ചേർക്കുന്നവനെ അല്ലാഹു ബന്ധപ്പെടുത്തട്ടെ."**
**(ബുഖാരി, മുസ്‌ലിം)**

### ത്വാലിബെ ദുആ:
**റഹ്മാൻ ശക്കീറും കുടുബവും അഹ്മദിയ്യാ ജമാഅത്ത്, കരുളായി (കേരള)**

## ഇർശാദെ നബ്‌വി(സ):-

**"ഒരു വ്യക്തി തന്റെ പിതാവിന്റെ സ്നേഹിതന്മാരോടു നല്ല നിലയിൽ വർത്തിക്കലാണ് നന്മയിൽ വെച്ചേറ്റവും വലുത്."**
**(മുസ്‌ലിം)**

### ത്വാലിബെ ദുആ:
**പരേതനായ അബ്ദുർറഹ്മാൻ തങ്ങൾ സാഹിബിന്റെ കുടുംബം അഹ്മദിയ്യാ ജമാഅത്ത് ചാവക്കാട് (കേരള)**

# 2017 യൂ കെ ജൽസ സാലാനയുടെ അവസരത്തിൽ സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ അയ്യദഹുല്ലായുടെ തിരക്കുകൾ

## ഹുദൂറിനെ ഞാൻ മഹാനായൊരു വ്യക്തിയായി മനസ്സിലാക്കുന്നു. അദ്ദേഹത്തിന്റെ സൂക്ഷ്മബുദ്ധി അപാരമാണ്

●അഹ്മദിയ്യാ ജമാഅത്ത് വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങളിലേക്കാണ് ജനങ്ങളെ ക്ഷണിക്കുന്നത്. അതെന്നെ വല്ലാതെ ആകർഷിച്ചു. അഹ്മദിയ്യാ ജമാഅത്തിന്റെ ഖലീഫയുമായി നടത്തിയ അഭിമുഖത്തിലും ആഴത്തിലുള്ള സ്വാധീനമുണ്ട്. ലോകത്തിലെ ഏറ്റവും ദുഷ്കരമായ പ്രശ്നത്തിനുള്ള പരിഹാരം  ഖലീഫ വളരെ എളുപ്പത്തിലും സാധാരണ വാക്കുകളിലുംവിശദീകരിക്കുന്നു. (സ്പാനിഷ് വനിത ജേർണലിസ്റ്റ് സ്വൂഫിയ സാഹിബ)

●ഇത്രയും കാലം അവഗണിച്ചുകൊണ്ടിരുന്ന ഇസ്‌ലാമിന്റെ ഒരു മുഖമാണ് ജൽസയിൽ കണ്ടത്. ഇസ്‌ലാമിന്റെ സന്ദേശം ശാന്തിയുടേയും സാഹോദര്യത്തിന്റേയും സ്നേഹത്തിന്റേതുമാണെന്ന് വ്യക്തമായി. മതപരമായ അഭിപ്രായവ്യത്യാസങ്ങൾ നിലനിൽക്കുമ്പോഴും അന്യരായവരോടും കാണിച്ച ആതിഥ്യ മര്യാദക്കും സ്നേഹത്തിനും ഞാൻ വളരെയധികം നന്ദി പറയുന്നു.(ഉറുഗ്വേ പാർലമെന്റ് മെമ്പർ ഡോക്ടർ ഗീരാഡ് വാമാറിലാ)

●അഹ്ദിയ്യാ ജമാഅത്തിന്റെ ചിന്താധാര വളരെ നൂതനമാണ്. അഹ്മദിയ്യാ ജമാഅത്ത് കാരണത്താൽ ഇസ്‌ലാമിന്റെ തനതായ മുഖം ജനങ്ങളുടെ മുമ്പിൽ വന്നുകൊണ്ടിരിക്കുന്നു. അത് ഉന്നതമായ ധാർമികമൂല്യങ്ങളും സാഹോദര്യവും എല്ലാത്തരം തീവ്രവാദങ്ങൾക്കുമെതിരെ ജിഹാദിനുള്ള ആഹ്വാനവും അടങ്ങുന്നതാണ്.(സ്പെയിനുമായി ബന്ധമുള്ള റിപ്പോർട്ടർ റഫായേൽ സാഹിബ്.)

●എന്റെ ഈ സന്ദർശനത്തിലെ ഏറ്റവും നല്ല നിമിഷങ്ങൾ അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമുമായിട്ടുള്ള കൂടിക്കാഴ്ചയായിരുന്നു. ഖലീഫത്തുൽ മസീഹ് മഹാനായൊരു  വഴികാട്ടിയും വളരെ വാത്സല്യമുള്ള മനുഷ്യനുമാണ്.(അയർലണ്ട് പാർലമെന്റ് മെംമ്പർ ഈമൻ ഓക്യോ സാഹിബ്)

●ഏതു ചോദ്യവും കേൾക്കുന്നതിന് സന്നദ്ധരാകുക, ഒരു പ്രശ്നത്തിൽനിന്നും ഒളിച്ചോടാതിരിക്കുക എല്ലാ പ്രശ്നത്തിനും മറുപടി നൽകുക എന്ന അഹ്മദിയ്യാ ജമാഅത്തിന്റെ രീതി എനിക്ക് വളരെ നന്നായി തോന്നി.(അയർലണ്ട് സെനറ്റർ)

●എന്റെ ബന്ധുമിത്രാതികളിൽ നിന്ന് ലഭിക്കുന്നതിനേക്കാളേറെ സ്നേഹം എനിക്ക് അഹ്മദികളിൽ നിന്ന് ലഭിക്കുന്നു. ഹുദൂറിനെ മഹാനായൊരു വ്യക്തിയായി ഞാൻ മനസ്സിലാക്കുന്നു. അദ്ദേഹത്തിന്റെ സൂക്ഷ്മ ബുദ്ധി വളരെ വിശാലമാണ്. അദ്ദേഹത്തോടൊപ്പം ഏതാനും നിമിഷങ്ങൾ ചെവഴിച്ചതിനുശേഷം അഹ്മദികൾ തങ്ങളുടെ ഖലീഫയെ ഇത്രയധികം സ്നേഹിക്കുന്നതിന്റെ കാരണം എനിക്ക് മനസ്സിലാക്കാൻ കഴിയുന്നു. (ടൂറിനിലെ തിരുശീലയുടെ ഗവേഷകൻ ബേരീ എം.ശ്വാട്സ് സാഹിബ്.)

**ജൽസയിൽ പങ്കെടുത്ത ആദരണീയവ്യക്തിത്വങ്ങൾ പറഞ്ഞ വിശ്വാസം വർധിപ്പിക്കുന്ന സംഭവങ്ങൾ**

### ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽനിന്ന് വന്ന പ്രതിനിധി സംഘങ്ങളുമായി ഖലീഫത്തുൽ മസീഹിന്റെ കൂടിക്കാഴ്ചകൾ, ആ ദിനങ്ങളിൽ ഖലീഫ തിരുമനസ്സിന്റെ അസാധാരണ തിരക്കുകളുടെ സംക്ഷിപ്ത വിവരണവും

(റിപ്പോർട്ട്: അബ്ദുൽമാജിദ് ത്വാഹിർ, അഡീഷണൽ വക്കീലുത്തബ്ശീർ ലണ്ടൻ)

ജൽസ സാലാന ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യതയുടെ ശക്തിമത്തായതും സ്ഥായിയായതുമായ അടയാളമാണ്.1891-ലാണ് ഇതിന് അടിത്തറ ഇട്ടത്.ദൈവത്തിൽ നിന്ന് ലഭിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ആ മഹാത്മാവ് ഇങ്ങനെ വിളംബരം ചെയ്തു:

'ഈ ജൽസയെ സാധാരണ ജനങ്ങൾ കൊണ്ടാടുന്ന മേളകൾ പോലെ കരുതരുത്.സത്യത്തെ സഹായിക്കാനും ഇസ്‌ലാം എന്ന പദത്തിന്റെ ഉന്നതിക്കുമായി വെക്കപ്പെട്ട പവിത്രമായ അടിസ്ഥാന ശിലയാണിത്. ഇതിന്റെ അസ്തിവാരം ഉന്നതനായ ദൈവം തന്റെ കൈകളാൽ വെച്ചിരിക്കുന്നു.വളരെ സമീപകാലത്തുതന്നെ ഇതിനോടൊപ്പം വന്നു ചേരാനിരിക്കുന്ന ജനതതികളെ ഇതിന്നുവേണ്ടി അവൻ തയ്യാറാക്കി നിറുത്തിയിരിക്കുന്നു. കാരണം, ഒന്നും അസാധ്യമല്ലാത്ത ആ ശക്തി സ്വരൂപനായവന്റെ പ്രവൃത്തിയാണിത്.

ഈ വിളംബരം ചെയ്യപ്പെടുന്ന കാലത്ത് ഇന്ത്യയിൽ ഏതാനും ചില വ്യക്തികൾ മാത്രമേ അഹ്മദിയ്യാ ജമാഅത്തിലുണ്ടായിരുന്നുള്ളൂ. ആദ്യം നടന്ന ജൽസ സാലാനയിൽ കേവലം എഴുപത്തഞ്ചു പേരാണ് പങ്കെടുത്തത്. പിന്നീട് ക്രമേണ എണ്ണം വർധിച്ചു കൊണ്ടുവന്നു. അങ്ങനെ 1983-ൽ പാക്കിസ്താനിലെ റബ്വയിൽ നടന്ന അവസാന ജൽസസാലാനയിൽ രണ്ടര ലക്ഷത്തോളം പ്രതിനിധികൾ പങ്കെടുത്തു. 1984-ൽ പാക്കിസ്താനിൽ നിന്ന് ഹിജ്റത്ത് ഉണ്ടായതിനുശേഷം ലണ്ടനിൽ ഈ ജൽസ നടന്നു വരുന്നു. ഖലീഫത്തുൽ മസീഹിന്റെ സാന്നിദ്ധ്യംകൊണ്ട് ഈ ജൽസ ഒരു ആഗോളജൽസയുടെ രൂപം പ്രാപിച്ചു. ജനതതികളെ ഇതിനുവേണ്ടി തയ്യാറാക്കിയിരിക്കുന്നു എന്ന ദൈവിക വാക്ക് ഇന്ന് അതിസുന്ദരമായി ഇവിടെ പൂർത്തിയായിരിക്കുന്നു. ഓരോ വർഷവും യൂ.കെ ജൽസ സാലാനയിൽ പങ്കെടുക്കാൻ വിവിധ രാജ്യങ്ങളിൽ നിന്ന് സംഘങ്ങളായി ജനതതികളെത്തുന്നു. ആഫ്രിക്കൻ ഭൂഖണ്ഡമായാലും അമേരിക്കയോ യൂറോപ്പോ ഏഷ്യയോ ആസ്ട്രേലിയയോ ദ്വീപസമൂഹമോ ആയാലും എല്ലായിടങ്ങളിൽ നിന്നും നീണ്ട ദൂരം താണ്ടി അവർ ജൽസയിലെത്തുന്നു. ഇങ്ങനെ എത്തുന്ന അതിഥികളിൽ നല്ലൊവിഭാഗം അഹ്മദിയ്യത്തിൽ പ്രവേശിച്ചിട്ടില്ലാത്തവരാണ്. വിവിധ രാഷ്ട്രങ്ങളിലെ മന്ത്രിമാർ, പാർലമെന്റംഗങ്ങൾ,അമ്പാസഡർമാർ,പാരാമൗണ്ട് ചീഫുമാർ ജഡ്ജുമാർ, സീനിയർ വക്കീലുമാർ, നാഷണൽ മീഡിയ, പ്രസ് പ്രതിനിധികൾ, പത്ര എഡിറ്റർമാർ, വിവിധ സൊസൈറ്റിയുടേയും സ്ഥാപനങ്ങളുടേയും തലവൻമാർ, വിവിധ മത വിഭാഗങ്ങളിൽ നിന്നുമുള്ള ഉന്നതവ്യക്തികൾ, യൂണിവേഴ്സിറ്റി കോളേജ് പ്രിൻസിപ്പാൾമാർ, വൈസ് ചാൻസലന്മാർ, പ്രൊഫസർമാർ,ജീവിതത്തിലെ വിവിധ തുറകളിൽ നിന്നുള്ള അതിഥികൾ ഇവരിൽ ഉൾപ്പെടുന്നു.

ജൽസയുടെ പ്രോഗ്രാമുകൾ കാണാനും ഖലീഫത്തുൽ മസീഹിന്റെ പ്രഭാഷണങ്ങൾ ശ്രവിക്കാനും അദ്ദേഹവുമായി കൂടിക്കാഴ്ച നടത്താനുള്ള സൗഭാഗ്യം അവർക്ക് കിട്ടുന്നു. ഈ കൂടിക്കാഴ്ച അവരുടെയുള്ളിൽ അസാധാരണമായ മാറ്റം സൃഷ്ടിക്കുന്നു.അവരിൽ ഉണ്ടാകുന്ന ആ അസാധാരണ സ്വാധീനത്തെ അവർ പിന്നീട് ഒരു സങ്കോചവുമില്ലാതെ തുറന്നു പ്രകടിപ്പിക്കുന്നു.

ഈ വർഷവും നല്ലൊരു സംഘം അതിഥികൾ പങ്കെടുത്തു. ജൽസയുടെ രണ്ടാം ദിനമായ ജൂലായ് 29-ന് വൈകുന്നേരംതന്നെ ഖലീഫയുമായുള്ള കൂടിക്കാഴ്ച ഹദീഖത്തുൽ മഹ്ദിയിൽ തുടങ്ങിയിരുന്നു. ജൽസക്കുശേഷവും പല ദിനങ്ങൾവരെ ഇതു നീണ്ടു നിന്നു. പരിപാടി അനുസരിച്ച് കൃത്യം 7.45-ന് ഹുദൂർ ഓഫീസിലെത്തി.

**യൂനാനി(ഗ്രീസ്-Greece)ൽനിന്ന് വന്ന സംഘത്തിന്റെ കൂടിക്കാഴ്ച:**

ഏറ്റവുമാദ്യം ഗ്രീസിൽനിന്നുവന്ന സംഘമാണ് ഹുദൂറുമായി കൂടിക്കാഴ്ച നടത്താനുള്ള സൗഭാഗ്യം കരസ്ഥമാക്കിയത്. ഈ സംഘത്തിൽ 4 പേരുണ്ടായിരുന്നു.

●സമാധാനത്തിന്റെ സന്ദേശം പ്രചരിപ്പിക്കുക എന്നത് എത്ര ദുഷ്കരമാണെന്ന് ഒരു പത്രപ്രവർത്തക Sofia Papadopoulou ചോദിച്ചു.

ഹുദൂർ പറഞ്ഞു: നമ്മുടെ പ്രവൃത്തി പ്രചാരണമാണ്. ഇസ്‌ലാമിന്റെ സന്ദേശം എത്തിക്കലാണ്. സമാധാനത്തിന്റെ സന്ദേശം പ്രചരിപ്പിക്കലാണ്.ഈ പ്രവൃത്തിയാണ് ഞങ്ങൾ ചെയ്യുന്നത്. ഇന്ന് ലോകത്തിന്റെ അവസ്ഥ വളരെ മോശമാണ്. ഭരണകൂടങ്ങൾ പൊതു ജനങ്ങളുടെ അവകാശങ്ങൾ നീതിയോടെ നിർവ്വഹിക്കുന്നില്ല. ഇക്കാരണത്താൽ ലോകത്ത് ഒട്ടുമിക്ക രാജ്യങ്ങളിലും അസമാധാനം ഉണ്ട്. എന്നിരുന്നാലും നാം നമ്മുടെ പ്രവൃത്തി തുടർന്നുകൊണ്ടിരിക്കുന്നതാണ്.

പത്രപ്രവർത്തക: Refugee Crisis നെ സംബന്ധിച്ച് അഹ്മദിയ്യാ ജമാഅത്തിന്റെ നിലപാടെന്താണ്?

ഹുദൂർ: വിവിധ മുസ്‌ലിം രാജ്യങ്ങളുടെ സാഹചര്യങ്ങൾ കാരണത്താൽ ജനങ്ങൾ നാടു വിടുന്നു. നിങ്ങളുടെ രാജ്യങ്ങൾ വഴിയും ജനങ്ങൾ കടന്നു പോകുന്നു. ഇറ്റലിയിലൂടേയും തുർക്കിയിലൂടേയും അഭയാർഥികൾ  കടന്നു പോകുന്നു. കുറച്ചു അഹ്മദികളും ഉണ്ട്. അവരിൽ അധികം പേരും തുർക്കിയിലാണ് വന്നത്. പിന്നീട് അവിടെ നിന്ന് മറ്റ് രാജ്യങ്ങളിലേക്കു പോകാൻ ശ്രമിച്ചു. സമാധാനത്തോടെ കഴിയുന്ന  രാജ്യങ്ങൾ ഇത്തരം അഭയാർഥികൾക്ക് സംരക്ഷണം നല്കണമെന്നാണ് ഞാനെപ്പോഴും നിർദ്ദേശിക്കാറുള്ളത്; അഫ്ഗാനിസ്താനിൽ നിന്നുള്ള അഭയാർഥികൾ പാക്കിസ്താനിൽ എത്തിയതുപോലെ.പാക്കിസ്താൻ അവർക്ക് സംരക്ഷണം നല്കി. അഭയാർഥി ക്യാമ്പുകൾ അവർക്കു വേണ്ടി തുറന്നു. ഇനി അവസ്ഥകൾ നന്നായാൽ അവരെ തിരിച്ചയക്കുകയും ചെയ്യാവുന്നതാണ്.

ആ പത്രപ്രവർത്തക തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ടു പറഞ്ഞു:'ഈ ജൽസ എനിക്ക് തികച്ചും വേറിട്ട അനുഭവങ്ങളാണ് നൽകിയത്. ഇതര മുസ്‌ലീംകൾ കൂടുതൽ ശക്തി ചെലുത്തുന്നത് ഹദീഥിലോ അല്ലെങ്കിൽ പിൽക്കാലത്തു വന്ന മതപണ്ഡിതന്മാരുടെ വാക്കുകളിലോ ആണ്. ഇതു കാരണത്താൽ  ചിലയവസരങ്ങളിൽ ഖുർആനിക അധ്യാപനങ്ങൾക്ക് നേർവിപരീതമായിട്ടാണ് ഇവർ പ്രവർത്തിക്കുന്നത്. എന്നാൽ, അഹ്മദിയ്യാ ജമാഅത്ത് ഖുർആനിക അധ്യാപനങ്ങളിലേക്കാണ് ജനങ്ങളെ ക്ഷണിക്കുന്നത്. ഇക്കാര്യം എന്നെ വളരെയധികം ആകർഷിച്ചു.അഹ്മദിയ്യാ ജമാഅത്തിന്റെ ഖലീഫയുമായുള്ള അഭിമുഖവും എന്നെ സീമാതീതമായി സ്വാധീനിച്ചു.ലോകത്തിലെ ഏറ്റവും ദുഷ്കരമായ പ്രശ്നങ്ങൾക്കുള്ള പരിഹാരം  ഖലീഫ വളരെ സരളമായും സാധാരണ വാക്കുകളിലും വിശദീകരിക്കുന്നു. ജൽസയുടെ സംവിധാനങ്ങൾ വളരെ ഉന്നത നിലയിലുള്ളതാണ്. ജൽസാ വേളകളിൽ വനിതകളേയും പുതു വിശ്വാസികളായ വനിതകളേയും കാണാൻ അവസരം കിട്ടി. ഹുദൂർ സ്വന്തം മക്കളെപോലെ അവരോടു പെരുമാറുന്നുവെന്നത് എന്നെ വളരെയധികം സ്വാധീനിച്ചു. ഈ വർഷം എന്റെ ജോലി കാരണത്താൽ എനിക്ക് കൂടുതൽ സമയം ഇവിടെ നിൽക്കാൻ സാധിച്ചില്ല. എന്നാൽ, ജൽസ സാലാനയിൽ കൂടുതൽ നേരം ചെലവഴിക്കാൻ അടുത്ത വർഷം ഈ ദിനങ്ങളിൽ ഞാൻ ലീവെടുക്കുന്നതാണ്.

ഗ്രീസിൽ നിന്നു വന്ന ഒരു പുതു അഹ്മദി ഖാലിദ് കാപ്പീത്തനേദസ് തന്റെ ജൽസാ അനുഭവങ്ങൾ ഈ വാക്കുകളിൽ വിശദീകരിച്ചു:

ബയ്അത്ത് പ്രോഗ്രാമിൽ സംബന്ധിക്കാൻ എനിക്ക് അവസരം കിട്ടുന്നത് ആദ്യമായാണ്.പരിപാടി നടക്കുമ്പോൾ എന്റെ രോമങ്ങൾ എഴുന്നു നിന്നു. ഈ നിമിഷങ്ങൾ വൈകാരികതയാൽ നിർഭരമായിരുന്നു. ഞാൻ അഹ്മദി മുസ്ലിമാണെന്നതിൽ അഭിമാനിക്കുന്നു. സ്വന്തം വീട്ടിലിരിക്കുന്നതു പോലെയാണ് ജൽസയിൽ പങ്കെടുക്കുമ്പോൾ എനിക്കനുഭവപ്പെട്ടിരുന്നത്. എന്നല്ല, ഇവിടെത്തെ ചുറ്റുപാട് എന്റെ വീടിനേക്കാൾ വളരെ ഉത്തമമായിരുന്നു. അടുത്ത വർഷത്തെ ജൽസ സാലാനക്കായി വളരെ ശക്തമായ പ്രതീക്ഷയിലാണ് ഞാൻ. 7.55 വരെ ഗ്രീസ് സംഘത്തിന്റെ ഈ കൂടിക്കാഴ്ച തുടർന്നു. ശേഷം ഹുദൂറിനോടൊത്ത് ഫോട്ടോ എടുക്കാനും അവർക്ക് ഭാഗ്യം ലഭിച്ചു.

**സ്വിറ്റ്സർലൻഡ്(Switzerland)സംഘത്തിന്റെ കൂടിക്കാഴ്ച:**

രണ്ട് അനഹ്മദികൾ ഉൾക്കൊള്ളുന്ന സംഘമായിരുന്നു ഇത്. ഭാര്യയും ഭർത്താവും ആയിരുന്നു ഇവർ. സ്വന്തം നാട് തുർക്കിയാണ്.സ്വിറ്റ്സർലണ്ടിൽ താമസിക്കുന്നു. അഹ്‌ലെ ഖുർആൻ മുസ്‌ലിം കക്ഷിയുമായിട്ടാണ് ഇവരുടെ ബന്ധം. ഭർത്താവിന്റെ പേര് KeramAiguzel എന്നാണ്.

അദ്ദേഹം ഹുദൂറിനോട് താങ്കളെ His Holiness എന്ന് വിളിക്കുന്നതിന്റെ കാരണമെന്താണെന്ന് ചോദിച്ചു.

ഹുദൂർ പറഞ്ഞു: എന്നെ His Holiness എന്ന് വിളിക്കണമെന്ന് ഞാനാരോടും പറഞ്ഞിട്ടില്ല. തങ്ങളുടെ ആത്മീയ ഇമാമിനെ എങ്ങനെ വിളിക്കണമെന്നത് അഹ്മദികളുടെ സ്വന്തം രവീശരല ആണ്. എന്റെ പേരായ മിർസാ മസ്റൂർ അഹ്മദ് എന്നാരെങ്കിലും എന്നെ വിളിച്ചാലും എനിക്കതുകൊണ്ട് വ്യത്യാസം ഒന്നും വരാൻ പോകുന്നില്ല. എന്നാൽ, അഹ്മദികൾ കാലത്തിന്റെ ഖലീഫയോടുള്ള സ്നേഹം നിമിത്തം ഹുദൂർ എന്നോ His Holiness എന്നോ വിളിക്കുന്നു. മറുപടി ശ്രവിച്ച അതിഥി, താങ്കൾ വളരെ ഹൃദയസ്പൃക്കായ മറുപടിയാണ് നൽകിയതെന്നും താങ്കളുടെ മറുപടിയിൽ ഞാൻ പൂർണ സംതൃപ്തനാണെന്നും പറഞ്ഞു.

തുടർന്ന് അദ്ദേഹം തന്റെ ജൽസാനുഭവങ്ങൾ ഇങ്ങനെ വിശദീകരിച്ചു:മഴയും മോശം കാലാവസ്ഥയും ആയിരുന്നിട്ടും ജൽസയിൽ പങ്കെടുക്കുന്നവർ വളരെ സന്തോഷ പുളകിതരായി കാണപ്പെട്ടു.ജൽസാ സാലാനയുടെ സംവിധാനങ്ങൾ വളരെ മികച്ചതായിരുന്നു. ഒന്നുകിൽ ജൽസകൾ അധികമധികമായി നടത്തി പരിചയമായിട്ടുണ്ട്. അല്ലെങ്കിൽ നിങ്ങൾ കാര്യങ്ങൾ വളരെ നല്ലവണ്ണം ചെയ്യുന്നവരാണ്. എല്ലാ സംവിധാനവും ഉന്നത നിലവാരം പുലർത്തുന്നതായിരുന്നു.

ഈ സംഘത്തിലുണ്ടായിരുന്ന അഹ്മദിയ്യാ മിഷണറി ആദരണീയ നബീൽ അഹ്മദ് സാഹിബ് ഇങ്ങനെ പറഞ്ഞു:ഈ ദമ്പതികൾ അഹ്ലെ ഖുർആൻ കക്ഷിയുമായി ബന്ധമുള്ളവരാണെന്നത് ശ്രദ്ധിക്കേണ്ട കാര്യമാണ്. ഇവരുടെ അഭിപ്രായത്തിൽ നമസ്കാരത്തിന് അത്ര വലിയ പ്രാധാന്യമൊന്നുമില്ല. ശനിയാഴ്ച വൈകുന്നേരം ഹുദൂറിനോടൊപ്പമുള്ള അഭിമുഖത്തിനു ശേഷം അദ്ദേഹത്തിന്റെ ഭാര്യ താമസസ്ഥലത്തു പോയി വിശ്രമിക്കാൻ ആഗ്രഹിച്ചിരുന്നു.എന്നാൽ, ഭർത്താവ് അവരോടു പറഞ്ഞു:ഹുദൂറിനെ പിൻ തുടർന്ന് നമസ്കരിക്കാൻ പോകണമെന്നത് എന്റെ വലിയ ആഗ്രഹമാണ്! ഈയൊരു മാറ്റമാണ് കൂടിക്കാഴ്ചയ്ക്കു ശേഷം അദ്ദേഹത്തിലുണ്ടായത്.

ഈ കൂടിക്കാഴ്ച 8.05വരെ നീണ്ടു നിന്നു. തുടർന്ന് ഹുദൂറിനോടൊപ്പം ഫോട്ടോ എടുക്കാനുള്ള ഭാഗ്യവും അവർക്ക് കിട്ടി.

**യുറുഗ്വേ (Uruguay) സംഘവുമായുള്ള കൂടിക്കാഴ്ച:**

യുറുഗ്വേ (Uruguay)യിൽ നിന്നുവന്ന സംഘത്തിൽ Mr.Pablo Daniel സാഹിബും Dr.Gerardo Amaricaസാഹിബുമാണ് ഉണ്ടായിരുന്നത്. രണ്ടുപേരുടേയും ബന്ധം രാജ്യത്തിലെ നാഷണൽ പാർട്ടിയുമായിട്ടാണ്. തൊഴിലുപരമായ ഇരുവരും വക്കീൽമാരാണ്. Dr.Gerardo Amarica,Chamber Representationന്റെ തലവനുമാണ്. ഇവരിരുവരും ജൽസയിൽ പങ്കെടുക്കാൻ അവസരം നൽകിയതിന് ഹുദൂറിന് നന്ദി പറഞ്ഞു. ഇത് ഞങ്ങൾക്ക് വളരെ നല്ല അനുഭവമാണ് നൽകിയിരിക്കുന്നത്.ഇരുവരും ക്രിസ്തുമത വിശ്വാസികളാണെന്നും ഹുദൂറിനോട് സൂചിപ്പിക്കുകയുണ്ടായി.

ആര് ഏതു മതവുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നുള്ള വ്യത്യാസം നമുക്കില്ലെന്ന് ഹുദൂർ തുടർന്ന് പറഞ്ഞു. ഏറ്റവും പ്രധാനപ്പെട്ടത് മനുഷ്യത്വമാണ്.മനുഷ്യത്വത്തിന്റെ അടിസ്ഥാനത്തിലാണ് ഏകോപിച്ചു സഹകരിച്ചുകൊണ്ട് പ്രവൃത്തിക്കണമെന്ന് പറുന്നത്. ഹുദൂർ പറഞ്ഞു: ഇവിടെ ഏല്ലാം താൽക്കാലിക സംവിധാനമായിരുന്നു. ജൽസാ ദിനങ്ങളിൽ മഴ കാരണത്താൽ എന്തെങ്കിലും ബുദ്ധിമുട്ട് നിങ്ങൾക്കുണ്ടായെങ്കിൽ ഞാൻ ക്ഷമ ചോദിക്കുകയാണ്.അപ്പോൾ അതിഥികൾ പറഞ്ഞു:ഞങ്ങൾക്ക് ഒരു ബുദ്ധിമുട്ടും ഉണ്ടായിട്ടില്ല. ഞങ്ങൾ സന്തുഷ്ടരാണ്.എല്ലാ സംവിധാനങ്ങളും വളരെ മികച്ചതായിരുന്നു.എല്ലാ രീതിയിലും ഞങ്ങളെ പ്രത്യേകം ശ്രദ്ധിച്ചു. എല്ലാ സംവിധാനങ്ങളും ഞങ്ങൾക്കൊരുക്കി തന്നു. എല്ലാ ആദരവും ഞങ്ങൾക്കുകിട്ടി.

● ഒരു പാർലമെന്റംഗം പറഞ്ഞു: ഹുദൂറിന്റെ പ്രസംഗം വളരെ ഉന്നതമായിരുന്നു.ഞങ്ങളെ അത് വളരെ സ്വാധീനിച്ചു. മത സ്വാതന്ത്ര്യത്തെ പ്രോൽസാഹിപ്പിക്കാൻ ഞങ്ങളുടെ പാർലമെന്റിൽ ഞങ്ങളും ശ്രമിക്കുന്നതാണ്.ഇപ്പോൾ ഞങ്ങൾ പ്രതിപക്ഷത്താണ്. അടുത്ത പ്രാവശ്യം ഞങ്ങൾ ഭരണത്തിൽ വരും.ഇതുകേട്ട ഹുദൂർ വാത്സല്യത്തോടെ പറഞ്ഞു:നിങ്ങൾ ഭരണത്തിൽ വരുമ്പോൾ ഞങ്ങളും അവിടെ വരാൻ ശ്രമിക്കുന്നതാണ്.

●ഒരു പാർലമെന്റംഗം പറഞ്ഞു:ഇവിടെ വരുന്നതിനുമുമ്പേ അഹ്മദിയ്യത്തിനെ കുറിച്ച് കൂടുതൽ വിവരം ഞങ്ങൾക്കു≠ായിരുന്നില്ല. നിങ്ങൾവളരെ നല്ലവരാണെന്നും സമാധാന കാംക്ഷികളായ സമൂഹവുമാണെന്നും ഇപ്പോഴാണ് അറിയാൻ കഴിഞ്ഞത്.

●Pablo Daniel Abdala Shwarzഎന്ന പാർലമെന്റംഗം തന്റെ ജൽസാ അനുഭവങ്ങൾ ഇങ്ങനെ പങ്കുവെച്ചു:എന്റെ ഹൃദയത്തെ പിടിച്ചു കുലുക്കിയ ജൽസയാണിത്. നിങ്ങളുടെ വിശ്വാസത്തിന്റേയും ഉന്നത ധാർമിക ഗുണങ്ങളും ഇതിൽ പ്രസ്പഷ്ടമായിരുന്നു. പ്രത്യേകിച്ചും ജമാഅത്തിന്റെ ഇമാമിന്റെ പ്രസംഗം ശ്രവിച്ചതിനുശേഷം ഇസ്ലാം കേവലം സമാധാനത്തിന്റെ സന്ദേശമാണ് നൽകുന്നതെന്ന് വ്യക്തമാകുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ പ്രചാരണ പ്രവർത്തനങ്ങളിലും സ്വഷ്ടി സേവനത്തിലും നൂറുക്കണക്കിന് രാഷ്ട്രങ്ങളിലേക്കുള്ള ഇതിന്റെ വ്യാപനത്തിലും ഞാൻ ആശംസകൾ നേരുന്നു.

●രണ്ടാമത്തെ പാർലമെന്റംഗം Gerardo Amarilla ജൽസാ അനുഭവങ്ങൾ ഇങ്ങനെയാണ് വിവരിച്ചത്: "ജൽസ എനിക്ക് ഹൃദയസ്പൃക്കായ അനുഭവങ്ങളാണ് നൽകിയത്. നാം ഇത്രയും കാലം അറിയാതെ പോയ ഇസ്ലാമിന്റെ ഒരു മുഖമാണ് കാണാൻ കഴിഞ്ഞത്. ഇസ്ലാമിന്റെ സന്ദേശം ശാന്തിയുടേയും സാഹോദര്യത്തിന്റേയും സ്നേഹത്തിന്റേതുമാണ്. മതപരമായ അഭിപ്രായ വ്യത്യാസങ്ങൾ നിലനിൽക്കുമ്പോഴും അന്യരായവരോടു കാട്ടിയ ആതിഥ്യ മര്യാദക്കും സ്നേഹത്തിനും ഞാൻ വളരെയധികം നന്ദി പറയുന്നു.

രാത്രി 8.15 വരെ നീണ്ടുനിന്ന ഈ കൂടിക്കാഴ്ചയ്ക്കുശേഷം ഹുദൂറിനോടൊപ്പം ഫോട്ടോ എടുക്കാനുള്ള ഭാഗ്യവും യുറുഗ്വേ (Uruguay)സംഘത്തിന് കിട്ടി.

**സ്പെയിൻ,അർജന്റീന(Spain,Argentina)എന്നീ രാജ്യങ്ങളിൽനിന്ന് വന്ന സംഘത്തിന്റെ കൂടിക്കാഴ്ച:**

സ്പെയിനി(Spain)ൽ നിന്ന് വന്ന സംഘത്തിൽ ഉണ്ടായിരുന്ന ഒരു പാർലമെന്റംഗം ഹുദൂറിനോട് പറഞ്ഞു: 'ന്യൂനപക്ഷത്തിന്റെ ബുദ്ധിമുട്ടുകൾ അറ്റകാൻ ശ്രമിക്കുന്ന ആളാണ് ഞാൻ.' അപ്പോൾ ഹുദൂർ പറഞ്ഞു:'അല്ലാഹു താങ്കളെ സഹായിക്കുമാറാകട്ടെ.'

സ്പെയിനിലെ ഒരു ജേർണലിസ്റ്റും സംഘത്തിലുണ്ടായിരുന്നു. അവർ ഹുദൂറിനോട് ഈയിടെ ഉണ്ടായ തീവ്രവാദ ആക്രമണത്തെ കുറിച്ചാണ് ചോദിച്ചത്. അഹമദിയ്യാ ജമാഅത്ത് ഇത്തരം സംഭവങ്ങളെ എങ്ങനെയാണ് അപലപിക്കുന്നത്?

ഹുദൂർ പറഞ്ഞു:'ഞങ്ങളെന്നും തീവ്രവാദത്തെ അപലപിച്ചു കൊണ്ടിരിക്കുന്നു. കേവലം അപലപിക്കുക മാത്രമല്ല ചെയ്യുന്നത്, പ്രത്യുത എന്താണോ സംഭവിച്ചു കൊണ്ടിരിക്കുന്നത് അത് ഇസ്ലാമിന് വിരുദ്ധമാണെന്നും വിശദീകരിക്കുന്നു. ലോകത്തിലെ വിവിധ രാജ്യങ്ങളിലെ പാർലമെന്റുകളിലും വിവിധ പരിപാടികളിലും പീസ് കോൺഫറൻസുകളിലും നൽകിയ എന്റെ പ്രഭാഷണങ്ങളിലും തീവ്രവാദത്തെ അപലപിക്കുക മാത്രമല്ല ചെയ്തത്,ഇസ്ലാമിന്റെ സമാധാന നിർഭരമായ അധ്യാപനത്തിന്റെ വെളിച്ചത്തിൽ അതിന്റെ പരിഹാരവും സമർപിച്ചിരുന്നു. സമാധാനം എങ്ങനെ സ്ഥാപിക്കാൻ കഴിയും എന്ന് വ്യക്തമാക്കികൊണ്ട് വിവിധ രാഷ്ട്ര തലവൻമാർക്ക് കത്തുകളും എഴുതിയിരുന്നു.'

●അർജന്റീന(Argentina)യിൽ നിന്ന് മധ്യവയസ്കനായ ഒരു പുതു അഹ്മദിയുമുണ്ടായിരുന്നു.അദ്ദേഹം പറഞ്ഞു: 'ഹുദൂർ ഞങ്ങളുടെ രാജ്യത്തിലേക്ക് ഒരു മുബല്ലിഗിനെ അയക്കുന്നു എന്നറിഞ്ഞതിൽ വളരെ സന്തോഷിക്കുന്നു. ഞങ്ങളുടെ രാജ്യത്തിലും ഇസ്ലാം അഹ്മദിയ്യത്തിന്റെ സന്ദേശം വ്യാപിപ്പിക്കേണ്ട സമയം എത്തിയിരിക്കുന്നു.'ഇതുകേട്ട ഹുദൂർ പറഞ്ഞു:ഇതിനു വേണ്ടി തന്നെയാണ് അവിടേക്ക് മുബല്ലിഗിനെ അയക്കുന്നത്. ഇസ്ലാം അവിടേയും വ്യാപിക്കട്ടെ.'

സ്പെയിനി(Spain)ലെ മുൻ പാർലമെന്റംഗം Jose Maria Alonso സാഹിബ് തന്റെ വിചാരങ്ങൾ ഇങ്ങനെ വിവരിച്ചു: ഈ ജൽസയുടെ സുപ്രധാന കാര്യം ഖലീഫത്തുൽ മസീഹിന്റെ സന്ദേശമായിരുന്നു. മുസ്ലീംകൾ ലോകത്ത് മാറ്റം ഉണ്ടാക്കണമെന്ന് ആഗ്രഹിക്കുന്നുണ്ടെങ്കിൽ ആ മാറ്റം സ്നേഹ സമാധാന മാർഗ്ഗേണ മാത്രമേ കൊണ്ടു വരാൻ കഴിയുകയുള്ളൂഎന്ന സന്ദേശമാണ് ഹുദൂർ നൽകിയത്. ഒരാൾക്കും മറ്റൊരാളെ നിർബന്ധിച്ച് മുസ്ലിമാക്കാൻ കഴിയില്ല. ദൈവം എല്ലാരേയും നിർബന്ധിച്ച് മുസ്ലിമാക്കാൻ ആഗ്രഹിച്ചിരുന്നെങ്കിൽ എല്ലാ മനുഷ്യരേയും മുസ്ലീംകളായിട്ടുതന്നെ സ്വഷ്ടിക്കുമായിരുന്നു.അതുകൊണ്ട് ഒരാളുടെ മേലും ഒരു മതത്തേയും അടിച്ചേൽപ്പിക്കുക സാധ്യമല്ല.'

●സ്പെയിൻ സംഘത്തിൽ പെട്രോബാദിൽ നിന്നുള്ള Daily Cordoba ദിന പത്രത്തിന്റെ റിപ്പോർട്ടർ Rafael സാഹിബും ഉണ്ടായിരുന്നു.അദ്ദേഹം തന്റെ അഭിപ്രായങ്ങൾ ഇങ്ങനെ പ്രകടിപ്പിച്ചു: 'ജൽസാ സാലാന എല്ലാ രീതിയിലും യോജിച്ചതായിരുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ ചിന്താധാര വളരെ നൂതനമാണെന്ന് ഈ അന്തർദേശീയ ജൽസ സാലാനയിൽ നിന്ന് ഞങ്ങൾക്ക് വ്യക്തമായിരുന്നു. അഹ്മദിയ്യാ ജമാഅത്ത് മുഖേന ഇസ്ലാമിന്റെ അടിസ്ഥാന ലക്ഷ്യങ്ങളായ ഉന്നത ധാർമിക മൂല്യങ്ങളും സാഹോദര്യവും ജനങ്ങളുടെ മുമ്പിൽ വന്നുകൊണ്ടിരിക്കുന്നു. എല്ലാത്തരം തീവ്രവാദങ്ങൾക്കുമെതിരിൽ ജിഹാദ് ചെയ്യാനുള്ള അധ്യാപനങ്ങൾ ഉൾക്കൊള്ളുന്നതാണിത്.

●ഒരു പത്ര റിപ്പോർട്ടറുടെ ഭാര്യ Maria Del Carmen ഈ സംഘത്തിലുണ്ടായിരുന്നു. അവർ പറയുന്നു: 'ഞാൻ ഇതിന് മുമ്പേയും ജൽസയിൽ പങ്കെടുത്തിട്ടുണ്ട്. ഈ ജൽസയും അതിൽ പങ്കെടുക്കുന്നവരുടെ ഉള്ളിൽ ആത്മീയമാറ്റങ്ങൾ സ്വഷ്ടിക്കുന്ന അനുഭവമാണ് സ്വഷ്ടിക്കുന്നതെന്നതിന് വീണ്ടും ഞങ്ങൾ സാക്ഷികളാണ്. ഭിന്നിപ്പുകൾക്ക് പകരം നൻമകളിലേക്ക് നാം നോക്കേണ്ടതുണ്ട്. ഈ ജൽസയിൽ ഇക്കാര്യമാണ് നമുക്ക് കാണാൻ സാധിക്കുന്നത്.'

● അർജന്റീനയിൽ നിന്ന് വന്ന പത്ര റിപ്പോർട്ടറായ ജablo Pla സാഹിബും സംഘത്തിലുണ്ടായിരുന്നു. തന്റെ ജൽസ അനുഭവങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: ജൽസ സാലാന വളരെസുന്ദരമായ അനുഭവങ്ങൾ നല്കുന്നതാണ്. ഈ ജൽസ കാരണത്താൽ തീവ്രവാദം, സ്ത്രീകൾ, ഇതര മതങ്ങൾ എന്നിവയെ കുറിച്ചുള്ള അഹ്മദിയ്യാ ജമാഅത്തിന്റെ വീക്ഷണം എനിക്ക് മനസ്സിലായി. അഹ്മദിയ്യാ ജമഅത്ത് മില്യൺ കണക്കിനുണ്ടെന്നും ഈ വർഷവും 6 ലക്ഷത്തിലധികം പേർ ജമാഅത്തിൽ ചേർന്നിരിക്കുന്നുവെന്നും കേട്ടപ്പോൾ ഞാൻ അത്ഭുതപ്പെട്ടു പോയി. ഖലീഫത്തുൽ മസീഹുമായുള്ള ഞങ്ങളുടെ കൂടിക്കാഴ്ചയും വളരെ ഹൃദ്യമായിരുന്നു. അദ്ദേഹം ഞങ്ങളോട് വളരെയധികം സ്നേഹ ബഹുമാനത്തോടും അനുകമ്പയോടുംകൂടി പെരുമാറി. സ്നേഹാനുകമ്പയും ശാന്തി സമാധാനവും നീതിയും മതപരമായ സഹവർത്തിത്വവും അഹ്മദിയ്യാ ജമാഅത്തിന്റെ അടിസ്ഥാനമാണെന്നത് എനിക്ക് വളരെ ഇഷ്ടമായി. ജൽസയിൽ പങ്കെടുത്തതിന് ശേഷം എനിക്ക് അഹ്മദികളുടെ ചിന്താധാര വളരെ വ്യക്തമായി. അഹമദിയ്യാ ജമാഅത്തിന്റെ സന്ദേശം വ്യാപിപ്പിക്കാൻ ഞാൻ നിങ്ങളോടൊപ്പം ഉണ്ടായിരിക്കും. ഞാൻ പ്രതിനിധാനം ചെയ്യുന്ന ചാനൽ വീക്ഷിക്കുന്നവരുടെ എണ്ണം നാല് മില്യണിലും അധികമാണ്. ഞാൻ എന്റെ ചാനലിൽ നിങ്ങളുടെ സന്ദേശം കാണിക്കുന്നതാണ്.

ഈ കൂടിക്കാഴ്ച 8.25വരെ നീണ്ടുനിന്നു. ശേഷം ഇരു സംഘത്തിനും ഹുദൂറിനോടൊപ്പം ഫോട്ടോ എടുക്കാനുള്ള സൗഭാഗ്യവും കിട്ടി.

**അയർലണ്ട് സംഘത്തിന്റെ കൂടിക്കാഴ്ച:**

6 അതിഥികളാണ് അയർലണ്ട് സംഘത്തിലുണ്ടായിരുന്നത്. ഇതിൽ ഒരു സെനറ്ററാണ് Lolchartaigh, Trevor സാഹിബ്, ഒരു സെനട്ടർ പാർലമെന്റംഗം Mr.Emon Culive സാഹിബ്, National Diversity Policeന്റെ തലവൻ Darren Howlett Coventry സാഹിബ്.

സംഘത്തെ പരിചയപ്പെട്ടതിനുശേഷം ഹുദൂർ ജൽസയുടെ സംവിധാനത്തെ കുറിച്ച് ഇങ്ങനെ പറഞ്ഞു: 'ഇവിടെ ഒരു താൽക്കാലിക വില്ലേജാണ് തയ്യാറാക്കിയിട്ടുള്ളത്. എല്ലാ പ്രവർത്തിയും സന്നദ്ധ പ്രവർത്തകരാണ് ചെയ്യുന്നത് മഴ കാരണത്താലോ കാലാവസ്ഥയുടെ പ്രതികൂലാവസ്ഥ കൊണ്ടോ ആതിഥ്യ മര്യാദയിലോ സംവിധാനങ്ങളിലോ മറ്റോ എന്തെങ്കിലും കുറവു സംഭവിച്ചിട്ടുണ്ടെങ്കിൽ ഞാൻ നിങ്ങളോടു ക്ഷമ ചോദിക്കുകയാണ്.ഇതെല്ലാം താൽക്കാലിക സംവിധാനങ്ങളാണ്.ഏതാനും ചില ദിവസങ്ങൾക്കു ശേഷം ഇവിടെ വന്നു നോക്കിയാൽ നിങ്ങൾക്ക് ഈ പ്രദേശം ആകമാനം പച്ചപ്പ് നിലമായിട്ടേ കാണാൻ കഴിയുകയുള്ളൂ.'

● സംഘത്തിലുണ്ടായിരുന്ന ഒരു വനിത അതിഥി പറഞ്ഞു:'അയർലണ്ട് മിഷണറി ഇബ്റാഹീം നൂനൻ സാഹിബ് വളരെ ആർദ്രതയുള്ള വ്യക്തിയാണ്. ഞങ്ങളെ വളരെ ശ്രദ്ധിക്കാറുണ്ട്.'

അപ്പോൾ ഹുദൂർ പറഞ്ഞു:'നമ്മുടെ മുറബ്ബിമാർ ഇതേ മാതൃകയാണ് സ്വീകരിക്കേണ്ടത്. മനുഷ്യത്വം എന്ന നിലയിൽ എല്ലാവരും പരസ്പരംശ്രദ്ധ വെക്കേണ്ടതാണ്. ഒരാളെകൊണ്ട് മറ്റൊരാൾക്ക് ഗുണം എത്തേണ്ടതാണ്.'

●National Diversity Policeന്റെ തലവൻ Darren Howlett Coventry സാഹിബ് ജൽസയെ സംബന്ധിച്ച് പറഞ്ഞു: 'ഇതെന്റെ ആദ്യ ജൽസയായിരുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ ദൃഢചിത്തരും സൽപ്രകൃതക്കാരുമായ സേവകരുമായി കണ്ടുമുട്ടാൻ ജൽസാ വേളയിൽ എനിക്ക് സാധിച്ചു. 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്' എന്ന ആപ്ത വാക്യത്തെ ഉച്ചരിക്കുക മാത്രമല്ല അവർ ചെയ്തത്. പങ്കെടുത്തവർക്ക് നിസ്വാർഥമായ സന്നദ്ധസേവനം ചെയ്തുകൊണ്ട് എല്ലാവരും അത് പരസ്യമായി പ്രകടിപ്പിച്ചു. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമാം ശാന്തി സമാധാനത്തിനായി വ്യക്തിഗതമായും സാമൂഹികമായും അധ്വാനിക്കാൻ ആഹ്വാനം ചെയ്തു. പ്രഭാഷണത്തിന് മുമ്പേ ആലപിക്കപെട്ട കവിതയും എന്നിൽ ആഴത്തിൽ സ്വാധീനം ചെലുത്തി.ഈ മഹത്തായ അവസരം എനിക്ക് നൽകിയതിന് ഞാൻ വളരെ നന്ദിയുളളവനാണ്.ഇതുമുഖേന ആഴത്തിൽ ചിന്തിക്കുന്നതിനും ജൽസാ പരിപാടികൾ ആവോളം ആസ്വദിക്കുന്നതിനും എനിക്ക് അവസരം കിട്ടി.'

● മറ്റൊരു അതിഥിയായ അയ്മൻ ഓക്യോ, അദ്ദേഹം പാർലമെന്റിലെ സീനിയർ എം.പി യാണ് തന്റെ അനുഭവങ്ങൾ വിവരിച്ചു: 'രണ്ടാം പ്രാവശ്യവും ജൽസയിൽ പങ്കെടുക്കാൻ എനിക്ക് അവസരം ഒരുക്കി തന്ന അഹ്മദിയ്യാ ജമാഅത്തിനോട് വലിയ കടപ്പാടെനിക്കുണ്ട്. ജൽസ പൂർണമായും വളരെ സുന്ദരമായിരുന്നു. എന്നാൽ, എന്റെ ഈ സന്ദർശനത്തിലെ ഏറ്റവും നല്ല നിമിഷങ്ങൾ അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമുമായിട്ടുള്ള അഭിമുഖമായിരുന്നു.ഖലീഫത്തുൽ മസീഹ് ഒരു ഉത്തമനായ വഴികാട്ടിയും വളരെ നല്ല സ്നേഹിതനുമാണ്.'

●അയർലണ്ടിലെ മറ്റൊരു അതിഥി orevor o clochartaigh, അദ്ദേഹം സെനട്ടറാണ് തന്റെ അഭിപ്രായം ഇങ്ങനെ പ്രകടിപ്പിച്ചു: മുഴുവൻ ലോകത്തുനിന്നുവന്ന അഹ്മദികളോടൊപ്പം സമയം ചെലവഴിക്കാൻ സാധിച്ചത് എന്റെ സൗഭാഗ്യമാണെന്ന് ഞാൻ മനസ്സിലാക്കുന്നു. എന്നെ ഏറ്റവും വശീകരിച്ചത് ആതിഥ്യ മര്യാദ എന്ന സ്വഭാവ ഗുണമായിരുന്നു. ഏതു ചോദ്യവും കേൾക്കുന്നതിന് തയ്യാറാകുക, ഒരു പ്രശ്നത്തിൽനിന്നും ഒളിച്ചോടാതിരിക്കുക, എല്ലാ ചോദ്യത്തിനും മറുപടി നൽകുക എന്ന അഹ്മദിയ്യാ ജമാഅത്തിന്റെ രീതിയും എനിക്ക് വളരെ നന്നായി തോന്നി. വിവധ സമൂഹങ്ങളുമായും മതാനുയായികളുമായുമുള്ള അഭിമുഖങ്ങളും വളരെ നന്നായി. ഇങ്ങനെയൊരു ഒത്തുകൂടലിൽ നിന്ന് സ്ഥാപിതമാകുന്നത്, ഐക്യത്തിലും പരസ്പരം മനസ്സിലാക്കുന്നതിലും ഏതു സമയത്തും അഹ്മദിയ്യാ ജമാഅത്ത് തയ്യാറാണെന്നാണ്. ജൽസയുടെ വ്യാപ്തിയും വളരെ അത്ഭുതപ്പെടുത്തുന്നതാണ്.

തുടരും

(പേജ് 1ൽനിന്ന്)

ഹദ്റത്ത് നവാബ് മുബാറക്ക ബീഗം സാഹിബ(റ) തന്റെ കവിതയിൽ അത് കോറിയിട്ടതിങ്ങനെയാണ്.

രഹ്ല് പേശെ നസ്ർ വൊ വഖ്ത്തെ ബഹൻ
ജബ് സിന്ദ ഗാഡീ ജാത്തീ ഥീ
ഘർ കി ദീവാരേ രോത്തീ ഥീ
ജബ് ദുൻയാ മെ തൂ ആത്തീഥീ

പക്ഷേ, സ്ത്രീകളുടെ സൗഭാഗ്യമെന്നു പറയട്ടെ, അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്ന മഹാനായൊരു ഉദാരവാൻ ജന്മംകൊണ്ടു. അത് നമ്മുടെ യജമാനരായ റഹ്മത്തുല്ലിൽ ആലമീൻ ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)ആകുന്നു. അവിടന്ന് മുഖേന ഈ സകല അക്രമങ്ങളും വിപാടനം ചെയ്യപ്പെട്ടു. അവിടന്ന് വിധി പുറപ്പെടുവിച്ചു: 'അല്ലാഹു എന്നെ സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി പ്രത്യേകമായ നിലയിൽ എഴുന്നേല്പിച്ചിരിക്കുന്നു. ഞാൻ അല്ലാഹുവിനുവേണ്ടി വിളംബരം ചെയ്യുന്നു. പുരുഷനും സ്ത്രീയും മാനവികതയുടെ അടിസ്ഥാനത്തിൽ തുല്യരാണ്.' അവിടന്ന് പറഞ്ഞു: 'സ്ത്രീ ഏറ്റവും ഉത്തമമായ ഐഹികവസ്തുവാണ്. അവൾ പുരുഷനു വസ്ത്രമെന്ന നിലയിലാണുള്ളത്. പുരുഷന്റെ ബഹുമാനവും മഹത്ത്വവും നിലകൊള്ളുന്നത് അവൻ തന്റെ ഭാര്യയോടു നല്ല രീതിയിൽ പെരുമാറുന്നതിന്റെ അടിസ്ഥാനത്തിലായിരിക്കും. പുരുഷന്റെ ഈമാനിന്റെ അച്ചുതണ്ട് ഭാര്യയോടു നല്ലനിലയിൽ പെരുമാറുന്നതിനനുസരിച്ചായിരിക്കും. അവൻ നല്ലരീതിയിൽ പെരുമാറുന്നവനാണെങ്കിൽ മുഅ്മിൻ എന്നു പറയപ്പെടും. ഭാര്യയോടു നല്ലനിലയിൽ പെരുമാറുന്നില്ലെങ്കിൽ ദൈവസവിധത്തിൽ കോപത്തിനു പാത്രമാകുന്നതായിരിക്കും.' അവിടന്ന് പറഞ്ഞു: 'ഭാര്യ തന്റെ സ്വത്തിന്റേയും തന്റെ ഭർത്താവിന്റേയും തന്റെ മാതാവിന്റേയും പിതാവിന്റെ സ്വത്തിന്റേയും അനന്തരാവകാശിയായിരിക്കും. അവളുടെ വിവാഹം ഒരു പരിശുദ്ധവും പവിത്രവുമായ ഉടമ്പടിയാണെന്നതിൽ സംശയമില്ല. ഭാര്യയും ഭർത്താവും പരസ്പരം അങ്ങേയറ്റം കൃത്രിമത്വമില്ലാത്ത ബന്ധമുണ്ടാക്കിയതിനുശേഷം അത് പൊട്ടിച്ചെറിയുകയെന്നത് അങ്ങേയറ്റം കുറ്റകരമാണ്. ഭാര്യയുടേയും ഭർത്താവിന്റേയും പ്രകൃതിയിൽ ഭയാനകമായ ഭിന്നിപ്പുണ്ടാകുകയാണെങ്കിൽ അല്ലെങ്കിൽ മതപരമായോ സാമ്പത്തികമായോ സാംസ്കാരികമായോ സ്വാഭാവികമാറ്റങ്ങളുണ്ടായിട്ടും, ഈ ഉടമ്പടി നിലനിറുത്തുന്നതിനുവേണ്ടി മാത്രം തന്റെ ആയുസ് നശിപ്പിച്ചുകളയാൻ പാടില്ല. തന്റെ ജന്മോദ്ദേശ്യം കളഞ്ഞുകുളിക്കാനും പാടില്ല.' ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: സ്ത്രീകളുടെ അവകാശങ്ങൾ ഇസ്ലാം സംരക്ഷിച്ചിട്ടുള്ളതുപോലെ മറ്റൊരു മതവും സംരക്ഷിച്ചിട്ടില്ല. ഹ്രസ്വമായ വാക്കുകളിൽ പറഞ്ഞു: *വലഹുന്ന മിഥ്ലുല്ലദീ അലയ്ഹിന്ന* (2:229) പുരുഷന്മാർക്ക് സ്ത്രീകളോടു കടമകളുള്ളതുപോലെ സ്ത്രീകൾക്ക് പുരുഷന്മാരോടും കടമകളുണ്ട്. ചിലയാളുകളുടെ അവസ്ഥ കേൾപ്പിക്കാറുണ്ട്. അവർ തങ്ങളുടെ ഭാര്യമാരെ കാലിലിടുന്ന ചെരുപ്പുപോലെയാണ് കാണുന്നത്. നിന്ദ്യമായ ജോലികൾ അവരെക്കൊണ്ടു ചെയ്യിക്കുന്നു. ചീത്തവിളിക്കുന്നു. നിന്ദാദൃഷ്ടിയോടെ നോക്കുന്നു. പർദയുടെ കല്പന അനുവദനീയമല്ലാത്ത രീതിയിൽ ചെയ്യിച്ച് അവരെ ജീവനോടെ കുഴിച്ചുമൂടുന്നു. സത്യസന്ധരും യഥാർഥരുമായ രണ്ടു സുഹൃത്തുക്കളെപ്പോലുള്ള ബന്ധമാണ് ഭർത്താക്കന്മാർക്ക് ഭാര്യമാരോടു ഉണ്ടാകേണ്ടത്. മനുഷ്യന്റെ ശ്രേഷ്ഠമായ സ്വഭാവങ്ങളുടേയും അല്ലാഹുവുമായിട്ടുള്ള ബന്ധത്തിന്റേയും ഒന്നാമത്തെ സാക്ഷി ഈ ഭാര്യമാരാണ്. അവരോടുള്ള ബന്ധങ്ങൾ നല്ലതല്ലെങ്കിൽ, അല്ലാഹുവുമായി ഐക്യപ്പെടുന്നതെങ്ങനെ? നബി(സ) തിരുമേനി പറഞ്ഞു: ഖയ്റുക്കും ഖയ്റുക്കും ലി അഹ്‌ലിഹി. നിങ്ങളിൽ ഉത്തമൻ തന്റെ ഭാര്യയോടു നല്ലനിലയിൽ പെരുമാറുന്നവനാണ്."

❖ രണ്ടാമത്തെ പ്രസംഗം നാളിർ ബയ്ത്തുൽമാൽ ഖർച്ച് ഖാദിയാൻ ശുഅയ്ബ് അഹ്മദ് സാഹിബിന്റേതായിരുന്നു. 'ധനത്യാഗത്തിന്റെ പ്രാധാന്യവും അതിന്റെ അനുഗ്രഹങ്ങളും ഈമാൻ ദൃഢീകരിക്കുന്ന സംഭവങ്ങളുടെ വെളിച്ചത്തിൽ'എന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗ വിഷയം. പ്രസംഗത്തിന്റെ ആരംഭത്തിൽ സൂറഃ ബഖറായിലെ 262 മുതൽ 266 വരെയുള്ള ആയത്തുകൾ അദ്ദേഹം പാരായണം ചെയ്തു. അതിൽ അല്ലാഹു പറയുന്നു. ധനം അല്ലാഹുവിന്റെ മാർഗത്തിൽ ചെലവാക്കുന്നവരുടെ ഉപമ ഒരു ധാന്യമണിയുടേതുപോലെയാകുന്നു. അത് ഏഴു കതിരുകൾ ഉത്പാദിപ്പിച്ചു. ഓരോ കതിരിലും നൂറു മണി വീതമുണ്ട്. അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് അവൻ ഇതിനേക്കാൾ ഇരട്ടിയായി നല്കുന്നതാണ്. അല്ലാഹു ഔദാര്യവാനും സർവ്വജ്ഞനുമാകുന്നു. അല്ലാഹുവിന്റെ മാർഗത്തിൽ തങ്ങളുടെ ധനം ചെലവ് ചെയ്യുകയും പിന്നീട് അതിനെ തുടർന്ന് തങ്ങൾ ചെലവ് ചെയ്തത് (അത് സ്വീകരിച്ചവരോട്) ഔദാര്യമായി എടുത്തുപറയാതിരിക്കുകയും അവരുടെ മനസ് വേദനിപ്പിക്കാതിരിക്കുകയും ചെയ്യുന്നവർക്ക് അവരുടെ നാഥന്റെ പക്കൽ പ്രതിഫലമുണ്ട്. ഒരുവിധ ഭയവും അവർക്ക് ഉണ്ടായിരിക്കുകയില്ല. അവർ ദുഃഖിക്കുന്നവരുമല്ല.'

അദ്ദേഹം സയ്യിദുനാ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ)ന്റേയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും സ്വഹാബാക്കളുടെ ധനത്യാഗങ്ങളെ കുറിച്ചുള്ള ഈമാൻ ദൃഢീകരിക്കുന്ന സംഭവങ്ങൾ കേൾപ്പിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബാക്കളുടെ ഈമാൻ ദൃഢീകരിക്കുന്ന ചില സംഭവങ്ങൾ താഴെ ചേർക്കുകയാണ്.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബിന്റെ ഒരു നിവേദനമാണ്. ഒരവസരത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ലുധിയാനയിൽ അത്യാവശ്യമായ ഒരു വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിന് പണത്തിന്റെ ആവശ്യമുണ്ടായി. ആ ദിവസങ്ങളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബി ഹദ്റത്ത് മുൻശി സഫർ അഹ്മദ് സാഹിബ്(റ) ലുധിയാനയിൽ വന്നിരുന്നു. ഹുദൂർ(അ) അദ്ദേഹത്തെ വിളിച്ചു പറഞ്ഞു. ഇങ്ങനെ ഒരു ആവശ്യമുണ്ടായിട്ടുണ്ട്. നിങ്ങളുടെ ജമാഅത്തിന് സഹായിക്കാൻ കഴിയുമോ? അവിടന്ന് പറഞ്ഞു: ഹദ്റത്ത്! ഇൻശാഅല്ലാഹ് ചെയ്യാൻ കഴിയുന്നതാണ്. ഞാൻ പോയി പണവുമായി വരാം.' അദ്ദേഹം ഉടനെ കപൂർത്തലയിലേക്ക് പുറപ്പെട്ടു. ജമാഅത്തിലെ ആരോടും ഒന്നും പറയാതെ തന്റെ ഭാര്യയുടെ ഒരു ആഭരണം വിറ്റ് 60 രൂപ വാങ്ങി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് കൊണ്ടുകൊടുത്തു. ഈ നിവേദനം വളരെ ദീർഘമാണ്. അങ്ങനെ മുൻശീ സഫർ അഹ്മദ് സാഹിബ് ഒറ്റയ്ക്ക് ഈ സേവനം ചെയ്തു. കപൂർത്തല ജമാഅത്തിലെ ആരേയും ഇതിൽ പങ്കെടുപ്പിച്ചില്ല. ഈ സംഭവം അറിഞ്ഞപ്പോൾ മുൻശീ അരോഢേഖാൻ സാഹിബ്(റ), അദ്ദേഹം കപൂർത്തല ജമാഅത്തിലെ അംഗമായിരുന്നു– ആറു മാസംവരെ മുൻശീ സഫർ അഹ്മദ് സാഹിബിനോട് വെറുപ്പ് പ്രകടിപ്പിച്ചുകൊണ്ടിരുന്നു. ഇങ്ങനെയുള്ള ആത്മത്യാഗികളെയായിരുന്നു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് നല്കപ്പെട്ടത്.

ഹദ്റത്ത് അമ്മാജാൻ സയ്യിദ നുസ്റത്ത് ജഹാൻ ബീഗം സാഹിബയെ സംബന്ധിച്ച് വന്നിരിക്കുന്നു. അവിടന്ന് മിനാരത്തുൽ മസീഹിന്റെ നിർമാണത്തിന് ആയിരം രൂപ വാഗ്ദാനം എഴുതിച്ചു. തന്റെ ദില്ലിയിലുള്ള ഒരു വീട് വിറ്റ് അതുകൊടുത്തു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) മിനാരത്തുൽ മസീഹിന്റെ നിർമാണത്തിന് ആഹ്വാനം ചെയ്തപ്പോൾ ഹദ്റത്ത് മിയാൻ ശാദീഖാൻ സാഹിബ് സിയാൽക്കോട്ടി(റ), തന്റെ വീട്ടിലെ കട്ടിലുകൾ ഒഴിച്ച് എല്ലാ സാധനങ്ങളും വിറ്റ് കിട്ടിയ 300 രൂപ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്നിധിയിൽ സമർപ്പിച്ചു. അതിൽ സന്തോഷം പ്രകടിപ്പിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'താങ്കൾ ഹദ്റത്ത് അബൂബക്കർ(റ)ന്റെ മാതൃക കാണിച്ചിരിക്കുന്നു.' ഇത് കേട്ടപാടെ അദ്ദേഹം വീട്ടിൽ മടങ്ങിപ്പോയി. ബാക്കിയുണ്ടായിരുന്ന കട്ടിലുകളും വിറ്റ് മുഴുവൻ തുകയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് കൊടുത്തു.

ഇപ്രകാരംതന്നെ ഹദ്റത്ത് സാഹിബ് സാദ പീർ മൻളൂർ അഹ്മദ് സാഹിബിനെ കുറിച്ച് ഹദ്റത്ത് മിർസാ അബ്ദുൽ ഹഖ് സാഹിബ് അഡ്വക്കേറ്റ് എഴുതുന്നു: ഹദ്റത്ത് സാഹിബ് സാദ പീർ മൻളൂർ അഹ്മദ് സാഹിബ് 'ഖായിദ യസ്സർനൽ ഖുർആനിന്റെ' കർത്താവായിരുന്നു. ഈ ഖായിദയ്ക്ക് വളരെ സ്വീകാര്യത ലഭിച്ചു. നൂറുക്കണക്കിന് രൂപ മാസന്തോറും അക്കാലഘട്ടത്തിൽ അദ്ദേഹത്തിന് വരുമാനമുണ്ടായിരുന്നു. പക്ഷേ, അദ്ദേഹത്തിന്റെ ദീനിനുവേണ്ടിയുള്ള ത്യാഗത്തിന്റെ അവസ്ഥ എന്തായിരുന്നുവെന്നാൽ, വെറും 30 രൂപ തന്റെ ചെലവുകൾക്ക് നീക്കിവച്ച് ബാക്കി മുഴുവൻ വിശുദ്ധഖുർആൻ പ്രസിദ്ധീകരിക്കുന്നതിനും ദീനിന്റെ പ്രചാരണത്തിനുംവേണ്ടി ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന് അയച്ചുകൊടുക്കുകയും ചെയ്തു. 1940നു ശേഷം ബുദ്ധിമുട്ടുണ്ടായപ്പോൾ 40 രൂപ മാസന്തോറും തന്റെ ചെലവുകൾക്ക് നീക്കിവെച്ചു. ഒരു വർഷത്തിൽ പതിനായിരം രൂപ ദീനീ സേവനത്തിന് നല്കി.

അദ്ദേഹം പറഞ്ഞു: അങ്ങേയറ്റം ബുദ്ധിമുട്ടും പ്രയാസവുമുള്ള അവസ്ഥകളിൽ മാനസികമായ വികാരങ്ങളെ ത്യാഗം ചെയ്തുകൊണ്ട്, അല്ലാഹുവിന്റെ വഴിയിൽ ത്യാഗം സമർപിക്കുക എന്നത് നിസാര കാര്യമല്ല. ഇതിന്റെ നിരവധി മാതൃകകൾ അഹ്മദിയ്യാ ചരിത്രത്തിൽ മിന്നിത്തിളങ്ങുന്നതായി കാണാം. ഹദ്റത്ത് ഖാളി മുഹമ്മദ് യൂസുഫ് സാഹിബ് പിശാവരി(റ), ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിലെ ഒരു സംഭവം ഇങ്ങനെ വിവരിക്കുന്നു: വസീറാബാദിലെ ശേയ്ഖ് കുടുംബത്തിലെ ഒരു യുവാവ് വഫാത്തായി. അദ്ദേഹത്തിന്റെ പിതാവ് കഫ്നുവേണ്ടി 200 രൂപ കരുതിവെച്ചിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ലങ്കർഖാനയുടെ ചെലവിനായി ധനത്യാഗം ചെയ്യാൻ ആഹ്വാനം ചെയ്തു. അദ്ദേഹത്തിന് കത്തുകിട്ടി. അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് തുക അയച്ചതിനുശേഷം എഴുതി. എന്റെ യുവാവായ മകൻ പ്ലേഗ് ബാധിച്ച് മരിച്ചു. ഞാൻ അവന്റെ ശേഷക്രിയകൾക്ക് 200 രൂപ നീക്കി വെച്ചിരുന്നു. അത് അയക്കുകയാണ്. മകനെ അവന്റെ വസ്ത്രത്തിൽത്തന്നെ ഖബ്ർ അടക്കുകയുമാണ്.

❖ ഈ യോഗത്തിന്റെ മൂന്നാമത്തെ പ്രസംഗം നാഇബ് നാളിർ ഉമൂറെ ആമ ഖാദിയാൻ മൗലാന റഫീഖ് അഹ്മദ് ബേഗ് സാഹിബിന്റേതായിരുന്നു. 'നമസ്കാരം നിലനിറുത്തൽ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലായുടെ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ' എന്നതായിരുന്നു വിഷയം. വിശുദ്ധഖുർആൻ, തിരുഹദീഥുകൾ, സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അയ്യദഹുല്ലായുടെ നിർദ്ദേശങ്ങൾ എന്നിവയുടെ വെളിച്ചത്തിൽ നമസ്കാരത്തിന്റെ പ്രാധാന്യവും അനുഗ്രഹങ്ങളും വ്യക്തമാക്കി. ഇതുസംബന്ധമായി അദ്ദേഹം ഹുദൂർ അയ്യദഹുല്ലായുടെ കുറച്ച് നിർദ്ദേശങ്ങൾ സമർപിക്കുകയുണ്ടായി. ഹുദൂർ പറയുന്നു: ആദ്യം നമസ്കാരശീലം നിർബന്ധമാണ്. തന്നെ സ്വയം നമസ്കാരങ്ങൾ അനുഷ്ഠിക്കുന്നവനാക്കേണ്ടത് അനിവാര്യമാണ്; നമസ്കാരങ്ങളുടെ ഫലം മനുഷ്യന് ബാഹ്യാവസ്ഥയിൽ കാണാൻ കഴിഞ്ഞാലും ഇല്ലെങ്കിലും. പക്ഷേ, ഏതവസ്ഥയിലും നമസ്കരിക്കേണ്ടതാണ്. കാരണം ഇത് ഫർള് അഥവാ നിർബന്ധമാണ്. ഞാൻ ഏതവസ്ഥയിലും അല്ലാഹുവിലേക്ക് മടങ്ങേണ്ടവനും അവന്റെയടുക്കൽ പോകേണ്ടവനുമാണെന്ന ബോധത്തോടെ നമസ്കാരശീലമുണ്ടാക്കേണ്ടതാണ്. എല്ലാ ആവശ്യങ്ങളും അവനോടു ചോദിക്കേണ്ടതാണ്. ഇതു പതിവായിട്ടു ചെയ്യുകയാണെങ്കിൽ നമസ്കാരങ്ങളോടുള്ള കടമ നിറവേറ്റപ്പെടുന്ന സമയവും വന്നെത്താൻ തുടങ്ങുന്നതാണ്. നമസ്കാരങ്ങളിൽ ആനന്ദവും ഉണ്ടാകാൻ തുടങ്ങും. ചോദിക്കുമ്പോൾ, നമസ്കരിക്കാൻ ശ്രമിക്കുന്നുണ്ട്, പക്ഷേ മടിയാണ് എന്നു പറയുന്നവർക്ക് ആ മറുപടി നല്കേണ്ടിവരികയില്ല.' അവിടന്ന് ഒരു അവസരത്തിൽ പറഞ്ഞു: 'നമസ്കാരത്തിന്റെ പ്രാധാന്യം മനസ്സിലാക്കാത്തപ്പോഴാണ് മടിയുണ്ടാകുന്നത്. മനുഷ്യൻ അല്ലാഹു അല്ലാത്തതിനെ കൂടുതൽ പ്ര

## ഇർശാദെ നബവി(സ):-

"നീ അല്ലാഹുവിനെ മാത്രം ആരാധിക്കുക. അവനോടു മറ്റൊന്നിനേയും പങ്കുചേർക്കരുത്. നീ നമസ്കരിക്കുകയും സക്കാത്തു കൊടുക്കുകയും കുടുംബബന്ധം ചേർക്കുകയും ചെയ്യുക.'
(ബുഖാരി, മുസ്ലിം)

ത്വാലിബെ ദുആ:
കെ. മുഹമ്മദ് ശരീഫും കുടുംബവും അഹ്മദിയ്യാ ജമാഅത്ത്, വാണിയമ്പലം (കേരള)

## ഇർശാദെ നബവി(സ):-

അല്ലാഹുവിനോടു പങ്കു ചേർക്കലും മാതാപിതാക്കളെ അനുസരിക്കാതിരിക്കലും കളവുപറയലും കളളസാക്ഷ്യം വഹിക്കലുമാണ് വൻപാപങ്ങൾ."
(ബുഖാരി, മുസ്ലിം)

ത്വാലിബെ ദുആ:
അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ മുറിയക്കണ്ണി (കേരള)

ധാനപ്പെട്ടതായി മനസ്സിലാക്കുന്നു. അല്ലാഹുവിൽ പൂർണമായ വിശ്വാസമുണ്ടെങ്കിൽ, മടിയുണ്ടാകുന്നതെങ്ങനെ? ഇന്ന് ലോകത്തിന്റെ അവസ്ഥ അങ്ങേയറ്റം വഷളായിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ദുഃസ്വാധീനത്തിൽനിന്ന് സ്വയം രക്ഷിക്കുന്നതിനും നിങ്ങളുടെ മക്കളേയും രക്ഷിക്കുന്നതിനും അല്ലാഹുവിലേക്ക് നിഷ്കളങ്കരായി കുനിയേണ്ടത് നിർബന്ധമാണ്. ആ കുനിയുന്നതിനുള്ള ഉത്തമമായ മാർഗം അല്ലാഹുവും അവന്റെ റസൂലും ഇക്കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദും(അ) പറഞ്ഞത് നമസ്കാരം നിർവഹിക്കുന്നതിലേക്കും അത് സംരക്ഷിക്കുന്നതിലേക്കും ശ്രദ്ധിക്കുക എന്നതാണ്.

തുടർന്ന് പറഞ്ഞു: ‘നമസ്കാരങ്ങളുടെ സംരക്ഷണവും മേൽനോട്ടവും തന്നെയായിരിക്കും, നമ്മയേയും നമ്മുടെ മക്കളേയും പാപങ്ങളിൽനിന്നും തെറ്റായ പ്രവർത്തികളിൽനിന്നും പരിശുദ്ധമാക്കുന്നതിനുള്ള ജാമ്യം. നമ്മുടെ നമസ്കാരങ്ങളിലുള്ള നൈരന്തര്യം തീർച്ചയായും നമ്മുടെ മക്കളിലും തങ്ങളും നമസ്കാരങ്ങൾ പതിവായി അനുഷ്ഠിക്കണമെന്നുള്ള ചൈതന്യമുണ്ടാക്കുന്നതാണ്; തങ്ങളുടെ മാതാപിതാക്കൾ കാത്തുസൂക്ഷിച്ചതുപോലെ തങ്ങളും നമസ്കാരങ്ങൾ കാത്തുസൂക്ഷിക്കണം. ഇക്കാര്യം ആ കുട്ടികളിൽ ആഴ്ന്നിറങ്ങുമ്പോൾ, കുടിയിരിക്കുമ്പോൾ– തങ്ങളും നമസ്കാരങ്ങൾ പതിവായി അനുഷ്ഠിക്കണം–പാശ്ചാത്യ സംസ്കാരങ്ങൾക്ക് വശംവദരായി തങ്ങളുടെ കുട്ടികൾ നശിച്ചുപോകുമോ എന്ന ചിന്തയിൽനിന്ന് സ്വതന്ത്രരാകുന്നതാണ്. അവർ ദുആ ചെയ്യാൻ എഴുതുകയും പറയുകയും ചെയ്യുന്നുണ്ട്. സ്വയം പരിശ്രമിക്കുന്നുമുണ്ടാകും. ദുആയും ചെയ്യുന്നുണ്ടാകും. നിങ്ങളുടെ മക്കളെ ഈ മാഹാത്മ്യങ്ങളിലും കൃത്യനിഷ്ഠരാക്കാൻ ശ്രമിക്കുക. അല്ലാഹു പറയുന്നു: ‘ഇന്നസ്സ്വലാത്ത തൻഹാ അനിൽ ഫഹ്ശായി വൽമുൻകർ (അൻകബൂത്ത്:48) തീർച്ചയായും നമസ്കാരം തിന്മകളിൽനിന്നും അനിഷ്ടകരമായ കാര്യങ്ങളിൽനിന്നും തടയുന്നു. ഈ നമസ്കാരങ്ങൾ സംരക്ഷിക്കുന്ന കാരണത്താൽ അല്ലാഹുവും ആ നമസ്കാരങ്ങൾ മുഖേന ജാമ്യം നല്കുന്നു; നിഷ്കളങ്കമായിക്കൊണ്ട് എന്റെ സന്നിധിയിൽ വരുന്നവരെ, ഈ ദുൻയാവിലെ അഴുക്കുകളിൽനിന്നും മാലിന്യങ്ങളിൽനിന്നും കാത്തുസൂക്ഷിക്കേണ്ടത് എന്റെ ചുമതലയായി തീർന്നിരിക്കുന്നു. അവരെ നന്മകളിൽ നിലനിറുത്തുകയും തഖ്വയിൽ നിലനിറുത്തുകയും ചെയ്യുക എന്നത് എന്റെ ചുമതലയാണ്. എന്റെ പരിശുദ്ധരായവരുടേയും തഖ്വയിൽ നിലകൊള്ളുന്നവരുടേയും കൂട്ടത്തിൽ അവരെ ചേർക്കുക എന്നത് എന്റെ ചുമതലയാണ്. എന്റെ ഉപഹാരങ്ങൾ പ്രാപിക്കുന്നവരുടെ കൂട്ടത്തിൽ അവരെ ഉൾപ്പെടുത്തുക എന്നത് എന്റെ ബാധ്യതയാണ്. അതുകൊണ്ട് ഏറ്റവും അടിസ്ഥാനപരമായ കാര്യമാണ് നമസ്കാരം. അതിന്റെ ട്രെയിനിംഗും അത് നിർവഹിക്കുന്നതിനുള്ള ദൃഢനിശ്ചയവും ഈ ജൽസാ ദിനങ്ങളിൽ നിങ്ങൾ ചെയ്യേണ്ടതാണ്. നമസ്കാരങ്ങളിൽ ബലഹീനരായിട്ടുള്ളവർ ഈ ദിനങ്ങളിൽ അതിനോടുള്ള കടമ നിറവേറ്റിക്കൊണ്ട് അത് സ്ഥിരമായി നിർവഹിക്കാനും പാലിക്കാനും ശ്രമിക്കേണ്ടതാണ്.

ഇതിനുശേഷം ഈജിപ്റ്റിൽ നിന്നുവന്ന ആദരണീയനായ അതിഥി അബ്ദുൽ ഫർള് അൽഹുസ്നീ സാഹിബ് തന്നെ പരിചയപ്പെടുത്തിക്കൊണ്ട് പ്രസംഗിച്ചു. ഈജിപ്റ്റിൽനിന്ന് ഖാദിയാൻ ജൽസയിൽ പങ്കെടുക്കാൻ വന്നതായിരുന്നു അദ്ദേഹം. പഴയകാല അഹ്മദിയാണ്. തന്റെ അഭിപ്രായം അറബിഭാഷയിൽ അദ്ദേഹം പ്രകടിപ്പിച്ചു. അതിന്റെ ഉർദു തർജമ നാഇബ് നാളിർ നശ്റോ ഇശാഅത്ത് അത്വാഉൽ മുജീബ് ലോൺ സാഹിബ് കേൾപ്പിച്ചു. അബ്ദുൽ ഫർള് അൽഹുസ്നീ സാഹിബ് പറഞ്ഞു: ഞങ്ങൾ ഈജിപ്റ്റിൽനിന്ന് മുഴുലോകത്തിനും വ *ആഖരീന മിൻഹും ലമ്മാ യൽഹഖൂബിഹിം വഹുവൽ അസീസുൽഹക്കീം* എന്ന് അല്ലാഹുവും അവന്റെ റസൂലും പറഞ്ഞത് സത്യമാണെന്ന സാക്ഷ്യവുമായിട്ടാണ് വന്നിട്ടുള്ളത്. അവസാനം വരുന്നവരുടെ ഒരു ജമാഅത്തുണ്ടാകും. അവർ കാലത്തിന്റെ മസീഹിനെ വിശ്വസിക്കുന്നവരും സൽകർമങ്ങളിലൂടെ നബി(സ) തിരുമേനിയുടെ സ്വഹാബാക്കളുമായി കൂടിച്ചേർന്നവരുമായിരിക്കും. കാലത്തിന്റെ മസീഹ് ഡമാസ്കസിന്റെ പൂർവദേശത്ത് ഒരു വെളുത്ത മിനാരത്തിന്റെ അടുത്ത് ഇറങ്ങുമെന്ന് നബി(സ) തിരുമേനി നമ്മെ സുവാർത്ത അറിയിച്ചിരുന്നു. അങ്ങനെ ഡമാസ്കസിന്റെ കിഴക്ക് ഒന്നിലധികം മിനാരങ്ങൾ നബി(സ) തിരുമേനിയുടെ ഈ ഹദീഥിന്റെ സത്യത്തിന് തെളിവായിത്തീർന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാഗ്ദത്തപുത്രൻ സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഡമാസ്കസിൽ ഇറക്കപ്പെട്ട ആദ്യത്തെ മിനാരമായിരുന്നു. അതിനുശേഷം അവിടത്തെ കല്പനയാൽ മൗലാനാ ജലാലുദ്ദീൻ സാഹിബ് ശംസ് മുബല്ലിഗ് എന്ന നിലയിൽവന്നു. അദ്ദേഹവും ഒരു മിനാരമായിരുന്നു. അദ്ദേഹം മുഖേന ശാം ദേശത്ത് ധാരാളമാളുകൾക്ക് സന്മാർഗത്തിന്റെ വഴി ലഭിച്ചു. ഈ അഹ്മദിയ്യത്ത് സ്വീകരിച്ചവരിൽ ഒരു വ്യക്തിയുണ്ടായിരുന്നു; അദ്ദേഹത്തിന് ശാം ദേശത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശം പ്രചരിപ്പിക്കുന്നതിനും ജമാഅത്തംഗങ്ങളെ ഏകോപിച്ചുവെക്കുന്നതിനും ജമാഅത്തിനെ ശക്തമായ അടത്തറയിൽ നിലനിറുത്തുന്നതിനും അസാധാരണമായ തൗഫീഖ് കിട്ടി. ആ വ്യക്തിയാണ് മുനീർ അൽഹുസ്നീ സാഹിബ്! ഇന്ന് ഞങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നാടായ ഖാദിയാൻ ദാറുൽ അമാനിൽനിന്ന് എന്നല്ല ഖാദിയാനിലുള്ള വെളുത്ത മിനാരം എന്നാണ് പറയേണ്ടത്; ഞങ്ങളുടെ ജനതയേയും ബന്ധുക്കളേയും എന്നല്ല മുഴുലോകത്തേയും സംബോധന ചെയ്തുകൊണ്ടു പറയുന്നു: ജാഅൽ മസീഹ്! ജാഅൽ മസീഹ്! ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ വെളിപാട് യുസ്വല്ലൂന അലയ്ക്ക സ്വുലഹാഉൽ അറബ് വ അബ്ദാലുശ്ശാമി അറേബ്യയിലെ സ്വാലിഹുകളും ശാമിലെ അബ്ദാലുകളും നിന്നിൽ സലാം ചൊല്ലുന്നു എന്ന വെളിപാട് സത്യമായിരുന്നു എന്നതിന് സാക്ഷ്യം വഹിക്കുന്നു; ഇത് അവിടത്തെ സത്യസാക്ഷ്യത്തിനുള്ള വ്യക്തമായ തെളിവാണ്. നബി(സ) തിരുമേനിയുടെ ഈ രണ്ടാം വരവിന്റെ കാലഘട്ടത്തിൽ അറബികൾ അവിടത്തെ സേവകനായ സയ്യിദുനാ ഹദ്റത്ത് അഹ്മദ്(അ)ന്റെ സഹായികളും പിന്തുണയ്ക്കുന്നവരുമായിത്തീരട്ടെ എന്ന് ഞാൻ ദുആ ചെയ്യുന്നു. ഞാനെന്റെ വാക്കുകൾ ഡമാസ്കസിലെ അഹ്മദി സഹോദരങ്ങൾ ഞാൻ വരുമ്പോൾ എന്നോട് ചെയ്ത് വസിയത്ത്, ഈ അനുഗൃഹീത സമ്മേളനത്തിൽ അവർക്കുവേണ്ടി ദുആയ്ക്ക് അപേക്ഷിക്കണം എന്ന വസിയത്ത് പൂർത്തിയാക്കിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

**മൂന്നാം ദിവസം സമാപന യോഗം:**

ജൽസാ സാലാന ഖാദിയാന്റെ സമാപനയോഗത്തിന്റെ നടപടികൾ അഡീഷണൽ നാളിർ അഅ്‌ലാ സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യാ ജുനൂബി ഹിന്ദ് ശീറാസ് അഹ്മദ് സാഹിബിന്റെ അധ്യക്ഷതയിൽ ആരംഭിച്ചു. ഹാഫിള് മുഹമ്മദ് ഫാറൂഖ് അഅ്‌ളം സാഹിബ് ഹാമിം സജ്ദ എന്ന അധ്യായത്തിലെ 31 മുതൽ 36 വരെയുള്ള വചനങ്ങൾ പാരായണം ചെയ്തു. അതിന്റെ ഉർദു തർജമ സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ തഫ്സീറെ സ്വഗീറിൽനിന്ന് മുബല്ലിഗ് സയ്യിദ് കലീമുദ്ദീൻ സാഹിബ് കേൾപ്പിച്ചു. മുബല്ലിഗ് ഖാലിദ് വലീദ് അഹ്മദ് സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പരിശുദ്ധപദ്യം.

*വൊ പേശ്‌വാ ഹമാരാ ജിസ്സെ ഹൈ നൂർ സാരാ*
*നാമ് ഉസ്കാ ഹൈ മുഹമ്മദ് ദിൽബർ മേരാ യഹീഹൈ*

മനോഹരമായ ശബ്ദത്തിൽ ആലപിച്ചു. തുടർന്ന് മൗലാനാ മുഹമ്മദ് ഇനാം സാഹിബ് ഗോറി (നാളിർ അഅ്‌ലാ സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യ ഖാദിയാൻ) ഭരണകർത്താക്കൾക്കും, വിവിധ സർക്കാർ സ്ഥാപനങ്ങൾക്കും സഹോദരങ്ങൾക്കും നന്ദി പറഞ്ഞു. അവർ ജൽസ സംഘടിപ്പിക്കുന്നതിൽ എല്ലാവിധത്തിലും സഹായിക്കുകയുണ്ടായി. ഏറ്റവുമാദ്യം അദ്ദേഹം അല്ലാഹുവിന് ശുക്ർ ചെയ്തു. അവന്റെ കൃപയും ഔദാര്യവും കൊണ്ട് ജൽസാ എല്ലാവിധേനയും നല്ലരീതിയിൽ സമാപിച്ചു. ഇപ്രകാരം അദ്ദേഹം ഹുദൂർ അൻവർ അയ്യദഹുല്ലായ്ക്കും നന്ദി പറഞ്ഞു. ഹുദൂർ നിരന്തരം മാർഗദർനം നല്കുകയും വാത്സല്യത്തോടെ നമ്മളോടൊപ്പം ഉണ്ടാകുകയും ചെയ്തു. തുടർന്ന് അദ്ദേഹം കേന്ദ്ര സംസ്ഥാന ഭരണസ്ഥാപനങ്ങൾക്കും അവരുടെ ഓഫീസർമാർക്കും നമ്മളോട് സഹകരിച്ചതിന് നന്ദി പറഞ്ഞു. ഇതിനുശേഷം യോഗാധ്യക്ഷൻ തദ്ദേശപരമായ നിലയിൽ സമാപന ദുആ ചെയ്യിച്ചു.

അതുകഴിഞ്ഞ് സ്റ്റേജിലും ജൽസാഗാഹിലും സന്നിഹിതരായവർ അവരവരുടെ സ്ഥലത്ത്, എം.ടി.എ മുഖേന തത്സമയ സംപ്രേഷണം ചെയ്യപ്പെടുന്ന തങ്ങളുടെ പ്രിയപ്പെട്ട ഇമാമിന്റെ പ്രഭാഷണം കേൾക്കാൻ നിശബ്ദരായി ഇരുന്നു. പ്രഭാഷണം നടക്കുമ്പോൾ ജൽസാഗാഹ് നിറഞ്ഞുകഴിഞ്ഞിരുന്നു. ലണ്ടനിൽനിന്നുള്ള ജൽസയുടെ തൽസമയ സംപ്രേഷണത്തിനു മുമ്പേ, മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യാ ഇന്റർനാഷണലിൽനിന്ന് ഖാദിയാനും അതിലെ പരിപവിത്രമായ സ്ഥലങ്ങളും അടങ്ങിയ വളരെ ഹൃദയസ്പൃക്കായ ഡോക്യുമെന്ററി പ്രദർശിപ്പിച്ചിരുന്നു. അതിൽ ദാറുൽ മസീഹ്, മസ്ജിദ് മുബാറക്, മസ്ജിദ് അഖ്സ്വാ, മിനാരത്തുൽ മസീഹ് തുടങ്ങിയവ ദീപാലങ്കാരം ചെയ്തുകൊണ്ടുള്ള മനോഹരദൃശ്യം കാണിക്കപ്പെട്ടു. അതുപോലെതന്നെ ഈ പരിശുദ്ധ സ്ഥലങ്ങളുടെ പ്രാധാന്യവും അനുഗ്രഹങ്ങളും ഹൃദയസ്പർശിയായ നിലയിൽ വിവരിക്കപ്പെട്ടു. ഇതിനു പുറമെ ബിഹിശ്തി മഖ്ബറ, സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ റൗളമുബാറക്, രണ്ടാമത്തെ ശക്തിപ്രഭാവത്തിന്റെ– ഖിലാഫത്തിന് ആരംഭം കുറിച്ച സ്ഥലങ്ങളുടെ ദൃശ്യങ്ങളും കാണിക്കപ്പെട്ടു. അതിനെക്കുറിച്ച് വിശദീകരിച്ചു. ഡോക്യുമെന്ററിയുടെ അവസാനം ജൽസയുടെ മുഴുവൻ പരിപാടികളുടേയും ഹ്രസ്വമായ ദൃശ്യങ്ങളും കാണിക്കപ്പെട്ടു. ഖാദിയാൻ ദാറുൽ അമാനിലെ ജൽസാ സാലാന ദിനങ്ങളിലെ രാവും പകലും മനോഹരമായ രീതിയിൽ അവതരിപ്പിക്കുകയുണ്ടായി.

തുടർന്ന് എം.ടി.എയിൽ തത്സമയ സംപ്രേഷണം തുടങ്ങി. ഹുദൂർ അയ്യദഹുല്ലാഹ് ബയ്ത്തുൽ ഫുത്തൂഹിൽ സ്റ്റേജിൽ ആഗതനായി. ലണ്ടനിലും അയ്യായിരത്തിലേറെ ആളുകൾ ഹുദൂറിന്റെ പ്രഭാഷണം കേൾക്കാൻ സന്നിഹിതരായിരുന്നു.

അബ്ദുൽ മുഅ്മിൻ ത്വാഹിർ സാഹിബ് വിശുദ്ധ ഖുർആൻ പാരായണം ചെയ്തു. ആലുഇംറാൻ എന്ന അധ്യായത്തിലെ 103 മുതൽ 108 വരെയുള്ള വചനങ്ങൾ ഓതുകയും തർജമ കേൾപ്പിക്കുകയും ചെയ്തു. സയ്യിദ് ആശിഖ് ഹുസയ്ൻ സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ

*ജാനോ ദിലം ഫിദായെ ജമാലെ മുഹമ്മദ് അസ്ത്*
*ഖാക്കും നിഥാർ കൂചയെ ആലെ മുഹമ്മദ് അസ്ത്*

എന്ന ഫാർസി പദ്യം മനോഹരമായ നിലയിൽ ആലപിച്ചു. അതിന്റെ ഉർദു തർജമയും കേൾപ്പിച്ചു. തുടർന്ന് സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പരിശുദ്ധമായ,

*ഹർ ത്വർഫ് ഫിക്ർ കൊ ദൗഡാക്കെ ഥക്കായ ഹംനെ*

എന്ന ഉർദുപദ്യം അബ്ദുൽ ഹഫീള് സാഹിബ് ചൊല്ലുകയുണ്ടായി. ഹുദുർ അൻവർ പ്രഭാഷണത്തിന് നിന്നപ്പോൾ ഖാദിയാൻ ജൽസാഗാഹിന്റെ അന്തരീക്ഷം തക്ബീർ ധ്വനികളാലും മുദ്രാവാക്യങ്ങളാലും മുഖരിതമായി. തശഹ്ഹുദും തഅവ്വുദും സൂറഃഫാതിഹയും ഓതിയതിനു ശേഷം ഹുദൂർ പറഞ്ഞു: അഹ്മദിയ്യ ജമാഅത്ത് ഖത്തമുന്നുബുവ്വത്തിനെ നിഷേധിക്കുന്നവരാണെന്നുള്ള ആക്ഷേപം ഇന്ന് ലോകത്ത് വ്യാപകമായ നിലയിൽ പ്രചരിപ്പിച്ചുവരികയാണ്. ഇത് വളരെ വലിയ കളവാണ്. ജമാഅത്തിന് വിദൂരമായ ബന്ധം പോലുമില്ലാത്ത ആക്ഷേപമാണിത്. നബി(സ) തിരുമേനിയുടെ സേവകനായ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളോടു ഇങ്ങനെയാണ് പറഞ്ഞിട്ടുള്ളത്: ‘നബി(സ) തിരുമേനിയെ ഖാത്തമുന്നബിയ്യീനായി വിശ്വസിക്കാ

## ഇർശാദെ നബ്‌വി(സ):–

“കുടുംബബന്ധം വിച്ഛേദിക്കുന്നവൻ
സ്വർഗത്തിൽ പ്രവേശിക്കുകയില്ല.”
(ബുഖാരി, മുസ്‌ലിം)

**ത്വാലിബെ ദുആ:**
പരേതയായ ടി.കെ. റാബിയ സാഹിബയുടെ കുടുംബം
അഹ്മദിയ്യാ ജമാഅത്ത് കരുളായി(കേരള)

## ഇർശാദെ നബ്‌വി(സ):–

നബി(സ) പറഞ്ഞു: “നിങ്ങളുടെയടുക്കൽ ഏതെങ്കിലും
ജനതയുടെ ആദരണീയവ്യക്തി വന്നാൽ അദ്ദേഹത്തെ ആദരിക്കുക.”
(സുനൻ ഇബ്നു മാജ)

**ത്വാലിബെ ദുആ:**
അംഗങ്ങൾ, അഹ്മദിയ്യാ ജമാഅത്ത് ഐരാപുരം (കേരള)

**EDITOR**
**H.Shamsuddin**

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ — The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-3 Thursday 22 February 2018 Issue-8

**MANAGER**
**NAWAB AHMAD**
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
**ANNUAL SUBSCRIPTION** Rs.300/-

**ANNUAL SUBSCRIPTION** : Rs. 300/- (Per Issue : Rs. 6/-) (**WEIGHT** - 20-50 gms/issue)

ത്തവൻ കാഫിറും ഇസ്ലാമികവൃത്തത്തിൽനിന്ന് പുറത്തുമാണ്.' ഇത് അങ്ങേയറ്റം അക്രമപരവും അവിവേകവുമായ ആരോപണമാണ്. ഒരുഭാഗത്ത് ഞങ്ങൾ ഞങ്ങളെ മുസ്ലിം എന്നു പറയുകയും മറുഭാഗത്ത് അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകരുടെ സ്വന്തം വാക്കുകളനുസരിച്ച് ഖത്തമുന്നുബുവ്വത്തിന്റെ വിശ്വാസത്തെ അംഗീകരിക്കാതെ കാഫിറാകുകയും ചെയ്യുന്നതെങ്ങനെ? എന്നാൽ, ഇവർ മുസ്ലിംകളെ ഭയപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഇക്കാരണത്താൽ അവർ ചിന്തിക്കുന്നതിനും മനസ്സിലാക്കുന്നതിനും കേൾക്കുന്നതിനും തയ്യാറാകുന്നില്ല. ചിന്തിക്കുകയും, കാര്യങ്ങൾ കേൾക്കുകയും ചെയ്യുന്നവർ, യഥാർഥത്തിൽ അഹ്മദി മുസ്ലിംകളാണ് യഥാർഥ മുസ്ലിംകളെന്ന് വിശ്വസിക്കുകയും ചെയ്യുന്നു.

ഹുദൂർ പറഞ്ഞു: നബി(സ) തിരുമേനിയുടെ സേവകനായ മഹ്ദിയെ മഅ്ഹൂദിനെ വിശ്വസിച്ചുകൊണ്ടേ നമുക്ക് നബി(സ) തിരുമേനിയുടെ യഥാർഥ സ്ഥാനം തിരിച്ചറിയാൻ സാധിക്കുകയുള്ളൂ. ഏഷ്യയിലെ നാമമാത്ര ഉലമാ തങ്ങളുടെ സ്വാർഥ നേട്ടങ്ങൾ കരസ്ഥമാക്കുന്നതിനും അജ്ഞത മറച്ചുവെക്കുന്നതിനുമായി അശ്രാന്തപരിശ്രമം ചെയ്തുകൊണ്ടിരിക്കുകയാണ്. എങ്ങനെയും മുസ്ലിംകളെ അഹ്മദികളുടെ അടുത്തുകൊണ്ടുവരാതിരിക്കാനുള്ള ശ്രമമാണ് നടക്കുന്നത്. ഇതേ ജോലിതന്നെയാണ് ഇവർ ലോകത്തിലെ മറ്റു രാജ്യങ്ങളിലും ചെയ്യുന്നത്. ആളുകൾക്ക് പ്രലോഭനങ്ങൾ നല്കുന്നു. പക്ഷേ, ഇസ്ലാമിനെ കുറിച്ച് ഒന്നും അറിയാതിരുന്ന മുസ്ലിംകൾ അഹ്മദിയ്യത്ത് മുഖേന യഥാർഥ ഇസ്ലാം പഠിച്ചു. അവരാണ് ഇപ്പോൾ മറുപടി നല്കിക്കൊണ്ടിരിക്കുന്നത്. അവർ വളരെ ശക്തരാണ്. അവർ മൗലവിമാർക്ക് ഇത്രനാളും നിങ്ങൾക്ക് ബോധമുണ്ടായില്ല, ഇന്ന് അഹ്മദിയ്യാ ജമാഅത്ത് ഞങ്ങളെ ദീൻ പഠിപ്പിക്കുകയും വിശുദ്ധഖുർആൻ പഠിപ്പിക്കുകയും ചെയ്തപ്പോൾ നിങ്ങൾക്ക് ബോധമുദിച്ചിരിക്കുന്നുവെന്ന് പറഞ്ഞ് മൗലവിമാർക്ക് മറുപടി നല്കുന്നു; അതുകൊണ്ട് ഇവിടെനിന്ന് പൊയ്ക്കൊള്ളുക. ഞങ്ങൾ നിങ്ങൾ പറയുന്നത് വിശ്വസിക്കുകയില്ല എന്നും തുറന്നു പറയുന്നു.

ഹുദൂർ അൻവർ പറഞ്ഞു: മനുഷ്യന്റെ ഈ പദ്ധതികൾ അല്ലാഹുവിന്റെ പദ്ധതികൾക്കു മുമ്പിൽ നിലനില്ക്കുകയില്ല. അഹ്മദിയ്യത്തിന് അഭിവൃദ്ധി നല്കണമെന്നത് അല്ലാഹുവിന്റെ വിധിയാണ്. അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദിന് നല്കിയ ഇൽഹാമുകളിൽ പറഞ്ഞു: 'ഞാൻ നിനക്ക് അന്തസ് നല്കും. വർധിപ്പിക്കും.' നിത്യവും ഈ കാഴ്ചകൾ നമ്മൾ കണ്ടുകൊണ്ടിരിക്കുന്നു. അഹ്മദിയ്യത്തിന്റെ എതിരാളികൾ ശക്തിചെലുത്തിയിട്ടും ഇസ്ലാമിന്റെ അടിസ്ഥാന കാര്യങ്ങളെ വിശ്വസിക്കാത്തവരാണെന്ന് പ്രചരിപ്പിച്ചിട്ടും ആയിരക്കണക്കിനാളുകൾ ജമാഅത്തിൽ ചേർന്നുകൊണ്ടിരിക്കുന്നു. മുസ്ലിംകളിൽനിന്നും ചേർന്നുകൊണ്ടിരിക്കുന്നു. ചിലയാളുകൾക്ക് നമ്മെക്കുറിച്ച് അറിയുകയില്ല. അവർ നമ്മളുമായി ബന്ധംവെക്കുന്നു. വർത്തമാനകാലത്തെ പുരോഗതി തബ്ലീഗിനുള്ള സാഹചര്യങ്ങൾ സ്വയം സൃഷ്ടിച്ചിരിക്കുന്നു. സോഷ്യൽ മീഡിയായിൽ പ്രചരിപ്പിക്കുകയും അനാവശ്യങ്ങൾ പുലമ്പുകയും ചെയ്യുന്ന എതിരാളികളുടെ പ്രസംഗങ്ങളും തെറ്റായ കാര്യങ്ങളും കേട്ട് സൽപ്രകൃതക്കാരായവർ നമ്മളിലേക്ക് തിരിയുന്നു. ഇത് അല്ലാഹുവിന്റെ പ്രവൃത്തിയാണ്. മനുഷ്യന് തടയാൻ സാധ്യമല്ല. ഇന്ന് ലോകം കണ്ടുകൊണ്ടിരിക്കുന്ന ഈ ജൽസയും അല്ലാഹുവിന്റെ സഹായത്തിനുള്ള തെളിവാണ്. നമ്മുടെ പ്രവർത്തനമാധ്യമങ്ങൾ നോക്കുകയാണെങ്കിൽ, ഇസ്ലാമിന്റെ യഥാർഥസന്ദേശം ലോകത്തിന്റെ ഓരോ കോണിലും എത്തിക്കുക എന്നത് അസംഭാവ്യമാണ്.

ഹുദൂർ പറഞ്ഞു; ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞിരിക്കുന്നു. വിശുദ്ധഖുർആനിന്റെ ഉപദേശങ്ങളിൽ എനിക്ക് പൂർണവിശ്വാസമാണ്. അതാണ് നബി(സ) തിരുമേനിയെ ഖാത്തമുന്നബിയ്യീൻ എന്നു പറഞ്ഞത്. അൽയൗമ അക്മൽത്തുലക്കും ദീനക്കും എന്നു പറഞ്ഞത്. ഇപ്പോൾ ഇസ്ലാം മാത്രമാണ് അല്ലാഹുവിന് ഇഷ്ടപ്പെട്ട ദീൻ. നബി(സ) തിരുമേനിയുടെ നല്ലതായ കർമങ്ങളുടെ വഴി ഉപേക്ഷിച്ചുകൊണ്ട് മറ്റേതെങ്കിലും വഴി സ്വീകരിക്കുക എന്നത് അനാചാരമാണ്. പൊതുവെ അനഹ്മദി മുസ്ലിംകൾ അനാചാരങ്ങളുടെ വഴി സ്വായത്തമാക്കിയിരിക്കുകയാണ്. ബുർബെശായുടെ കുറച്ച് അനുപ്രാസമുള്ള കവിതകൾ മതിയെന്നാണ് അവർ മനസ്സിലാക്കിയിട്ടുള്ളത്. നമസ്കാരങ്ങളിൽ നിർവൃതിയില്ല. സ്വന്തം ഉണ്ടാക്കിയിട്ടുള്ള ജപതാപങ്ങളാണ് സ്ഥാപിച്ചുവെച്ചിട്ടുള്ളത്. തലപ്പാവ് ഊരി എറിയുന്നു. നബി(സ) തിരുമേനിയുടെ കാലത്ത് ഇങ്ങനെ വല്ലതുമുണ്ടായിരുന്നോ? ഇക്കാര്യങ്ങൾ ഇന്നും മജ്ലിസുകളിൽ നടന്നുവരുന്നു. അവിടന്ന് പറഞ്ഞു: 'നുബുവ്വത്ത് വാദിച്ചു എന്നു പറഞ്ഞ് എന്നിൽ ആക്ഷേപം ഉന്നയിക്കുന്നു; ഞാൻ എന്തോ സ്വതന്ത്ര പ്രവാചകത്വം വാദിച്ചതുപോലെ! പറഞ്ഞു: എന്റെ വാദം, നബി(സ) തിരുമേനിയുടെ ദാസത്വത്തിൽവന്ന് നബി(സ) തിരുമേനിയുടെ ശരീഅത്ത് അനുസരിച്ച് കർമങ്ങൾ ചെയ്യുകയും ചെയ്യിക്കുകയുമാണ്. എന്നാൽ വ്യാജനുബുവ്വത്ത് നിങ്ങൾ സ്വയം ഉണ്ടാക്കിയിരിക്കുന്നുവെന്ന് നിങ്ങൾ കാണുന്നില്ല. റസൂലിനും ഖുർആനിനുമെതിരിൽ പുതിയ പുതിയ ദിക്റുകൾ കൊണ്ടുവരുന്നു. അതുകൊണ്ട് നീതിയോടുകൂടി പറയുക, ഞങ്ങളാണോ അധ്യാപനത്തിൽ കുറവു വരുത്തുന്നത്. അതോ നിങ്ങളോ? പീറുമാരുടേയും ഫഖീറുമാരുടേയും ഖബ്റുകളിൽ ചെന്ന് സുജൂദ് ചെയ്യുന്നു.' പറഞ്ഞു: 'എന്നെ ആക്ഷേപിക്കാതിരിക്കുക; നിങ്ങളുടെ അവസ്ഥകളിലേക്ക് നോക്കുക.'

നബി(സ)തിരുമേനിയുടെ സ്ഥാനവും നിലയും വിവരിച്ചുകൊണ്ടു പറയുന്നു: തീർച്ചയായും ഓർമിച്ചുകൊള്ളുക. നബി(സ) തിരുമേനിയെ ഖാത്തമുന്നബിയ്യീനായി ദൃഢമായും വിശ്വസിക്കാത്തിടത്തോളം സത്യവാനായ മുസ്ലിമാകുകയില്ല. സ്വയം മെനഞ്ഞെടുത്തിട്ടുള്ളതിനെ വേർപെടുത്താത്തിടത്തോളം വാക്കുകൊണ്ടും പ്രവർത്തികൊണ്ടും നബി(സ) തിരുമേനിയെ ഖാത്തമുന്നബിയ്യീനായി വിശ്വസിക്കാത്തിടത്തോളം ഒന്നുമുണ്ടാകുകയില്ല. എല്ലാ വ്യാജനുബുവ്വത്തുകളേയും കഷണം കഷണമാക്കുക എന്നതാണ് നമ്മുടെ ജോലി. എല്ലാ പീറുമാരേയും നോക്കുകയും കർമപരമായ നിലയിൽ ദർശിക്കുകയും ചെയ്ത് ഞങ്ങളാണോ നബി(സ)തിരുമേനിയുടെ നുബുവ്വത്തിൽ വിശ്വസിക്കുന്നത് അതോ അവരോ?എന്ന് നോക്കുക.

വായകൊണ്ട് ഖാത്തമുന്നബിയ്യീനെന്ന് വിശ്വസിക്കുകയും കർമംകൊണ്ട് നിഷേധിക്കുകയും ചെയ്യുന്നത് അക്രമവും ദ്രോഹവുമാണ്. ബഗ്ദാദീ നമസ്കാരവും മഅ്കൂസ് നമസ്കാരവും തുടങ്ങി അനാചാരങ്ങൾ കണ്ടുപിടിച്ചിരിക്കുന്നു. യാ ശേയ്ഖ് അബ്ദുൽ ഖാദിർ ജീലാനീ ശയ്അൻലില്ലായ്ക്ക് വല്ല തെളിവുമുണ്ടോ? നബി(സ) തിരുമേനിയുടെ കാലഘട്ടത്തിൽ അബ്ദുൽ ഖാദിർ ജീലാനിയുടെ അസ്തിത്വംപോലുമില്ലായിരുന്നു. പറഞ്ഞു: ലജ്ജിക്കുക! ഇസ്ലാമിക ശരീഅത്ത് പാലനം എന്നത് ഇതിന്റെ പേരാണോ? ഇനി സ്വയം വിധി പറയുക. ഇക്കാര്യങ്ങൾ വിശ്വസിച്ചും അനാചാര കർമങ്ങൾ ചെയ്തും ഖത്തമുന്നുബുവ്വത്തിന്റെ സീലുപൊട്ടിച്ചുവെന്ന് പറഞ്ഞ് എന്റെമേൽ ആക്ഷേപം ഉന്നയിക്കാൻ തക്ക യോഗ്യത നിങ്ങൾക്കുണ്ടോ? യഥാർഥവും സത്യസന്ധവുമായ കാര്യം, നിങ്ങൾ നിങ്ങളുടെ മസ്ജിദുകളിൽ അനാചാരങ്ങൾ കടത്തിയില്ലായിരുന്നെങ്കിൽ നബി(സ)തിരുമേനിയുടെ സത്യമായ നുബുവ്വത്തിൽ വിശ്വസിച്ച് അവിടത്തെ കർമരീതിയും ചുവടും പിൻപറ്റി നടന്നിരുന്നുവെങ്കിൽ ഞാൻ വരേണ്ട ആവശ്യമെന്തായിരുന്നു? നിങ്ങളുടെ ഈ അനാചാരങ്ങളും പുതിയ നുബുവ്വത്തുകളുമാണ് അല്ലാഹുവിന്റെ ആത്മാഭിമാനത്തെ ആവേശംകൊള്ളിച്ചത്. നബി(സ)തിരുമേനിയുടെ പുതപ്പിൽ ഒരാളെ അയക്കാൻ പ്രേരിപ്പിച്ചത്. അദ്ദേഹം ഈ വ്യാജ നുബുവ്വത്തുകളുടെ ബിംബത്തെ തുണ്ടം തുണ്ടമാക്കി ഇല്ലായ്മ ചെയ്യാൻ! അതിനാൽ ഇതിനുവേണ്ടിയാണ് അല്ലാഹു എന്നെ മാമൂറായി അയച്ചിട്ടുള്ളത്.

അവിടന്ന് തന്റെ നിയോഗത്തേയും ജമാഅത്തിന്റെ സ്ഥാപനോദ്ദേശ്യത്തേയും വിവരിച്ചുകൊണ്ട് പറയുന്നു: "നമ്മുടെ ജമാഅത്ത് സ്ഥാപിച്ചിട്ടുള്ളതുതന്നെ നബി(സ) തിരുമേനിയുടെ നുബുവ്വത്തിനെ ജീവിപ്പിക്കാനാണ്. മദീനത്തുന്നബിയിൽ പോകാറില്ല. എന്നാൽ, അജ്മീറിലും മറ്റു ദർഗാകളിലും തല നഗ്നരായും നഗ്നപാദരായും പോകുന്നു. പാക്പത്തന്റെ ജനലിലൂടെ കടക്കുന്നതുതന്നെ മോക്ഷത്തിന് മതിയായതാണെന്ന് മനസ്സിലാക്കുന്നു. ഈയാളുകളുടെ ഉറൂസുകളും മേളകളും കണ്ട് സത്യവാനായ മുസ്ലിമിന്റെ ഹൃദയം വിറച്ചുകൊള്ളുന്നു. ഇതെന്താണ് ഉണ്ടാക്കി വെച്ചിരിക്കുന്നത്? അല്ലാഹുവിന് ദീനിനോടു അഭിമാനം ഇല്ലായിരുന്നെങ്കിൽ അല്ലാഹുവിന്റെ വചനം *ഇന്നാ നഹ്നു നസ്സൽനദ്ദിക്റ വ ഇന്നാ ലഹൂ ല ഹാഫിളൂൻ* ഉണ്ടാകുമായിരുന്നില്ല. ഇസ്ലാമിന്റെ അവസ്ഥ ഇങ്ങനെയൊക്കെയായി എന്നതിൽ സംശയമില്ല. അത് മാഞ്ഞുപോകുമെന്നതിൽ ഒരു സന്ദേഹവുമുണ്ടായിരുന്നില്ല. എന്നാൽ, സംരക്ഷിക്കുമെന്നുള്ള വാഗ്ദാനത്തിന്റെ തേട്ടമായിരുന്നു, നബി(സ) തിരുമേനിയുടെ പ്രതിച്ഛായയെ ഇറക്കുക എന്നത്. പിന്നെ ഇക്കാലത്ത് നുബുവ്വത്തിനെ ജീവിപ്പിക്കുകയും ചെയ്യുക. അവൻ എന്നെ മാമൂറായി അയച്ചു." ഹുദൂർ പറഞ്ഞു: അതിനാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ തന്റെ പ്രിയതമന്റെ ദീനിനെ ലോകത്ത് യഥാർഥ അവസ്ഥയിൽ സ്ഥാപിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും വേണ്ടി അയച്ചു. ഭൗതികഭരണകൂടങ്ങൾ ഉണ്ടാക്കുന്ന വിലക്കുകൾകൊണ്ടും അസഭ്യമായ കാര്യങ്ങൾ ഊതിവീർപ്പിക്കുന്നതുകൊണ്ടും അതിനെ തടയാൻ സാധ്യമല്ല. ഞങ്ങൾ തന്നെയാണ് നബി(സ) തിരുമേനിയുടെ സേവകന്റെ അധ്യാപനമനുസരിച്ച് അദ്ദേഹത്തിന്റെ മിഷനെ മുന്നോട്ടുകൊണ്ടുപോയി 210 രാഷ്ട്രങ്ങളിൽ ഖാത്തമുന്നബിയ്യീന്റെ പതാക പറപ്പിച്ചിട്ടുള്ളത്.

ഹുദൂർ പറഞ്ഞു: ഇന്ന് എതിരാളികൾ പറയുന്ന കാര്യങ്ങൾ കാരണത്താൽ, ഓരോ അഹ്മദിയുടേയുംമേൽ മുമ്പത്തേക്കാൾ കൂടുതൽ ഉത്തരവാദിത്വം കൂടിയിരിക്കുകയാണ്. അവർ തങ്ങളുടെ വിശ്വാസപരവും കർമപരവുമായ അവസ്ഥയിൽ അല്ലാഹുവിന്റെ പക്കൽ അതിനെ ആർദ്രമാക്കിവെക്കുന്നതിന് ഒരു മാറ്റമുണ്ടാക്കുക. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞതുപോലെ ഭൗതികമായ എതിർപ്പുകൾക്ക് നമ്മെ ഒന്നും ചെയ്യാൻ സാധിക്കുകയില്ല. അർശിലെ അല്ലാഹുവുമായി നമുക്ക് സുദൃഢബന്ധമുണ്ടെങ്കിൽ എതിർപ്പുകൾ കാറ്റായിപ്പോകുകയും എതിരാളികൾ മുഖം കുത്തിവീഴുകയും വാഗ്ദാനങ്ങൾ പുലരുകയും ചെയ്യുന്ന ആ ദിനം വരാൻപോകുന്നു. അതിനുവേണ്ടി നാം നമ്മുടെ ഉള്ളിൽ പരിശുദ്ധമാറ്റം ഉണ്ടാക്കേണ്ടിവരും.

ഹുദൂർ അൻവർ തന്റെ ഉൾക്കാഴ്ചാഭരിതമായ പ്രഭാഷണത്തിന്റെ അവസാനം പറഞ്ഞു: അല്ലാഹു നമുക്ക് ഇക്കാര്യങ്ങളെല്ലാം അനുസരിച്ച് ജീവിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ഓരോ ദിവസവും നമ്മുടെ ചുവടുകൾ നന്മയിൽ ഉയരുന്നതാകട്ടെ. അല്ലാഹു എല്ലാ അഹ്മദികളേയും ശാന്തിയിലും സമാധാനത്തിലും വെക്കുമാറാകട്ടെ. ശത്രുവിന്റെ എല്ലാ ഗൂഢപദ്ധതികളും പരാജയപ്പെടുമാറാകട്ടെ. ജൽസ കഴിഞ്ഞാൽ പങ്കെടുത്ത എല്ലാവരേയും അല്ലാഹു സുഖകരമായനിലയിൽ വീടുകളിലെത്തിക്കുമാറാകട്ടെ. ഈ ജൽസയുടെ അനുഗ്രഹങ്ങളെ തങ്ങളുടെ ജീവിതത്തിന്റെ ഭാഗമാക്കുന്നവരാകട്ടെ. ആമീൻ.

ജൽസസാലാനയിൽ പങ്കെടുത്തവരുടെ എണ്ണം അറിയിച്ചുകൊണ്ട് ഹുദൂർ പറഞ്ഞു: 44 രാഷ്ട്രങ്ങളിൽനിന്ന് 20,048 ആളുകൾ പങ്കെടുത്തു. അല്ലാഹു പങ്കെടുത്ത എല്ലാവരുടേയും സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ഇവിടെ ലണ്ടനിൽ 5300 പേർ പങ്കെടുത്തു. അവസാനം ഹുദൂർ ദുആ ചെയ്തു. അതിനോടൊപ്പം അനുഗ്രഹപൂർണമായ ഈ മൂന്ന് ദിവസത്തെ ജൽസയ്ക്ക് സമാപനം കുറിച്ചു. (തുടരും)




Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin